# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P5/1910/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 28/11/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P5/1910/24 തീയ്യതി: 28/11/2024

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 22-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .നന്ദന എസ് പിള്ളെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2024 | 30-10-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2024 | 30-10-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത.ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.കെ.പ്രമോദ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഷിജു.എൽ.എൻ | സെക്രട്ടറി | 01-04-2023 | 03-08-2023 |
| ശ്രീ. സജിത് കുമാർ. ഇ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2023 | 17-10-2023 |
| ശ്രീ. നിഷാന്ത്.ആർ | സെക്രട്ടറി | 18-10-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജിത് കുമാർ. ഇ.പി | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.ഷെറിൻ റിഷാദ് | കൃഷി ഓഫീസർ | 01-04-2023 | 11-12-2023 |
| ശ്രീ.അമൽ. എസ്.ഡി | കൃഷി ഓഫീസർ | 12-12-2023 | 31-03-2024 |
| ഡോ.സഫല ഫാറൂഖ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീ.ശശികുമാർ.ആർ | അസി.എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീ.പ്രദീഷ് കുമാർ. പി.കെ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷഫ്ന.ഇ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജിഷ.ഒ.കെ | ഡയറി എക്റ്റൻഷൻ ഓഫീസർ | 01-04-2023 | 28-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ജസിത റഹ്മാൻ | ഡയറി എക്റ്റൻഷൻ ഓഫീസർ | 29-07-2023 | 31-03-2024 |
| ശ്രീമതി.രേഷ്മ. കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.ഷിജു.എ.എ | അസി. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.വിജിത.സി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷ നീക്കിയിരിപ്പും തൻവർഷ കണക്കുകളും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-5 |
| 7 | ചെക്ക് തുക നാളിതുവരെ ക്രഡിറ്റ് ആയില്ല. | 1-1-6 |
| 8 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല | 1-1-7 |
| 9 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- നീക്കിയിരിപ്പിൽ കൃത്യതയില്ല. | 1-1-8 |
| 10 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-9 |
| 11 | ചെലവഴിക്കാത്ത മുൻകൂർ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-10 |
| 12 | ലോൺ തിരിച്ചടവ്- കണക്കുകളിൽ കൃത്യതയില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 18 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല | 1-7 |
| 19 | "ലൈവ്സ്റ്റോക്ക് ഷെഡിന്" വ്യാവസായിക കെട്ടിടത്തിന്റെ നികുതി കണക്കാക്കി നൽകി | 1-8 |
| 20 | വി.വി.ദക്ഷിണാമൂർത്തി ഹാൾ/കല്യാണ മണ്ഡപത്തിന്റെ നടത്തിപ്പും ഫീസ് പിരിവ് അവകാശവും ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ | 1-9 |
| 21 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ | 1-10 |

| | | |
|---|---|---|
| 22 | സ്വന്തം താമസത്തിന് ഉപയോഗിക്കാത്ത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി | 1-11 |
| 23 | വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ | 1-12 |
| 24 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - നിരക്ക് നിശ്ചയിച്ചതിൽ അവ്യക്തത – എ.എം.സി രജിസ്റ്റർ പൂർണ്ണമല്ല | 1-13 |
| 25 | തെരുവ് വിളക്ക്/ മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ - ഒരേതരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത പ്രൊജക്ടുകൾ - ടെണ്ടറിൽ കൂട്ടിച്ചേർക്കൽ - മറ്റ് അപാകതകൾ | 1-14 |
| 26 | "ഗ്രാമകേന്ദ്രങ്ങളിൽ ആരോഗ്യ സേവനം : ഭിഷഗ്വര" - സർക്കാരിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ ജീവനക്കാരെ നിയമിച്ചതും മറ്റ് അപാകതകളും | 1-15 |
| 27 | എം.സി.എഫ് -ൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - എ.എം.സി.ക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല. | 1-16 |
| 28 | വനിതകൾക്ക് വെൽനസ്സ് സെന്റർ -പ്രവർത്തനം ആരംഭിച്ചില്ല | 1-17 |
| 29 | കളി സ്ഥലം വാങ്ങൽ - വസ്തു ആർജ്ജിക്കൽ ചട്ടം പാലിച്ചില്ല. | 1-18 |
| 30 | സി.ഡി.എസ് അക്കൗണ്ടിൽ വികസന ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നു - 7,11,687/- രൂപയുടെ നീക്കിയിരിപ്പ്. | 1-19 |
| 31 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 32 | കാർഷിക ഭൂമിയുടെ അളവിന് ആനുപാതികമായി വിത്തുകൾ നൽകിയില്ല. | 1-21 |
| 33 | KURDFC ലോൺ തിരിച്ചടവ് - എസ്ക്രോ അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതും മറ്റപാകതകളും | 1-22 |
| 34 | എം.സി.എഫ് കെട്ടിടത്തിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കിയില്ല - ഹരിതകർമ്മ സേനാംഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തിയില്ല | 1-23 |
| 35 | സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച തുക നൽകി. | 1-24 |
| 36 | വി.ഇ.ഒ യുടെ നിർവ്വഹണ ചുമതലയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പിലാക്കി | 1-25 |
| 37 | സാനിറ്ററി ഇൻസിനറേറ്റർ -പരിപാലനം ഉറപ്പു വരുത്തിയില്ല . | 1-26 |
| 38 | തൊഴിലുറപ്പ് പദ്ധതി- LMR നേക്കാൾ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നു. | 1-27 |

| | | |
|---|---|---|
| 39 | രേഖകൾ ലഭ്യമാക്കിയില്ല. | 1-28 |
| 40 | ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി നിർവ്വഹിച്ചു. | 1-29 |
| 41 | അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ ഉപയോഗിക്കുന്നു . | 1-30 |
| 42 | ആരോഗ്യ ഗ്രാന്റ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 43 | C.A.R ഇൻഷൂറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. | 1-32 |
| 44 | കരാർ ചമച്ചതിൽ അപാകത | 1-33 |
| 45 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - വാങ്ങലുകളിൽ നടപടിക്രമം പാലിച്ചില്ല. | 1-34 |
| 46 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു. | 1-35 |
| 47 | പട്ടികജാതി വിഭാഗത്തിന് അർഹമായ നിരക്കിൽ സബ്സിഡി നൽകിയില്ല. | 1-36 |
| 48 | കാർഷിക മേഖലയിലെ പദ്ധതികൾ- ആസൂത്രണത്തിലെ അപാകതകൾ | 1-37 |
| 49 | പഞ്ചായത്ത് വാഹനം അപകടത്തിൽപ്പെട്ടു- പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമില്ലാതെ റിപ്പയറിന് തുക ചെലവഴിച്ചു. | 1-38 |
| 50 | ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകത- പഞ്ചായത്ത് ഫണ്ടിന് കോടികൾ നഷ്ടപ്പെടുന്നു. | 1-39 |
| 51 | പെയിന്റിംഗിന് അധിക തുക വിനിയോഗിച്ചു. | 1-40 |
| 52 | ഇന്റർലോക്ക് പുനരുപയോഗിച്ചില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-41 |
| 53 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തന അവലോകനം | 1-42 |
| 54 | കാലഹരണപ്പെട്ട അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-43 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പെയിന്റിംഗിന് അധിക തുക വിനിയോഗിച്ചു. | 3-1 |
| 2 | ഇന്റർലോക്ക് പുനരുപയോഗിച്ചില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| 3 | തെരുവ് വിളക്ക്/ മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ - ടെണ്ടറിൽ കൂട്ടിച്ചേർക്കൽ -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല | 3-3 |
| 4 | വി.വി.ദക്ഷിണാമൂർത്തി ഹാൾ/കല്യാണ | 3-4 |

| | | |
|---|---|---|
| | മണ്ഡപത്തിന്റെ നടത്തിപ്പും ഫീസ് പിരിവ് അവകാശവും ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.24 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22.06.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത്രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ

വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ (2023-24) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

കോഴിക്കോട്

28-11-2024 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) നിഷ്കർഷിക്കുന്നവിധം അടിസ്ഥാന അനുപാതങ്ങൾ, വാർഷിക കണക്ക് സംബന്ധിച്ച കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,53,79,754/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,17,55,912/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തേണ്ടതാണ്. "110100101-Property Tax On Residential Building" എന്ന ശീർഷകത്തിലേയും "110100102-Property Tax On Non-Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2024 എന്ന തീയതിയിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

### 1-1-4 ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷ നീക്കിയിരിപ്പും തൻവർഷ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

ഡെപ്പോസിറ്റ് ഇനത്തിൽ 2022-23 ബാലൻസ് ഷീറ്റ് ബി.7 ഷെഡ്യൂളിലെ തുക + (2023-24 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) – (2023-24) വർഷത്തെ ചെലവ് RP-33 (ചെലവ് ഭാഗം) ചെയ്താൽ 2,05,31,108/- രൂപയാണ് നീക്കിയിരിപ്പായി ലഭിക്കേണ്ടത്. എന്നാൽ 2023-24 ബാലൻസ് ഷീറ്റ് ബി-7 ലെ നീക്കിയിരിപ്പ് 1,82,76,358/- രൂപയാണ്.

### 1-1-5 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിലൽ.

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് 10,000/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. ഇത് സംബന്ധിച്ച് ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

### 1-1-6 ചെക്ക് തുക നാളിതുവരെ ക്രഡിറ്റ് ആയില്ല.

പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ Cheque Deposited But Not Cleared ഇനത്തിൽ 31-03-2012 ൽ 7,165/-രൂപ കാണുന്നു. ചെക്ക് ലഭിച്ച് 11 വർഷത്തിന് ശേഷവും തുടർനടപടികൾ സ്വീകരിക്കാതെ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തി വരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വലിയ വീഴ്ചയാണ്.

### 1-1-7 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായതും പണമാക്കാത്തതുമായ ചുവടെ ചേർത്ത ചെക്കുകൾ നാളിതുവരെ സ്റ്റെയിൽ ചെക്ക് എന്ന ഹെഡിലേക്ക് കൊണ്ടുവന്നിട്ടില്ല.

സൗത്ത് ഇന്ത്യൻ ബാങ്ക് -(2102)

| വൗച്ചർ നം | വൗച്ചർ തീയതി | തുക |
|---|---|---|
| 22201526 | 31-03-2023 | 1,00,000 |
| 22300370 | 25-06-2023 | 1,000 |
| 22300477 | 21-07-2023 | 800 |
| 22300502 | 27-07-2023 | 390 |
| 22300511 | 01-08-2023 | 800 |
| 22300551 | 06-08-2023 | 1,228 |
| 22300602 | 14-08-2023 | 2,31,000 |
| 22300600 | 14-08-2023 | 250 |
| 22300626 | 22-08-2023 | 2,460 |
| 22300701 | 07-09-2023 | 13,395 |
| 22300703 | 08-09-2023 | 148 |
| 22300711 | 16-09-2023 | 700 |
| 22300789 | 13-10-2023 | 2,900 |
| 22300942 | 21-11-2023 | 400 |

പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക്-(തനത് ഫണ്ട്-4167)

| വൗച്ചർ നം | വൗച്ചർ തീയതി | തുക |
|---|---|---|
| 22300390 | 27-06-2023 | 6,240 |

| | | |
|---|---|---|
| 22201158 | 12-02-2023 | 1,438 |
| 22300073 | 19-04-2023 | 597 |

### 1-1-8 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- നീക്കിയിരിപ്പിൽ കൃത്യതയില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പ് എ.സി.ആർ പ്രകാരം ആകെ 22,32,916/- രൂപയാണ്. ബാലൻസ് ഷീറ്റ് (B-4) പ്രകാരമുള്ള നീക്കിയിരിപ്പ് 1,53,10,756/- രൂപയാണ്. എന്നാൽ സി.എഫ്.സി തുക നിക്ഷേപിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 77,86,666/- രൂപയാണ്. വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-9 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

ഇ–ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

### 1-1-10 ചെലവഴിക്കാത്ത മുൻകൂർ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

2023-24 വർഷം പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് മുൻകൂർ നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്ക് കണക്ഷൻ | 59/22.06.2023 | 3,06,900 | 0 | 3,06,900 |

മേൽ തുക ബാലൻസ് ഷീറ്റിൽ Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-11 ലോൺ തിരിച്ചടവ്- കണക്കുകളിൽ കൃത്യതയില്ല.

കാർഷിക വിപണന കേന്ദ്രം നിർമ്മാണത്തിനായി എടുത്ത വായ്പയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക 1,61,23,077/- രൂപയാണ്. 2023-24 വാർഷിക ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 1,27,40,700/- രൂപയാണ്. തൻവർഷ തിരിച്ചടവ് തുക കണക്കാക്കുമ്പോൾ ലഭിക്കുക 33,82,377/- (16123077-12740700) ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തിരിച്ചടവ് RP 31 പ്രകാരം 4,07,507/- രൂപയാണ്. ലോൺ തിരിച്ചടവിലുള്ള വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്. കൂടാതെ ഓരോ വർഷവും മുതൽ ഇനത്തിലും പലിശ ഇനത്തിലും അടക്കേണ്ട തുക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് KURDFC യിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതാണ്. അടക്കാൻ ബാക്കിയുള്ള മുതൽ തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പലിശ തുക ഉൾപ്പെടുത്തിയിട്ടില്ല. ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകതകൾക്ക് ഖണ്ഡിക 1-22 കൂടി കാണുക. വാർഷിക കണക്കുമായി

ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/03/2023 തിയ്യതിയിലെ 05(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 31/01/2024 തിയ്യതിയിലെ 2(1) -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക്

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 39,00,265 |
| വരവ് | 51,46,94,614 |
| ആകെ | 51,85,94,879 |
| ചെലവ് | 51,48,19,592 |
| നീക്കിയിരിപ്പ് | 37,75,287 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 3,59,44,833 |
| വരവ് | 9,52,53,805 |
| ആകെ | 13,11,98,638 |
| ചെലവ് | 6,98,74,051 |
| നീക്കിയിരിപ്പ് | 6,13,24,587 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26098000 | 26098000 | 20275794 | 5822206 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10717000 | 10717000 | 7344139 | 3372861 |
| മെയിന്റനൻസ്, | 0 | 17531350 | 17531350 | 4915067 | 12616283 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2532000 | 2532000 | 1682694 | 849306 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 4654312 | 4357978 | 9012290 | 3424086 | 5588204 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 8221014 | 3129500 | 11350514 | 1644498 | 9706016 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ (ടൈഡ്, അൺ ടൈഡ് എന്നിവയുടെ) നീക്കിയിരിപ്പ് B-4 ഷെഡ്യൂൾ പ്രകാരം ആകെ 1,53,10,756/- രൂപയാണ്. എന്നാൽ സി.എഫ്.സി തുക നിക്ഷേപിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരവും B-17 ഷെഡ്യൂൾ പ്രകാരവും നീക്കിയിരിപ്പ് 77,86,666/- രൂപയാണ്. 75,24,090/-രൂപയുടെ വ്യത്യാസം കാണുന്നു. കൂടാതെ ടൈഡ് ഗ്രാന്റിന്റെ എ.സി.ആർ പ്രകാരമുള്ള വരവ് 31,29,500/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് 31,35,836/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പിലാക്കിയവ (എണ്ണം) | ഭാഗികമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 249744738 | 66088174 | 128 | 45 | 113 | 53.11 % |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 30-10-2024, തീയതിയിൽ രാവിലെ 10.15 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,570/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-7 വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 19-05-2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ സഞ്ചയയിൽ നികുതി നിരക്ക് പരിഷ്കരിച്ചതിന് മുൻപ് (അതായത് 01-04-2023 മുതൽ സഞ്ചയയിൽ പുതിയ നികുതി നിരക്ക് സെറ്റ് ചെയ്യുന്നത് വരെ) നികുതി കണക്കാക്കിയ പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിലുള്ള നികുതി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 01-04-2023 ന് മുൻപ് നമ്പർ നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി സമയബന്ധിതമായി പരിഷ്കരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 31-05-2024 ലെ 7(1)/2024 നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കുന്നതിനായി കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിനും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുമായി സാങ്കേതിക യോഗ്യതയുള്ളവർക്കായി ഇന്റർവ്യൂ വിളിക്കുകയും 38 പേരെ സെലക്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു കെട്ടിടത്തിന്റെ സർവ്വെയ്ക്ക് നിശ്ചയിച്ചിട്ടുള്ള വേതന തുക കുറവായതിനാൽ ആകെ 6 പേർ മാത്രമാണ് കെട്ടിട പരിശോധന പ്രക്രിയയിൽ പങ്കെടുക്കുന്നതിന് സന്നദ്ധരായത്. ഈ ആറ് പേരെ ഉപയോഗപ്പെടുത്തി 6, 12, 13, 14, 15 എന്നീ 5 വാർഡുകളിലെ ആകെ 7124 കെട്ടിടങ്ങളുടെ സർവ്വെ പൂർത്തിയാക്കുകയും ഒരു കെട്ടിടത്തിന് 15/-രൂപ തോതിൽ വേതനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട പരിശോധനയുടെ ഡാറ്റാ എൻട്രി നടപടികൾ പൂർത്തിയാക്കുകയോ നികുതി പരിഷ്കരിച്ച് പുതുക്കിയ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 19 വാർഡുകളുള്ള പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ആകെ 5 വാർഡുകളിൽ ഒഴികെ മറ്റ് വാർഡുകളിലെ കെട്ടിടങ്ങളുടെ സർവ്വെ നടപടികൾ ഓഡിറ്റ് പിരീഡ് വരെ പൂർത്തിയായിട്ടില്ല. പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാകാത്തതിനാൽ നികുതി പരിഷ്കരണം കൊണ്ടുണ്ടാകേണ്ട തനത് വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ല. സമയബന്ധിതമായി നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യാത്തതിനാൽ നികുതിദായകർക്ക് കുടിശ്ശിക അടവാക്കേണ്ടി വരുമ്പോൾ വലിയ നികുതിഭാരം ഉണ്ടാകാനും ഇത് നികുതി പിരിവ് 100% ത്തിലേക്ക് എത്തിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതിനുമുള്ള സാധ്യത നിലനിൽക്കുന്നു. വസ്തുനികുതി പരിഷ്കരണ പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/23-24 തീ.30-11-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ പഞ്ചായത്തിന് വരുമാന വർദ്ധനയ്ക്കായി, നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതായിരിക്കെ ആയത് ഏർപ്പെടുത്തുന്നത് ഭരണസമിതി പരിഗണിച്ചിട്ടില്ല. അടിയന്തിരമായി ഫീൽഡ്തല പരിശോധനാ നടപടികൾ പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതും പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് 100% ഉറപ്പ് വരുത്തി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-8 "ലൈവ്സ്റ്റോക്ക് ഷെഡിന്" വ്യാവസായിക കെട്ടിടത്തിന്റെ നികുതി കണക്കാക്കി നൽകി

ശ്രീമതി. ലിൻഷ മനോജ് എന്നവർക്ക് അനുവദിച്ച 15-02-2022 ലെ BA-313/2021-22 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരമുള്ള 206.03 M2 ലൈവ്സ്റ്റോക്ക് ഷെഡിന്റെ ഒക്യുപ്പൻസിയ്ക്കായി സമർപ്പിച്ച അപേക്ഷയുടെ (SC-1/6821/23 Dtd 03-10-2023) അടിസ്ഥാനത്തിൽ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുകയും വസ്തുനികുതി കണക്കാക്കി "02/190-C" എന്ന കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ "ലൈവ്സ്റ്റോക്ക് ഷെഡ്" ആയ ഈ കെട്ടിടത്തെ "ഇതര വ്യാവസായിക" കെട്ടിടമായി കണ്ടാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. 19-05-2023 ലെ 2(1) നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമമായി വിജ്ഞാപനം ചെയ്ത പുതുക്കിയ വസ്തുനികുതി നിരക്ക് പ്രകാരം "ലൈവ് സ്റ്റോക്ക് ഷെഡിന്" ചതുരശ്ര മീറ്ററിന് 10/-രൂപയും "ഇതര വ്യാവസായിക" കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 60/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. തെറ്റായി നികുതി നിശ്ചയിച്ചത് മൂലം കെട്ടിട ഉടമയായ സംരംഭകയ്ക്ക് ചുവടെ കൊടുത്ത പ്രകാരം വലിയ തുക വസ്തു നികുതിയിനത്തിൽ അടവാക്കേണ്ടതായി വന്നു.

| കണക്കാക്കിയ വസ്തുനികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട വസ്തുനികുതി | അധികമായി കണക്കാക്കിയ തുക |
|---|---|---|
| മേഖല-ദ്വിതീയം-(10%ഇളവ്)<br>വഴി-5 മീറ്ററിൽ കൂടുതൽ (20% വർദ്ധനവ്)<br>വിസ്തീർണ്ണം-206.03 $M^2$<br>അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മീറ്ററിന്) = 60/-<br>നികുതി= 206.03X60=12361.8/-<br>ഇളവ് (10%) =1236.18/-<br>വർദ്ധനവ്(20%) =2472.36/-<br>ആകെ= =13598/-<br>ലൈബ്രറി സെസ്സ്(5%)=680/- | മേഖല-ദ്വിതീയം-(10%ഇളവ്)<br>വഴി-5മീറ്ററിൽ കൂടുതൽ (20% വർദ്ധനവ്)<br>വിസ്തീർണ്ണം-206.03 $M^2$<br>അടിസ്ഥാന വസ്തു നികുതി നിരക്ക്(ച.മീറ്ററിന്) = 10/-<br>നികുതി= 206.03X10=2060.3/-<br>ഇളവ് (10%) =206.03/-<br>വർദ്ധനവ്(20%) =412.06/-<br>ആകെ= =2267/-<br>ലൈബ്രറി സെസ്സ്(5%)=113/- | അധികമായി കണക്കാക്കിയ നികുതി= 13598-2267 = 11331/-<br>അധികമായി കണക്കാക്കിയ ലൈബ്രറി സെസ്സ് = 567/-<br>ആകെ - 11898/- |

കെട്ടിടത്തിന് 2023-24 രണ്ടാം അർദ്ധവർഷം മുതലാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ഇത് പ്രകാരം 2023-24 രണ്ടാം അർദ്ധവർഷത്തെ നികുതി 6,799/-രൂപയും ലൈബ്രറിസെസ്സ് 340/-രൂപയും ഈടാക്കിയിട്ടുണ്ട്. തെറ്റായി നികുതി കണക്കാക്കിയത് മൂലം പഞ്ചായത്തിൽ ക്ഷീര കർഷകയാവാനായി നിക്ഷേപം നടത്തിയ സംരംഭകയ്ക്ക് വർഷം തോറും 11,898/-രൂപ അധികമായി നികുതി അടവാക്കേണ്ടി വന്നു. നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിക്കാൻ ചുമതലപ്പെട്ട സെക്ഷൻ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/23-24 തീയതി-30-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും തെറ്റായി കണക്കാക്കിയ നികുതി പരിഷ്കരിച്ച് അധികമായി ഈടാക്കിയ നികുതി അടിയന്തിരമായി സംരംഭകയ്ക്ക് തിരിച്ച് നൽകേണ്ടതും, വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-9 വി.വി.ദക്ഷിണാമൂർത്തി ഹാൾ/കല്യാണ മണ്ഡപത്തിന്റെ നടത്തിപ്പും ഫീസ് പിരിവ് അവകാശവും ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വി.വി. ദക്ഷിണാമൂർത്തി ഹാൾ/കല്യാണ മണ്ഡപത്തിന്റെ 'നടത്തിപ്പും ഫീസ് പിരിവ് അവകാശവും' 2023-24 വർഷത്തേക്ക് ലേലം വിളിക്കുകയും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.പി.പി.രവീന്ദ്രൻ, പാർവ്വണം എന്നവർക്ക് ലേലത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വി.വി.ഡി ഹാൾ ലേലം നടത്തിയത് സംബന്ധിച്ചും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ചും ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) ലേല നിബന്ധന പ്രകാരവും ലേലക്കാരനുമായുണ്ടാക്കിയ കരാർ പ്രകാരവും ഹാളിന്റെ ഇലക്ട്രിസിറ്റി ബിൽ തുക അടക്കേണ്ടത് കരാറെടുത്ത ആളുടെ ഉത്തരവാദിത്തമാണ്. എന്നാൽ 06/2023 ലെ ഹാളിന്റെ ഇലക്ട്രിസിറ്റി ബിൽ തുകയായ 15,765/-രൂപ ഗ്രാമപഞ്ചായത്താണ് അടവാക്കിയിട്ടുള്ളത് (വൗച്ചർ നം-22300317 Dtd 17-06-2023). ഇത് ഹാൾ ലേലത്തിലെടുത്തവരിൽ നിന്നും ഓഡിറ്റ് കാലയളവ് വരെ ഈടാക്കിയിട്ടില്ല.

2) ലേല നിബന്ധന പ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ ലേല സംഖ്യയുടെ പകുതി തുക അപ്പോൾ തന്നെ അടക്കേണ്ടതും ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി അടയ്ക്കേണ്ടതുമാണ്(ആദ്യ ഗഡു ജൂൺ 30ന് മുൻപും രണ്ടാം ഗഡു ഒക്ടോബർ 31 ന് മുൻപും അടക്കേണ്ടതാണ്). ജി.എസ്.ടി ഒഴികെ 46,30,000/- രൂപയ്ക്കാണ് വി.വി.ഡി ഹാൾ ലേലത്തിലെടുത്തത്. എന്നാൽ ലേലം കൊണ്ട വ്യക്തിയുമായുണ്ടാക്കിയ കരാർ പ്രകാരം, ലേല സംഖ്യയിലേക്ക് ഇതിനകം അടവാക്കിയതും കഴിച്ച് ബാക്കി തുക നികുതികൾ ഉൾപ്പെടെ രണ്ട് തുല്യ ഗഡുക്കളായി ആദ്യഗഡു 31-07-23 ന് മുൻപും രണ്ടാം ഗഡു 30-11-23 ന് മുൻപും അടവാക്കേണ്ടതാണ് എന്നും വീഴ്ച വരുത്തുന്നപക്ഷം 2% നിരക്കിൽ പലിശ ഈടാക്കുന്നതാണ് എന്നും പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ നാല് ഗഡുക്കളായാണ് ലേലതുക ടിയാൻ അടവാക്കിയിരിക്കുന്നത്. മൂന്നാം ഗഡുവും നാലാം ഗഡുവും യഥാക്രമം 18/01/2024 ലും 29-02-2024 ലും ആണ് ലേലം കൊണ്ടയാൾ അടവാക്കിയിരിക്കുന്നതെങ്കിലും കരാർ പ്രകാരമുള്ള 2% പിഴ പഞ്ചായത്ത് ഈടാക്കിയിട്ടില്ല.

3) കരാർ പ്രകാരം ഹാളിലെ പാത്രങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ, ഗ്രൈന്റർ, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ സാധന സാമഗ്രികളുടെയും ലിസ്റ്റ് തയ്യാറാക്കി രജിസ്റ്ററിൽ ചേർത്ത് പകർപ്പ് ഒന്നാം കക്ഷിക്ക് രണ്ടാം കക്ഷി 31-03-24 ന് കൈമാറേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഇപ്രകാരം കൈമാറിയ രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഹാളിലേക്ക് നാളിതുവരെ പഞ്ചായത്ത് വാങ്ങിയ സാധനസാമഗ്രികളുടെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലേല കാലാവധി അവസാനിച്ച 31-03-2024 ന് സാധനസാമഗ്രികൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങളും പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ തന്നെ ഹാൾ കൈമാറിയപ്പോൾ ഹാളിൽ ഉണ്ടായിരുന്ന മുഴുവൻ സാധനങ്ങളും തിരികെ ഏൽപ്പിച്ചിട്ടുണ്ടോ എന്നും നഷ്ടപ്പെട്ടവയുടെ വില ഈടാക്കിയിട്ടുണ്ടോ എന്നും ഉറപ്പാക്കാനായിട്ടില്ല.

4) ഹാളിലെ പരിപാടികൾക്ക് ഗ്രാമപഞ്ചായത്ത് തീരുമാനിച്ച് അംഗീകരിച്ച നിരക്കിൽ അധികരിച്ച ഫീസ് ഈടാക്കാൻ പാടില്ലാത്തതാണ് എന്ന് കരാറിൽ പറയുന്നു. എ.സി ആവശ്യാർത്ഥം ഡീസൽ തുക അല്ലെങ്കിൽ മണിക്കൂറിന് 25 ലിറ്റർ ഡീസൽ എന്ന നിരക്കിൽ ഡീസൽ കൈപ്പറ്റുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതാണ് എന്നും പറയുന്നു. എന്നാൽ അംഗീകരിച്ച നിരക്കുകൾ എത്ര എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കരാറെടുത്ത വ്യക്തി ഹാൾ വാടകയ്ക്ക് നൽകുന്ന നിരക്ക് എത്ര എന്നത് സംബന്ധിച്ച രേഖകളും ലഭ്യമല്ല. ഇതിനാൽ അംഗീകരിച്ച നിരക്കിലാണോ കരാറെടുത്ത വ്യക്തി ഹാൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ഓഡിറ്റോറിയത്തിലെ അജൈവ/ജൈവ മാലിന്യങ്ങൾ അതാത് സമയത്ത് നീക്കം ചെയ്ത് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്കരിക്കേണ്ട ചുമതല ലേലക്കാരനാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഹാളിലെ വേസ്റ്റ് ടാങ്ക് ക്ലീൻ ചെയ്ത വകയിൽ മെയ് 2023 ൽ 9,500/- രൂപയും ജൂലൈ 2023 ൽ 25,500/- രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

6) വി.വി.ദക്ഷിണാമൂർത്തി ടൗൺ ഹാൾ/കല്യാണ മണ്ഡപത്തിന്റെ കരട് ബൈലോ പഞ്ചായത്ത്

18-03-2020 ന് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവ് വരെ ഇതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/23-24 തീയതി-30-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല കരാറിന് വിരുദ്ധമായി പഞ്ചായത്ത് നൽകിയ ഇലക്ട്രിസിറ്റി ബിൽ തുകയായ 15,765/-രൂപ നിരാകരിക്കുന്നു. ഹാൾ ലേലത്തിലെടുത്ത ആളിൽ നിന്നും നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-10 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/23-24 തീ.30-10-24) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 157 വാടക മുറികൾ ഉണ്ട് എന്നും, ഇതിൽ 17 മുറികൾക്ക് കരാറില്ലാതെ വാടക അടവാക്കി വരുന്നു എന്നും, 28 മുറികൾ വാടകയ്ക്ക് എടുക്കപ്പെടാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ആകെയുള്ള വാടക മുറികളിൽ 28 എണ്ണം നിലവിൽ വാടകയ്ക്ക് എടുക്കപ്പെടാതെ ഒഴിഞ്ഞ് കിടക്കുകയാണ്. മുൻവർഷങ്ങളിലും തൻവർഷവും പല തവണ ഇവ പുനർലേലം നടത്തിയിട്ടും മുറികൾ ഒന്നും ലേലത്തിൽ പോയിട്ടില്ല. കെട്ടിടങ്ങൾ വർഷങ്ങളായി വാടകയ്ക്ക് പോയിട്ടില്ലെങ്കിലും ലേല നിബന്ധനകളിലും കെട്ടി വെക്കേണ്ട നിരതദ്രവ്യത്തിലും യാതൊരു മാറ്റവുമില്ലാതെയാണ് പുനർലേലം നടത്തി വരുന്നത്. 25,000/- രൂപയാണ് നിരതദ്രവ്യമായി വർഷങ്ങളായി ആവശ്യപ്പെടുന്നത്. കെട്ടിടങ്ങൾ വാടകയ്ക്ക് പോകാത്തത് സംബന്ധിച്ച് കാരണം കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും മുറികൾ ഒഴിഞ്ഞ് കിടക്കുന്നത് പരമാവധി ഒഴിവാക്കി വാടക വരുമാനം നഷ്ടപ്പെടുത്താതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളിൽ, വാടക അടവാക്കി വരുന്ന 129 മുറികളിൽ, 17 എണ്ണത്തിന് വിവിധ കാരണങ്ങളാൽ കരാറില്ലാതെയാണ് വാടക അടവാക്കി വരുന്നത്. എന്നാൽ ഈ മുറികൾക്ക് കരാർ വെക്കാത്തതിന്റെ വ്യക്തമായ കാരണം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്തിന്റെ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരം 3 മാസത്തെ വാടകയാണ് മുൻകൂറായി കെട്ടിവെക്കേണ്ടത്. എന്നാൽ ഓരോ വാടക മുറിയ്ക്കും എത്ര രൂപ ഡെപ്പോസിറ്റ് ആയി അടവാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ പ്രത്യേകം സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ 1941 രസീതുകളിലായി ഡെപ്പോസിറ്റുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം Rent Deposit ഇനത്തിൽ 1,32,63,009/-രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 1982 മുതലുള്ള ഡെപ്പോസിറ്റുകളും ഉൾപ്പെടുന്നതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുമുണ്ടാകാം. കൃത്യമായ കണക്കില്ലാത്തതിനാൽ നിലവിലെ കെട്ടിടങ്ങളുടെ ഡെപ്പോസിറ്റ് എത്രയാണ് എന്ന് കണ്ടെത്തി ബാക്കിയുള്ളവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/2023-24 തീയതി 30-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ലേലത്തിൽ പോകാത്ത മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വാടക കെട്ടിടങ്ങളുടെ ഡെപ്പോസിറ്റ് വിവരങ്ങൾ കൃത്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണ്ടെത്തി തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

## 1-11 സ്വന്തം താമസത്തിന് ഉപയോഗിക്കാത്ത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി

05-04-2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനപ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന റസിഡൻഷ്യൽ കെട്ടിടത്തിന് മാത്രമാണ് റസിഡൻഷ്യൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കാവുന്നത് എന്ന് കൃത്യമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ സ്വന്തം താമസത്തിന് ഉപയോഗിക്കാത്ത കെട്ടിടങ്ങളാണ്. ഈ കെട്ടിട ഉടമകൾക്ക് പഞ്ചായത്തിൽ മറ്റ് റസിഡൻഷ്യൽ കെട്ടിടം നിലവിലുള്ളതുമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം ക്വാർട്ടേഴ്സ് കെട്ടിടമായിട്ടാണ് ഇവ കാണിച്ചിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് പ്രകാരമാണ് നികുതി കണക്കാക്കേണ്ടിയിരുന്നത്. 'മറ്റ് പ്രത്യേക പാർപ്പിടാവശ്യ'ത്തിനുള്ള കെട്ടിടത്തിന്റെ പഞ്ചായത്ത് അംഗീകരിച്ച നികുതി നിരക്ക് 300 $M^2$ വരെയുള്ളവയ്ക്ക് 55/- രൂപയും 300 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 70/-രൂപയുമാണ്. എന്നാൽ ചുവടെ കൊടുത്ത കെട്ടിടങ്ങൾക്ക് ഒരാളുടെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന റസിഡൻഷ്യൽ കെട്ടിടത്തിന്റെ നികുതി നിരക്കായ ചതുരശ്ര മീറ്ററിന് 7/-രൂപ നിരക്കിൽ നികുതി ഈടാക്കിയതിനാൽ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | ഉടമ |
|---|---|
| 4/202 E, D | ശ്രീദേവി |
| 13/474 A, B | ശാലിനി |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/23-24 തീയതി 30-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-12 വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ

പഞ്ചായത്തിൽ വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഹാജറ, സിൽസില മൻസിൽ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ 21-02-2023 ലെ ക്രമവൽക്കരണ അപേക്ഷ പ്രകാരം കെട്ടിടത്തിന് നികുതി കണക്കാക്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 13/192 നമ്പർ കെട്ടിടത്തിന്റെ നികുതി പരിഷ്കരിക്കുകയാണ് ചെയ്തത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 228.15 $M^2$ വാണിജ്യ കെട്ടിടവും, 160.84 $M^2$ വ്യവസായ കെട്ടിടവും ഉൾപ്പെടെ പ്രസ്തുത കെട്ടിടം ആകെ 388.99 $M^2$ ആണുള്ളത്. എന്നാൽ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ കെട്ടിടം മുഴുവനായി വ്യവസായ കെട്ടിടമായി കണക്കാക്കിയാണ് നികുതി കണക്കാക്കിയത്. അതായത് പഞ്ചായത്ത് അംഗീകരിച്ച നിരക്ക് പ്രകാരം 228.15 $M^2$ ന് 70/-രൂപയ്ക്ക് പകരം 40/-രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്.

2) ശ്രീമതി സുജാത അമ്മ എന്നവരുടെ 15-03-23 ലെ വാണിജ്യ കെട്ടിടത്തിന്റെ ഒക്യുപ്പൻസി അപേക്ഷ പ്രകാരം നിലവിലെ വാണിജ്യ കെട്ടിടത്തിന്റെ രണ്ടാം നില ക്രമവൽക്കരിക്കാനായാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയിലെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം ആകെ 571.16 $M^2$ വിസ്തീർണ്ണമുണ്ട് (എക്സിസ്റ്റിംഗ് ഉൾപ്പെടെ). ഇതിൽ എക്സിസ്റ്റിംഗ് ആയി കാണിച്ചിരിക്കുന്നത് 366.51 $M^2$ ആണ്. ബാക്കി 204.65 $M^2$ ആണ് നമ്പറിടാനായുള്ള കംപ്ലീറ്റഡ് ഏരിയ. എന്നാൽ സഞ്ചയ

പരിശോധിച്ചതിൽ എക്സിസ്റ്റിംഗ് ഏരിയയ്ക്ക് നമ്പറിട്ടിട്ടുള്ളത് 12/141 A To K വരെയാണ് എന്ന് കാണുന്നു. ഇവയുടെ വിസ്തീർണ്ണം സഞ്ചയ പ്രകാരം ആകെ 260.59 $M^2$ ആണ്. അതായത് കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയയിൽ നികുതി കണക്കാക്കിയതിൽ 105.92 $M^2$ (366.51-260.59) ഏരിയയ്ക്ക് നികുതി കണക്കാക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/24 തീ.30-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് നികുതി പരിഷ്കരിക്കേണ്ടതും രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-13 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - നിരക്ക് നിശ്ചയിച്ചതിൽ അവ്യക്തത – എ.എം.സി രജിസ്റ്റർ പൂർണ്ണമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 8/24 |
| അടങ്കൽ തുക | 1,50,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് തുക,<br>ബിൽ സാങ്ഷൻ നമ്പർ,<br>തീയതി | 25,370/- , 285/15.01.24<br>1,14,578/- , 216/09.05.24 |

21 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കും രണ്ട് 5 KV യു.പി.എസ്, ഒരു 2 KV യു.പി.എസ് എന്നിവയ്ക്ക് വാർഷിക പരിപാലന കരാർ ഇനത്തിൽ തുക കൈമാറുന്നതാണ് പദ്ധതി. പ്രൊജക്ട് പ്രകാരമുള്ള 25,370/- രൂപ 2023-24 വർഷവും, 1,14,578/- രൂപ 2024-25 വർഷവും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 25,370/- രൂപ UPS എ.എം.സി. യ്ക്കായി ഇഗാടെക്ക് എന്ന സ്ഥാപനത്തിനും 1,14,578/- രൂപ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി. യ്ക്കായി കെൽട്രോണിന് അനുവദിച്ചതുമാണ്. ഫയൽ പരിശോധിച്ചതിൽ, 5 KV യു.പി.എസ്. എ.എം.സി.യ്ക്കായി മൂന്ന് ക്വട്ടേഷൻ ലഭിക്കുകയും കുറഞ്ഞ നിരക്കിൽ റേറ്റ് ക്വാട്ട് ചെയ്ത ഇഗാ ടെക്ക് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ (ഇൻവോയിസ് നമ്പർ INV-003480 തീയതി 04.01.24) പ്രകാരം രണ്ട് 5 KV യു.പി.എസിനും, ഒരു 2 KV യു.പി.എസിനും ആയി ജി.എസ്.ടി ഉൾപ്പെടെ 25,370/- രൂപ അനുവദിച്ചിട്ടുണ്ട്. 2 KV യു.പി.എസിനുള്ള നിരക്ക് ക്വാട്ട് ചെയ്യാതെ എന്തടിസ്ഥാനപ്പെടുത്തിയാണ് തുക നൽകിയത് എന്ന് വ്യക്തമല്ല. മാത്രമല്ല ഇതിനുള്ള നിരക്ക് ക്വാട്ട് ചെയ്യാതെ കുറഞ്ഞ നിരക്കിൽ സമർപ്പിച്ച സ്ഥാപനത്തെ തെരഞ്ഞെടുത്തതിലും അവ്യക്തതയുണ്ട്.

കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി രജിസ്റ്റർ പരിശോധിച്ചതിൽ, പർച്ചേസ് ചെയ്യുന്ന ഉപകരണങ്ങൾ അവ ലഭിച്ച ഇൻവോയിസ് നമ്പർ, തീയതി, വാറന്റി കാലാവധി, വാറന്റി കാലാവധിയ്ക്ക് ശേഷം എ.എം.സി. വെച്ചത് തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. രജിസ്റ്റർ പ്രകാരം ഉപയോഗശൂന്യമായതായി രേഖപ്പെടുത്തിയ ഉപകരണങ്ങൾ ഒന്നും ഇ-വേസ്റ്റിൽ ഉൾപ്പെടുത്തി തരംതിരിച്ച് സൂക്ഷിച്ചിട്ടുമില്ല. ഉദാഹരണത്തിന് രജിസ്റ്റർ പേജ് നമ്പർ 58, 64 എന്നിവയിൽ രേഖപ്പെടുത്തിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത തീയതി, വാറന്റി കാലാവധി തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18/23-24 തീയതി 30.10.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും എ.എം.സി രജിസ്റ്റർ കൃത്യത വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 25,370/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 തെരുവ് വിളക്ക്/ മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ - ഒരേതരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത

പ്രൊജക്ടുകൾ - ടെണ്ടറിൽ കൂട്ടിച്ചേർക്കൽ - മറ്റ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലും ടൗണുകളിലുമായി സ്ഥാപിച്ച വാറന്റി കാലാവധി കഴിഞ്ഞ തെരുവ് വിളക്കുകൾ, മിനിമാസ്റ്റ് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്യുന്നതിനായി ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പാക്കുന്നതിനാണ് 2023-24 വർഷം ചുവടെ ചേർത്ത പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I

| | |
|---|---|
| പ്രൊജക്ട് നമ്പർ | 12/24 (തെരുവ് വിളക്ക് റിപ്പയർ) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000/-(വികസന ഫണ്ട്) |
| ചെലവ് തുക, ബിൽ സാങ്ഷൻ നമ്പർ | 1,98,240/- , 94/31.07.23 |

II

| | |
|---|---|
| പ്രൊജക്ട് നമ്പർ | 255/24 (തെരുവ് വിളക്ക്, മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 4,00,000 (വികസന ഫണ്ട്) |
| ചെലവ് തുക, ബിൽ സാങ്ഷൻ നമ്പർ | 99,898/- 367/01.03.24<br>2,99,566/- 217/09.05.24 |

ഗ്രാമപഞ്ചായത്തിലെ 233 എൽ.ഇ.ഡി ബൾബുകൾ, 15 ലോമാസ്റ്റ് ലൈറ്റുകൾ എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ക്രമ നം. I പ്രകാരം വാറന്റി കാലാവധി കഴിഞ്ഞ 41 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ക്രമ നം. II ൽ 191 തെരുവ് വിളക്കുകളും 15 ലോമാസ്റ്റ് ലൈറ്റുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു വർഷത്തേക്കുള്ള ഒരേ രീതിയിലുള്ള സാധന സേവനങ്ങൾ സമാഹരിക്കുന്നത് ആ വർഷത്തെ മുഴുവൻ ആവശ്യങ്ങളും പരിഗണിച്ചായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി 2023-24 വർഷത്തെ തെരുവ് വിളക്ക് റിപ്പയറിനുള്ള പ്രവൃത്തി രണ്ട് പ്രൊജക്ടുകൾ രൂപീകരിച്ച് നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമല്ല.

2. ക്രമ നമ്പർ I പ്രകാരം, ലഭിച്ച രണ്ട് ടെണ്ടറുകളിൽ, നിലവിലുള്ള കേടായവ മാറ്റി 45 വാട്ട്സിലുള്ള LED ബൾബുകൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 4000 + GST എന്ന കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 42 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് 1,98,240/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ II അനുസരിച്ച് തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് രണ്ട് ടെണ്ടറുകൾ ലഭിച്ചതിൽ, നിലവിലുള്ള കേടായവ മാറ്റി 30 വാട്ട്സിലുള്ള LED ബൾബുകൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 830+ GST എന്ന നിരക്കിൽ 191 ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് 1,87,064/- രൂപയാണ് ചെലവ് വന്നത്. 2022-23 വർഷം 24 വാട്ട്സിലുള്ള ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിന് അംഗീകരിച്ച നിരക്ക് 690+GST ആണ്. മാത്രമല്ല 45 വാട്ട്സിലുള്ള LED ബൾബുകൾക്കുള്ള മാർക്കറ്റ് നിരക്ക് പരിശോധിക്കാതെയാണ് 42 ബൾബുകൾക്ക് 2,00,000/- രൂപ വകയിരുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചതും തുക ചെലവഴിച്ചതും. 5 ഇരട്ടിയോളം വർദ്ധനവിൽ വ്യത്യസ്ത പ്രൊജക്ടുകൾ രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

വാറന്റി കാലാവധി കഴിഞ്ഞ ബൾബുകൾ റിപ്പയർ ചെയ്ത് ഒരു വർഷത്തേയ്ക്ക് പരിപാലിക്കുന്നതിനാണ്

പ്രൊജക്റ്റ് ആവിഷ്കരിക്കേണ്ടതെങ്കിലും റിപ്പയർ ചെയ്യുന്നതിന് മാത്രമാണ് പ്രൊജക്റ്റ് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. ഓരോ വാർഡുകളിലും കേടായ/കത്താത്ത ബൾബുകളുടെ വിശദാംശം ഗ്രാമപഞ്ചായത്ത് കരാറുകാരന് ലഭ്യമാക്കേണ്ടതും ആയതിനനുസരിച്ചാണ് റിപ്പയർ പ്രവൃത്തി നടത്തേണ്ടതും. എന്നാൽ ഗ്രാമപഞ്ചായത്ത് ഇങ്ങനെ പ്രവർത്തിക്കാത്തവയുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇവിടെ കരാറുകാരൻ സ്വന്തം നിലയ്ക്കാണ് കേടായവ മാറ്റി സ്ഥാപിച്ചത്.

3. ക്രമ നം. II ലെ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ, പേരാമ്പ്ര, രാജ് എനർജി സൊല്യൂഷൻസ്, പയ്യോളി എന്നീ രണ്ടു സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തെരുവ് വിളക്ക് റിപ്പയർ | മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ |
|---|---|---|
| സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ, പേരാമ്പ്ര | 880 | 12,200+GST |
| രാജ് എനർജി സൊല്യൂഷൻസ് , പയ്യോളി | 830 | 12,000+GST |

ഫയൽ പരിശോധിച്ചതിൽ, രണ്ടു ടെണ്ടർ ഫോമുകളിലും ടെണ്ടറുകളിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ മഷിയിലും കൈയെഴുത്തിലും GST Extra എന്ന് പിന്നീട് എഴുതി ചേർത്തതായി കാണുന്നു. ടെണ്ടർ ഫോറം തുറക്കുന്ന ഉദ്യോഗസ്ഥൻ ടെണ്ടർ ഫോമിന്റെ അവസാന പേജ് തിയതിയോടു കൂടി സാക്ഷ്യപ്പെടുത്തേണ്ടതും ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് പ്രസ്തുത പേജിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുകയോ നിരക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടെണ്ടർഫോമിലെ തിരുത്തൽ സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

4. 15 ലോ മാസ്റ്റ് ലൈറ്റുകളും 233 എൽ.ഇ.ഡി തെരുവ് വിളക്കുകളും റിപ്പയർ ചെയ്ത വകയിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച വർഷം, സ്ഥാപിച്ച സ്ഥലം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ഇ- ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ എ.എം.സി വെച്ച മേൽ ലൈറ്റുകൾക്ക് Replacement Warranty, AMC എന്നിവ നിലവിലുണ്ടോ എന്ന് വ്യക്തമല്ല.

തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓരോ വർഷവും പുതിയതായി സ്ഥാപിച്ചിട്ടുള്ള ബൾബുകളുടെ എണ്ണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള വിവിധ ഇനത്തിലുള്ള (ഓർഡിനറി, സി.എഫ്.എൽ. ഓട്ടോമാറ്റിക്, ഫ്ലൂറസന്റ് ട്യൂബ്, എൽ.ഇ.ഡി) ലൈറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ തന്നെ വാറന്റി പിരീഡിലുള്ള ബൾബുകൾക്ക് ആണോ റിപ്പയറിന് തുക ചെലവഴിച്ചത് എന്ന് വ്യക്തമല്ല.

5. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശത്തിന് 3-3 ഖണ്ഡിക കാണുക.

1-15 "ഗ്രാമകേന്ദ്രങ്ങളിൽ ആരോഗ്യ സേവനം : ഭിഷഗ്വര" - സർക്കാരിൽ നിന്നും മുൻകൂർ

അനുമതിയില്ലാതെ ജീവനക്കാരെ നിയമിച്ചതും മറ്റ് അപാകതകളും

പ്രോജക്ട് : ഗ്രാമകേന്ദ്രങ്ങളിൽ ആരോഗ്യ സേവനം - ഭിഷഗ്വര

ചെലവ് : 785007/- (ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് " ഗ്രാമകേന്ദ്രങ്ങളിൽ ആരോഗ്യ സേവനം - ഭിഷഗ്വര". ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി ഇല്ലാത്തതിനാൽ ഗ്രാമകേന്ദ്രങ്ങളിൽ ആരോഗ്യ സേവനം നൽകുന്നതിനായി പഞ്ചായത്തിനു കീഴിലുള്ള 3 സബ്സെന്ററുകളിൽ ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെ ഉപയോഗപ്പെടുത്തി പരിശോധന നടത്താനാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രോജക്ട് പ്രകാരം താലൂക്ക് ആശുപത്രിക്കു കീഴിൽ ഉള്ള സബ്സെന്ററുകളിൽ വെച്ച് രോഗികളെ നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിനായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകുകയും മരുന്ന് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 410 | 21.03.24 | 399884 |
| 415 | 21.3.24 | 300000 |
| 524 | 26.3.24 | 85123 |
| ആകെ | | 785007 |

മേൽ ബില്ലുകൾ പ്രകാരമുള്ള തുക ചുവടെ ചേർക്കുന്ന ഇനങ്ങൾക്കാണ് ചെലവഴിച്ചത് .

| ഇനം | ചെലവഴിച്ച തുക |
|---|---|
| നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നു വാങ്ങിയതിന് | 399884 |
| K.M.C.L ൽ നിന്നും മരുന്നു വാങ്ങിയതിന് | 300000 |
| കരാർ ജീവനക്കാർക്ക് നൽകിയ വേതനം<br>ഡോ.അനഘ ചന്ദ്രൻ.സി.എം | 41000 |
| അനുശ്രീ.വി.സി, ഫാർമസിസ്റ്റ്<br>(600/രൂപ Per Day) | 18600 |
| ഗംഗരാജ് , ലാബ് ടെക്നീഷ്യൻ<br>(600/രൂപ Per Day) | 18600 |
| സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് | 6923 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. മേൽ പ്രകാരമുള്ള നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

II. പ്രോജക്ട് പ്രകാരം ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെയാണ് നിയമിക്കാൻ തീരുമാനിച്ചതെങ്കിലും ഇവരെ കൂടാതെ ഒരു ലാബ് ടെക്നീഷ്യനെ കൂടി നിയമിച്ചിട്ടുണ്ട്.

III. പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ " മൊബൈൽ മെഡിക്കൽ ക്ലിനിക് " എന്ന പദ്ധതി പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 7 പഞ്ചായത്തുകളിലെ വിവിധ ക്യാമ്പുകളിൽ വെച്ച് പരിശോധന നടത്തി മരുന്ന് വിതരണം ചെയ്യുന്നുണ്ട്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് ഒരു വാഹനം വാടകക്കെടുക്കുകയും ഡോക്ടറേയും, ഫാർമസിസ്റ്റിനേയും നഴ്സിനേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ക്ലിനിക് നടത്തുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ ക്യാമ്പിൽ മരുന്ന് വിതരണവും ഉണ്ട്.

പ്രസ്തുത പദ്ധതിക്കായി 2023-24 ൽ ഉദ്ദേശം 12 ലക്ഷത്തോളം രൂപയുടെ ചെലവു വന്നിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള എല്ലാ പഞ്ചായത്തിലും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ആവശ്യമായ മരുന്ന് വിതരണം നടക്കുന്നുണ്ടെന്നിരിക്കേ സർക്കാറിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പിലാക്കുക വഴി പദ്ധതിയിൽ ഇരട്ടിപ്പ് ഉണ്ടാകുന്നുണ്ട്.

IV. മേൽ പദ്ധതി പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മുതൽ ഉച്ചക്ക് 2 മണി വരെയാണ് സബ്സെന്ററുകളിൽ പരിശോധന നടത്തുന്നതെന്നിരിക്കേ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിലേക്കാണ് വേതനം നൽകിയത്. ഫാർമസിസ്റ്റ്, നഴ്സ് എന്നിവർക്ക് പ്രതിദിനം 600/- രൂപ നിരക്കിൽ 18,600/- രൂപയാണ് വേതനം അനുവദിച്ചത്. എന്നാൽ അവധി ദിനങ്ങളും ജീവനക്കാർ ഹാജരാകാത്തതുമായ ദിവസങ്ങൾ പരിഗണിക്കാതെ മുഴുവൻ വേതനവും അനുവദിക്കുന്നതായി കാണുന്നു.

V. ആദായനികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം കരാറിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം അനുവദിക്കുമ്പോൾ അവരിൽ നിന്നും ടി.ഡി.എസ് ആയി 10% IT ഈടാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർക്ക് പ്രതിമാസം 41,000/-രൂപ വേതനമായി അനുവദിച്ചിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 20/തീ 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകുന്നതോടൊപ്പം പ്രോജക്ടിൽ ഉൾപ്പെട്ട കരാർ നിയമനങ്ങൾക്ക് സർക്കാറിൽ നിന്നും അനുമതി ലഭ്യമാക്കി അറിയിക്കേണ്ടതാണ്. സർക്കാറിൽ നിന്നും അനുമതി ലഭ്യമാക്കാതെ അനുവദിച്ച കരാർ വേതനതുകയായ 78,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-16 എം.സി.എഫ് -ൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - എ.എം.സി.ക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 178/24 |
| അടങ്കൽ തുക | 1,60,000/- (വികസന ഫണ്ട്, ജനറൽ) |
| ചെലവ് തുക | 1,57,500/- (വികസന ഫണ്ട്, ജനറൽ) |
| ബിൽ സാങ്ഷൻ നമ്പർ, തിയതി | 445/31.03.24 |

ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിലേക്ക് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രൊപ്പോസൽ സ്വീകരിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനാണ് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 8 മീറ്ററിലുള്ള 150 W 4 എൽ.ഇ.ഡി ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് താത്പര്യപത്രം ക്ഷണിച്ചതിൽ, സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, KEL, ആർട്ട്കോ, KSIE, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,60,000/-രൂപയുടെ അടങ്കലിൽ രൂപീകരിച്ച ഈ പദ്ധതിയ്ക്കായി 1,57,500/- ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ലോ മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഇത്തരത്തിലുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ

ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടെണ്ടറിൽ 2 വർഷ വാറന്റിക്കുള്ള വ്യവസ്ഥ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയത് എന്ന് കാണുന്നു. ഫയലിൽ സ്ഥാപനം ലഭ്യമാക്കിയ വാറന്റി സർട്ടിഫിക്കറ്റിൽ, സ്ഥാപിച്ച തീയതി മുതൽ 3 വർഷത്തേയ്ക്ക് സാധനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനവുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ, ചെയ്ത മുഴുവൻ പ്രവൃത്തികൾക്കും സൈറ്റ് കൈമാറിയ തീയതി മുതൽ 3 വർഷ വാറന്റിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. (എഗ്രിമെന്റ് നമ്പർ 49/18.03.23, ക്രമ നമ്പർ 7) പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് പ്രകാരം സൈറ്റ് കൈമാറിയത് 16.03.23 നും പ്രവൃത്തി പൂർത്തിയായത് 31.03.23 നുമാണ്. ഇതിൽ തന്നെ വാറന്റി കാലയളവിൽ 15 ദിവസത്തെ വ്യത്യാസം വന്നു. മാത്രമല്ല ഉത്തരവ് പ്രകാരമുള്ള എ.എം.സി സംബന്ധിച്ച വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

2. ഗ്രാമപഞ്ചായത്തിൽ ഇതുവരെ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച സ്ഥലങ്ങൾ, സ്ഥാപിച്ച വർഷം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ നിലവിൽ ഉണ്ടെങ്കിൽ അങ്ങനെയുള്ളവയുടെ കണക്ഷൻ ഒഴിവാക്കേണ്ടതാണെങ്കിലും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച സ്ഥലത്തെ തെരുവ് വിളക്കുകളുടെ കണക്ഷൻ ഒഴിവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപനം ലഭ്യമാക്കിയ ബില്ലിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും ആകെ ബിൽ തുകയായ 1,57,500/- രൂപയിൽ 11,667/- രൂപ സെന്റേജ് ചാർജ് ആണ്. പി.എം.സി ആയി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് സെന്റേജ് ചാർജ് അനുവദനീയം. അങ്ങനെയെങ്കിൽ പ്രവൃത്തി മറ്റൊരു സ്ഥാപനത്തെ ഏൽപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്തുമായി ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതുമാണ്. എന്നാൽ അത്തരത്തിൽ കരാർ വെയ്ക്കുകയോ പ്രവൃത്തി നിർവ്വഹണത്തിനായി മറ്റൊരു സ്ഥാപനത്തെ തെരഞ്ഞെടുത്തതായോ ഫയൽ പ്രകാരം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/23-24 തിയതി 29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,57,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 വനിതകൾക്ക് വെൽനസ്സ് സെന്റർ -പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 169/23-24, വനിതകൾക്ക് വെൽനസ്സ് സെന്റർ |
| അടങ്കൽ | 180150/- (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 3500/- ബിൽ നം. 51/ തീയതി 19.06.2023<br>1608/- ബിൽ നം. 48/ തീയതി 19.06.2023<br>17010/- ബിൽ നം. 49/ തീയതി 19.06.2023<br>50000/- ബിൽ നം. 50/ തീയതി 19.06.2023<br>5499/-ബിൽ നം. 85/തീയതി 11.07.2023 |

| | |
|---|---|
| | 4999/- ബിൽ നം. 82/തീയതി 11.07.2023<br>2000/- ബിൽ നം. 83/ തീയതി 11.07.2023<br>1920/- ബിൽ നം. 115/ തീയതി 17.08.2023<br>21499/- ബിൽ നം. 120/ തീയതി 18.08.2023<br>5000/-ബിൽ നം. 140/ തീയതി 08.09.2023<br>2000/- ബിൽ നം. 144/ തീയതി 14.09.2023<br>2000/- ബിൽ നം. 179/ തീയതി 07.11.2023<br>11899/- ബിൽ നം. 178/ തീയതി 07.11.2023 |
| ആകെ : 1,28,934/- | |

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ വാർഷിക പദ്ധതിയിൽ വനിതകൾക്ക് വേണ്ടി വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി മേൽ പ്രൊജക്റ്റ് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്ത്രീകളുടെ ശാരീരികവും മാനസികവുമായ വികാസത്തിനും, ജീവിതശൈലീരോഗ നിയന്ത്രണ പരിപാടിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുമാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പേരാമ്പ്ര അങ്ങാടിയിൽ തന്നെയുള്ള കാർഷിക വിപണന കേന്ദ്രത്തിന്റെ മൂന്നാം നിലയിലാണ് വെൽനസ്സ് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും അവിടെ ഒരുക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുക്കാതെയാണ് മേൽ ബില്ലുകൾ പ്രകാരം വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണം | വില |
|---|---|---|
| 1 | Cosco Gym Ball - 85 Cm | 2,000 |
| 2 | Yoga Mat (10 Nos ) | 5,000 |
| 3 | Horse Rider | 21,499 |
| 4 | Dumbbells 5Kg (2 Nos ) | 1,920 |
| 5 | Gym Equipments | 4,999 |
| 6 | Twister | 5,499 |
| 7 | Weighing Scale | 2,000 |

| | | |
|---|---|---|
| 8 | Elliptical Cross Trainer | 50,000 |
| 9 | Aerobic Stepper | 3,500 |
| 10 | Mutly Hyper Extension | 17,010 |
| 11 | Fitness Push Up Bar | 1,608 |
| 12 | Aerofit Abdominal Bench | 11,899 |
| ആകെ | | 1,28,934 |

വനിതകൾക്ക് വെൽനസ്സ് സെൻ്റർ എന്ന പ്രൊജക്ടിന് മേൽ പട്ടിക പ്രകാരം 1,28,934/- രൂപയുടെ ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്. ഇവ കാർഷിക വിപണന കേന്ദ്രം കെട്ടിടത്തിൻ്റെ രണ്ടാം നിലയിലെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങളുടെ വാറണ്ടി കാലാവധി സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് വ്യക്തമായ ആസൂത്രണമില്ലാതെ വൻതുക ചെലവഴിച്ച് വെൽനസ്സ് സെൻ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നമ്പർ 22/23-24 തീ. 30.10.24). അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും വെൽനസ്സ് സെൻ്ററിൻ്റെ പ്രവർത്തനം ഉടനടി ആരംഭിക്കേണ്ടതുമാണ്. സെൻ്റർ പ്രവർത്തനം ആരംഭിക്കുന്നതു വരെ ചെലവു തുകയായ 1,28,934/- രൂപ തടസ്സത്തിൽ വെക്കുന്നു .

## 1-18 കളി സ്ഥലം വാങ്ങൽ - വസ്തു ആർജ്ജിക്കൽ ചട്ടം പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 3/24 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 23,00,000 (ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്) |
| ചെലവു തുക | ബിൽ സാങ്ഷൻ നമ്പർ |
| 15,36,732 | 386/12.03.24 |
| 1,70,748 | 390/14.03.24 |

| | |
|---|---|
| 3,62,520 | 401/19.03.24 |
| 2,29,360 | 523/26.03.24 |
| 22,99,360/- (ആകെ) | |

ഗ്രാമപഞ്ചായത്തിലെ വാർഡ് 17 ൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതാണ് പ്രൊജക്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി പത്രപ്പരസ്യം ചെയ്യുകയും ആയത് പ്രകാരം കൊയിലാണ്ടി താലൂക്കിൽ എരവട്ടൂർ വില്ലേജിൽ 142/60, 142/69, 142/65, 142/63, 142/66, 142/64 എന്നീ റീ സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന 27.171 Ares സ്ഥലം, എരവട്ടൂർ വില്ലേജ് ഓഫീസർ കണക്കാക്കിയ 88136/Ares എന്ന വിലയിലും 23.23% അധികരിച്ച് 1,08,608/Ares എന്ന നിരക്കിൽ 22,99,360/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 2005 വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ വില നിശ്ചയിക്കേണ്ടത് തഹസിൽദാരാണ്. 28.05.22 ലെ സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ നമ്പറിലുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭൂമി വാങ്ങുന്നത് 2005 ലെ മേൽ ചട്ടങ്ങൾ പാലിച്ചായിരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഫയലിനോടൊപ്പം ഹാജരാക്കിയ 27.01.24 ലെ 3/24 നമ്പർ വാല്യേഷൻ സർട്ടിഫിക്കറ്റ് എരവട്ടൂർ വില്ലേജ് ഓഫീസർ അനുവദിച്ചതാണ്.

2. 29.10.24 ന് ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതിൽ, പ്രസ്തുത സ്ഥലത്തേക്കുള്ള വഴി നിർമ്മിക്കുകയോ സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുകയോ സ്ഥലത്തിന്റെ അതിർത്തി വേർതിരിക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടു. കളിസ്ഥലത്തിന് പഞ്ചായത്തിന്റെ ബോർഡും സ്ഥാപിച്ചിട്ടില്ല.

3. മേൽ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/23-24 തിയതി 29.10.24) മറുപടിയായി, 5 വ്യക്തികളുടെ 5 ആധാരപ്രകാരമുള്ള ഭൂമിയാണ് വാങ്ങിയതെന്നും, ഓരോന്നിന്റെയും മതിപ്പ് വില 10,00,000/- രൂപയിൽ കുറവായതിനാലാണ് വില്ലേജ് ഓഫീസറിൽ നിന്നുള്ള വാല്യേഷൻ വാങ്ങിയത് എന്നും, ക്രമ നമ്പർ 2 പ്രകാരമുള്ള അപാകത അടുത്ത വാർഷിക പദ്ധതിയിൽ പ്രൊജക്ടുകൾ രൂപീകരിച്ച് പരിഹരിക്കുന്നതാണെന്നും, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായുമാണ് അറിയിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 സി.ഡി.എസ് അക്കൗണ്ടിൽ വികസന ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നു - 7,11,687/- രൂപയുടെ നീക്കിയിരിപ്പ്.

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ് - ന്റെ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ, സി.ഡി.എസ് ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള കേരള ഗ്രാമീൺ ബാങ്ക്, പേരാമ്പ്ര ബ്രാഞ്ചിലുള്ള 40203100115143 നമ്പർ അക്കൗണ്ടിൽ 7,11,687/- രൂപ 30.09.24 ന് നീക്കിയിരിപ്പുള്ളതായി കാണുന്നു. സി.ഡി.എസ് ചെയർപേഴ്സൺ, അക്കൗണ്ടന്റ് എന്നിവരുമായി സംസാരിച്ചതിൽ, 2006-07 വർഷം മുതൽ ജില്ലാപഞ്ചായത്തിൽ നിന്നും സ്ഥലം വാങ്ങൽ, വീട് നിർമ്മാണം എന്നീ പദ്ധതികൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ആയതിന്റെ പലിശയും ഉൾപ്പെടുന്ന തുകയാണ് ഇതെന്ന് അറിയിച്ചിട്ടുണ്ട്.

മാത്രമല്ല, 2023-24 വർഷം അസിസ്റ്റന്റ് സെക്രട്ടറി 135/24 നമ്പർ പ്രൊജക്ട് മുഖേന 2,00,000/- രൂപ (ബിൽ നമ്പർ 205/22.11.23) അഗതി ആശ്രയ പദ്ധതിയ്ക്കായി മേൽ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

ട്രഷറി ബിൽ തിയതി 22.11.23 ആണെങ്കിലും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ മേൽ തുക ക്രഡിറ്റായത് 02.02.24 ൽ ആണെന്ന് കാണുന്നു. 2,00,000/- രൂപയിൽ 2023-24 ൽ ചെലവായത് 73,956/- രൂപ മാത്രമാണ്. ശേഷിക്കുന്ന തുകയിൽ 22.06.24, 07.10.24 എന്നീ തീയതികളിൽ യഥാക്രമം 59,906/-, 62,106/- എന്നിങ്ങനെ തുകകൾ ഉൾപ്പെടെ ആകെ 1,96,022/- രൂപ ചെലവായിട്ടുണ്ട്. 3,978/- രൂപ ചെലവാകാതെ ഇപ്പോഴും ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, ചെലവഴിക്കാത്ത വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/23-24 തീയതി 28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട സർക്കാർ ഹെഡിൽ അടവാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് മറുപടി ലഭ്യമാക്കി ഹാജരാക്കേണ്ടതുമാണ്.

## 1-20 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

I. പ്രോജക്ട് നമ്പർ : 276/24

പ്രോജക്ട് : മുറ്റത്തെ കുഞ്ഞാട് (വനിത)

നിർവ്വഹണം : വെറ്ററിനറി സർജൻ

ചെലവ് : 18,000/- (വികസന ഫണ്ട് -പൊതു വിഭാഗം)

ബിൽ നമ്പർ : 1) 505, 25.3.24 – 6,000/-

: 2) 475, 24.03.24 – 12,000/-

പൊതുവിഭാഗത്തിൽപ്പെട്ട 19 വനിതാ ഗുണഭോക്താക്കൾക്ക് 6 മുതൽ 8 മാസം വരെ പ്രായമുള്ള പെണ്ണാടുകളെ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. ഒരു ആടിന്റെ വില പരമാവധി 6,000/-രൂപ കണക്കാക്കി 2 ആടുകളുടെ വിലയായ 12,000/- രൂപയുടെ 50% സബ്സിഡി ആടിനെ നൽകിയ ആളുകളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട് .

II. പ്രോജക്ട് നമ്പർ : 97/24

പ്രോജക്ട് – പോത്തുകുട്ടി വളർത്തൽ – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

നിർവ്വഹണം – വെറ്ററിനറി സർജൻ

ചെലവ് – 1,20,000/- (വികസന ഫണ്ട് – പൊതു വിഭാഗം- 60000

ജില്ലാ പഞ്ചായത്ത് വിഹിതം 60000)

മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു പോത്തിന് യൂണിറ്റ് കോസ്റ്റ് 16,000/-രൂപയാക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 4,000/-രൂപയും ജില്ലാപഞ്ചായത്ത് 4,000/- രൂപയും ഗുണഭോക്താക്കൾ 8,000/-രൂപയും വകയിരുത്തിയാണ് പദ്ധതി രൂപീകരിച്ചത്. പോത്തിന്റെ വിലയായ 16,000/- രൂപയുടെ 50% സബ്സിഡി തുകയായ 8,000/- രൂപ പോത്തിനെ വില്പന നടത്തിയ ആളുകളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട് .

മേൽ 2 പദ്ധതികളുടേയും നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തിഗതമായി പെണ്ണാടിനെ വിതരണം ചെയ്യുമ്പോൾ അനുവദിക്കാവുന്ന പരമാവധി സബ്സിഡി 50% ആയ 6,000/- രൂപയും, പോത്തുകുട്ടിയെ വിതരണം ചെയ്യുമ്പോൾ അനുവദിക്കാവുന്ന സബ്സിഡി 50% ആയ പരമാവധി 10,000/- രൂപയും ആണെന്നിരിക്കെ ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയോ ചെലവഴിച്ചതിന്റേയോ വിശദാംശം ലഭ്യമല്ല .

2. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ

കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുമുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടതെന്നുള്ളതും പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നുമുള്ള വ്യവസ്ഥകൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ടാണ് പോത്തിനെ/ആടിനെ വാങ്ങിയത് .

3. മേൽ രണ്ടു പദ്ധതിയിലും പോത്തിനെ/ആടിനെ വിതരണം ചെയ്തതിനുള്ള സബ്സിഡി കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ ഉണ്ട്. എന്നാൽ പ്രസ്തുത രശീതിയിൽ ഉരുവിന്റെ വില എത്രയെന്ന് വ്യക്തമാക്കുന്നില്ല .

4. "മുറ്റത്തെ കുഞ്ഞാട് -വനിത" എന്ന പദ്ധതിയിലെ ഗുണഭോക്താവായ 11 -ാം വാർഡിലെ കമല . പി വാങ്ങിയ ആടിനെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല .

5. പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പോത്തിനെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല .

| വാർഡ് | ഗുണഭോക്താവ് |
|---|---|
| 1 | സജിത.പി |
| 10 | സരോജിനി |

III. എ.ബി.സി സെന്റർ നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

പ്രോജക്റ്റ് നമ്പർ – 98

ചെലവ് – 25,000/-

ബിൽ നമ്പർ – 248/21.12.23 – 25,000/-

പേവിഷബാധ ഇല്ലാതാക്കുന്നതിനായി തെരുവു നായ്ക്കളെ വന്ധീകരിക്കുന്നതിന് വേണ്ടി അനിമൽ ബർത്ത് കൺട്രോൾ സെന്റർ നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഷെയർ നൽകുന്ന പദ്ധതിയാണിത്. മേൽ ബിൽ പ്രകാരം ജില്ലാ പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/23-24 തീ 29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അനിമൽ ബർത്ത് കൺട്രോൾ സെന്റർ നിർമ്മിക്കുന്നതിനായി നൽകിയ 25,000/- രൂപയുടെ ചെലവും മേൽ ചേർത്ത മറ്റ് 2 പദ്ധതികളിലായി ഗുണഭോക്തൃവിഹിതം പിരിക്കാതെ ചെലവഴിച്ച 1,38,000/-രൂപയുടെ ചെലവും തടസ്സത്തിൽ വെക്കുന്നു .

## 1-21 കാർഷിക ഭൂമിയുടെ അളവിന് ആനുപാതികമായി വിത്തുകൾ നൽകിയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ നിർവ്വഹിച്ച പദ്ധതികളുടെ ആസൂത്രണ/നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കമുകിൻ തൈ വിതരണം (പ്രൊ.നം-36/24), കുടുംബശ്രീ യൂണിറ്റുകൾക്ക് കൃഷിത്തോട്ടം (പ്രൊ.നം-277/24), കുടുംബശ്രീ യൂണിറ്റുകൾക്ക് വാഴക്കന്ന് (പ്രൊ.നം-278/24), കുടുംബശ്രീ യൂണിറ്റുകൾക്ക് ഇടവിള കിറ്റ് (പ്രൊ.നം-279/24) എന്നീ പദ്ധതികൾ പ്രകാരം വിത്തുകളും തൈകളും വിതരണം ചെയ്തിട്ടുള്ളത് കൃഷിഭൂമിക്ക് ആനുപാതികമായല്ല. ഗുണഭോക്താക്കളുടെ കൃഷിഭൂമിയുടെ അളവ് പരിഗണിക്കാതെ എല്ലാവർക്കും ഒരേ അളവിലാണ് വിത്തുകളും തൈകളും വിതരണം ചെയ്തിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഓരോ ഗുണഭോക്താവിനും നൽകിയ ആനുകൂല്യത്തിന്റെ അളവ് |
|---|---|
| കമുകിൻ തൈ വിതരണം (പ്രൊ.നം-36/24) | 12 എണ്ണം വീതം |
| കുടുംബശ്രീ യൂണിറ്റുകൾക്ക് കൃഷിത്തോട്ടം (പ്രൊ.നം-277/24) | ഓരോ കിറ്റ് വിത്തുകൾ വീതം |
| കുടുംബശ്രീ യൂണിറ്റുകൾക്ക് വാഴക്കന്ന് (പ്രൊ.നം-278/24) | 50 എണ്ണം വീതം |
| കുടുംബശ്രീ യൂണിറ്റുകൾക്ക് ഇടവിള കിറ്റ് (പ്രൊ.നം-279/24) | ഓരോ കിറ്റ് വീതം |

ഉദാ- കമുകിൻ തൈ വിതരണം (പ്രൊ.നം-36/24) എന്ന പദ്ധതി പ്രകാരം 7 സെന്റ് ഭൂമിയുള്ള ബഷീർ.എം. മുണ്ടയോട്ട് എന്ന കർഷകനും 2 ഏക്കർ ഭൂമിയുള്ള മിനി.എം. കണ്ണങ്കോട്ട് എന്ന കർഷകർക്കും 12 എണ്ണം കമുകിൻ തൈ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്.

28.05.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പട്ടികയിലെ ക്രമ നം 4 ൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. പദ്ധതി ആസൂത്രണം ചെയ്ത വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ലക്ഷ്യം വെയ്ക്കുന്ന കൃഷി വ്യാപനത്തിന് സഹായകമാവുന്ന തരത്തിലല്ല നിർവ്വഹണം നടത്തിയിട്ടുള്ളത്.

കൂടുതൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്കും വിത്തുകളും തൈകളും പരിമിതപ്പെടുത്തിയത് മൂലം കൃഷി വികസനം, ഉത്പാദന വർദ്ധനവ് എന്നീ ലക്ഷ്യങ്ങൾ ഭാഗികമായി കൈവരിക്കുന്നതിന് മാത്രമെ പദ്ധതി സഹായകമായുള്ളൂ. അപേക്ഷകരുടെ കൈവശമുള്ള കൃഷിഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ഇത് മൂലം സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ലെ നിർദ്ദേശങ്ങൾ അവഗണിച്ചതാണ് മേൽ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പദ്ധതി ആസൂത്രണ ഘട്ടത്തിൽ സർക്കാർ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പരിമിതമായ ഫണ്ട് മാത്രം ലഭ്യമായതിനാലാണ് ഭരണസമിതി എല്ലാവർക്കും ഒരേ അളവിൽ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചതെന്ന കൃഷി ഓഫീസറുടെ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

- എല്ലാവർക്കും വിത്തുകളും തൈകളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയല്ല പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. മറിച്ച് ലഭ്യമായ കാർഷിക ഭൂമി പരമാവധി പ്രയോജനപ്പെടുത്തി

കാർഷികോത്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കി ദാരിദ്ര്യ ലഘൂകരണം നടത്തുക എന്ന ലക്ഷ്യമാണ് പദ്ധതി പ്രകാരം മുന്നോട്ട് വയ്ക്കേണ്ടത്.

.28.05.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി ആസൂത്രണം ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. അനുമതിയില്ലാതെയാണ് വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനായി മേൽ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 KURDFC ലോൺ തിരിച്ചടവ് - എസ്ക്രോ അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതും മറ്റപാകതകളും

പ്രൊജക്ട് നമ്പർ - 20/24 (KURDFC ലോൺ തിരിച്ചടവ് )

ചെലവ് തുക - 50,63,811/- (തനതു ഫണ്ട്)

നിർവ്വഹണം – സെക്രട്ടറി

കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. കാർഷിക വിപണന കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.07.15 ലെ ജി.ഒ.(പി)2283/15/LSGD/D3 നമ്പർ ഉത്തരവ് പ്രകാരവും KURDFC യുടെ 31.03.15 കെ.യു.ആർ.ഡി.എഫ്.സി/ജി.പി/333/15 നമ്പർ ഉത്തരവ് പ്രകാരവും 5,00,00,000/- രൂപയുടെ (5 കോടി) വായ്പ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ഉത്തരവാകുകയും വിവിധ ഘട്ടങ്ങളിലായി 4,94,78,364/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി. യുടെ 17.06.23 ലെ KURDFC/GP/333/2015 നമ്പർ കത്ത് പ്രകാരം ആകെ 4,94,78,364/- രൂപ അനുവദിച്ചതിൽ, 31.03.23 വരെ 3,33,55,287/- രൂപ തിരിച്ചടച്ചതായും, 2023-24 സാമ്പത്തിക വർഷത്തെ ആദ്യ പാദവർഷ ഡിമാന്റ് പ്രകാരം 30.06.23 ന് മുതലും പലിശയും ചേർത്ത് ആകെ 21,84,342/- രൂപ തിരിച്ചടക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. കെ.യു.ആർ.ഡി.എഫ്.സി നിർദ്ദേശിച്ചതനുസരിച്ച് മേൽ പ്രൊജക്ട് പ്രകാരം 21,84,342/- രൂപ പഞ്ചായത്ത് വർഷാരംഭത്തിൽ തിരിച്ചടച്ചിട്ടുണ്ട്. ആയതനുസരിച്ച് 30.06.23 ൽ 21,84,342/- രൂപ തിരിച്ചടവ് നടത്തി കഴിയുമ്പോൾ 01.07.23 ന് മുതൽ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 1,43,55,987/- രൂപയായിരിക്കും എന്ന് കത്തിൽ സൂചിപ്പിക്കുകയും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരവും ഇത് 1,43,55,987/- രൂപയാണെന്ന് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

കെ.യു.ആർ.ഡി.എഫ്.സി. യുടെ മേൽ കത്തിൽ, 01.07.23 മുതലുള്ള പുതിയ വായ്പ നയപ്രകാരം ബാക്കി നിൽക്കുന്ന തുക മുതൽ, പലിശ സഹിതം തുല്യഗഡുക്കളായി പ്രതിമാസം 3,19,941/- രൂപ തോതിൽ അടവാക്കേണ്ടതാണ് എന്നും വായ്പാ തിരിച്ചടവ് കാലാവധി മാർച്ച് 2028 ന് അവസാനിക്കുന്നതാണ് എന്നും പരാമർശിക്കുന്നുണ്ട്. എന്നാൽ 2023-24 വർഷത്തെ തുടർന്നുള്ള തവണകൾ അടവാക്കിയതിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 30.06.23 ന് 21,84,342/- രൂപ തിരിച്ചടവ് നടത്തിയതിന് ശേഷം അവശേഷിക്കുന്ന തുക 1,43,55,987/- രൂപയാണ്. (ഗ്രാമപഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരവും കെ.യു.ആർ.ഡി.എഫ്.സി യുടെ കത്ത് പ്രകാരവും.) തുടർന്ന് 7/23 മുതൽ 03/24 വരെ 9 തവണകളായി 3,19,941/- രൂപ വീതം ആകെ 28,79,469/- രൂപ (മുതൽ 1825294/-, പലിശ 1054175/-) മേൽ പ്രൊജക്ട് പ്രകാരം ലോൺ തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്. ആകെ 9 തവണകൾ അടവാക്കിയിട്ടുണ്ടെങ്കിലും ലോൺ രജിസ്റ്ററിൽ 8 തവണകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെ.യു.ആർ.ഡി.എഫ്.സി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്

പ്രകാരം 31.03.2024 ന് തിരിച്ചടക്കാനവശേഷിക്കുന്ന ലോൺ തുക 1,27,39,000/- രൂപയാണ്. എന്നാൽ രജിസ്റ്ററിലും വാർഷിക കണക്കിലും 1,27,40,700/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1,700/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2. കെ.യു.ആർ.ഡി.എഫ്.സി യുടെ സൂചന കത്തിൽ, കാർഷിക വിപണന കേന്ദ്രം കെട്ടിട നിർമ്മാണം നിലവിൽ പൂർത്തീകരിച്ച സാഹചര്യത്തിൽ, ഇതിൽ നിന്നുള്ള വരുമാനം എസ്ക്രോ കരാറിൽ ഏർപ്പെട്ട് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും 3 പ്രതിമാസ വായ്പാ തിരിച്ചടവിനുള്ള തുക ഈ അക്കൗണ്ടിൽ നിലനിർത്തേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാർഷിക വിപണന കേന്ദ്രം എന്ന പേരിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സുകളിൽ നിന്നുള്ള ലൈസൻസ് ഫീസ് നിലവിലും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും എസ്ക്രോ കരാറിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണെന്നും ലോൺ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ കൃത്യത പരിശോധിച്ച് ആയതിനും മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 6/23-24 തിയതി 28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്ക്രോ അക്കൗണ്ട് ആരംഭിക്കേണ്ടതും ഈയിനത്തിലുള്ള വരവ് ടി അക്കൗണ്ടിൽ നിക്ഷേപിച്ച് അറിയിക്കേണ്ടതും ലോൺ തിരിച്ചടവിലേയും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെയും കൃത്യത പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-23 എം.സി.എഫ് കെട്ടിടത്തിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കിയില്ല - ഹരിതകർമ്മ സേനാംഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് കത്തി നശിച്ചിട്ട് ഒന്നര വർഷമായിട്ടും പുതിയ എം.സി.എഫിന്റെ നിർമ്മാണം ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. സൗകര്യം തീരെയില്ലാത്ത പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. എന്നാൽ മാലിന്യങ്ങൾ തരം തിരിക്കുന്നതിനോ, കയറ്റി അയക്കുന്നതിനോ പര്യാപ്തമായ സ്ഥലസൗകര്യം ഈ കെട്ടിടത്തിൽ ഇല്ല. 29.10.24 ന് പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ, മാലിന്യം കെട്ടിടത്തിനകത്തും പുറമേ റോഡിലും കുമിഞ്ഞുകൂടിയ അവസ്ഥയിലാണുള്ളത് എന്ന് കണ്ടു. വായു സഞ്ചാരം തീരെ ഇല്ലാത്ത നന്നേ ഇടുങ്ങിയ കെട്ടിടത്തിൽ മാലിന്യ കൂമ്പാരങ്ങൾക്കു നടുവിൽ നിന്നു തിരിയാൻ പോലും കഴിയാത്ത ഇടത്തിൽ വൃത്തിഹീനമായ സാഹചര്യത്തിലാണ് ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യം വേർതിരിക്കുന്നത്. തങ്ങളുടെ ജീവന് വരെ ഭീഷണി നിലനിൽക്കുന്ന കെട്ടിടത്തിൽ നിന്നുകൊണ്ടാണ് ഹരിതകർമ്മസേനാംഗങ്ങൾ ജോലി ചെയ്യുന്നത്. ശുചിമുറി, വെള്ളം, കറണ്ട് കണക്ഷൻ, അടച്ചുറപ്പ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ പ്രസ്തുത കെട്ടിടത്തിലില്ല.

മാലിന്യ സംസ്കരണ മേഖലയിൽ 100 % നേട്ടം കൈവരിക്കുന്നതിനായി 'മാലിന്യ മുക്ത നവകേരളം' എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗാർഹിക / സ്ഥാപനതല മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥയും കുറവും പരിശോധനയ്ക്ക് വിധേയമാക്കാനും, ഇതിലൂടെ കണ്ടെത്തുന്ന കുറവുകൾ പരിഹരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പൊതു മാലിന്യസംസ്കരണ ശേഖരണ സംവിധാനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനും തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 06.5.23 ലെ സ.ഉ.(സാധാ)നം.989/2023/LSGD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം അജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടായിരിക്കേണ്ട MCF സംവിധാനം ഇനിയും നിർമ്മിച്ചിട്ടില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രോജക്ടുകൾ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 13.06.2023 ന് രാത്രിയുണ്ടായ തീപ്പിടുത്തത്തിൽ നശിച്ച പേരാമ്പ്ര ഗ്രാമപഞ്ചായത്ത് എം.സി.എഫിന്റെ പുനർ നിർമ്മാണം തീപ്പിടുത്തത്തിനുശേഷം ഒന്നര വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ ലക്ഷ്യം വെച്ച് പാഴ്വസ്തു ശേഖരണത്തിനായി ഇത്ര

ദുരിതപൂർണ്ണമായ സാഹചര്യത്തിലും പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾ, അവർ നിർബന്ധമായും ഉപയോഗിക്കേണ്ട സുരക്ഷാ ഉപകരണങ്ങളായ മാസ്ക്, ഗ്ലൗസ് എന്നിവയും ഉപയോഗിക്കുന്നില്ല. ഈ വർഷം സേനാംഗങ്ങൾക്ക് ഒരു യൂണിഫോം നൽകിയിട്ടുണ്ടെങ്കിലും ആയത് ഇപ്പോൾ ഉപയോഗക്ഷമമല്ല. എം.സി.എഫ് നിർമ്മാണം പൂർത്തീകരിക്കാത്തതിനും സേനാംഗങ്ങൾക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകാത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/23-24 തി 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സേനാംഗങ്ങൾക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന്റേയും എം.സി.എഫ് നിർമ്മാണം പൂർത്തീകരിച്ചതിന്റേയും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച തുക നൽകി.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും മെറ്റീരിയലുകൾ വാങ്ങി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും പ്രത്യേകമായാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്. 2023-24 മെറ്റീരിയലിന്റെ തുക അനുവദിച്ച 14 പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിലാണ് സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. സിമന്റിന് എസ്റ്റിമേറ്റ് നിരക്കായ 576/- രൂപ നിരക്കിലാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത്, 08.07.2022 ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടിക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430/- രൂപയാണെന്നും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307/- രൂപയാണ്. അതായത് ബാഗിന് 465/- രൂപ മാത്രം. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 576/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുള്ളത്. 2023-24 വർഷത്തിൽ തുക അനുവദിച്ച 14 പ്രവൃത്തികൾക്കായി 168.46 ടൺ സിമന്റാണ് (3369 ബാഗ്) ഉപയോഗിച്ചിട്ടുള്ളത്. സിമന്റ് വിലയിനത്തിൽ കരാറുകാർക്ക് 19,40,659/- രൂപ അനുവദിച്ചിട്ടുണ്ട്. പരമാവധി LMR നിരക്കായ 465/- രൂപ പരിഗണിച്ചാൽ പോലും 15,66,585/- രൂപ മാത്രമെ ചെലവ് വരികയുള്ളൂ. 14 പ്രവൃത്തികൾക്ക് മാത്രമായി 3,74,074/- രൂപയാണ് കരാറുകാർക്ക് അധികമായി അനുവദിച്ചിട്ടുള്ളത്.

തച്ചറത്ത് കണ്ടി അങ്കണവാടി മുതൽ കരിമ്പനകണ്ടി താഴെ വരെ റോഡ് നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ ബിൽ സമർപ്പിക്കുകയും 576/- രൂപ നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ്, എം.ആർ.പി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമക്കുന്ന കാലയളവിൽ സൂചനാ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തിയില്ല എന്ന വീഴ്ചക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 വി.ഇ.ഒ യുടെ നിർവ്വഹണ ചുമതലയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം. – 248/23-24.

അടങ്കൽ - 14000

ബിൽ നം. /തുക - 535/27.3.24 – 10720/-

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്ന മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ മെൻസ്ട്രുവൽ കപ്പ് വാങ്ങി വിതരണം ചെയ്യുകയാണ് മേൽ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയത്.

ഗുണഭോക്തൃലിസ്റ്റും മെൻസ്ട്രുവൽ കപ്പ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ വിശദാംശങ്ങളും ഫയലിൽ ഉണ്ട്. 19.4.22 ലെ സ.ഉ.(കൈ) 84/22 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക ഖണ്ഡിക 3.5.1 ൽ (2) പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഉപപദ്ധതി (എസ്.സി.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയിലെ ഭവനനിർമ്മാണം, വീട് പുനരുദ്ധാരണം, ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ, നിർമ്മാണ പ്രവൃത്തികളും യന്ത്രസാമഗ്രികൾ സ്ഥാപിക്കലും ഒഴികെയുള്ള ശുചിത്വ – മാലിന്യ സംസ്കരണ പ്രൊജക്ടുകളുടെ നിർവ്വഹണചുമതലയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കുള്ളത്.

28.5.22 ലെ 115/22 ലെ ഖ 7.6.8 പ്രകാരം ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിന്റെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണമെന്നിരിക്കേ ഈ പ്രോജക്ട് വി.ഇ.ഒ നിർവ്വഹണം നടത്താൻ ചുമതലപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് .

## 1-26 സാനിറ്ററി ഇൻസിനറേറ്റർ -പരിപാലനം ഉറപ്പു വരുത്തിയില്ല .

പ്രോജക്ട് നമ്പർ :: 239

പ്രോജക്ട് :: സാനിറ്ററി ഇൻസിനറേറ്റർ

വകയിരുത്തിയത് :: 50,000/-

ചെലവ് :: 48,850/- (ഫണ്ട് തനതുഫണ്ട് )

ബിൽ നമ്പർ :: 1) 542/27.3.24 – 1000/-

:: 2) 423/23.3.24 – 9000/-

:: 3) 399/19.3.24 - 38850/-

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ സ്ത്രീകളായിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനായാണ് പഞ്ചായത്തിൽ ഇൻസിനറേറ്റർ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയത്.

പദ്ധതി ടെണ്ടർ ചെയ്തതിൽ കുറവ് തുക ക്വാട്ട് ചെയ്ത റെയ്ഡ്കോ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി 6.12.23 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 16.3.24 ലെ PBA/730/23-24 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ 48,850/-രൂപയുടെ ഇൻസിനറേറ്റർ പഞ്ചായത്ത് ഓഫീസിലെ ടോയ്‌ലറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് റെയ്ഡ്കോയുമായി ചമച്ച കരാറിൽ മെഷീൻ എത്തിക്കുന്നതിന്റേയും തുക അനുവദിക്കുന്നതിന്റേയും സമയപരിധിയെക്കുറിച്ച് മാത്രമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. വാറണ്ടി കാലയളവിനെക്കുറിച്ചുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. മെഷീനിന്റെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പഞ്ചായത്തിലെ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ടാക്സ് ഇൻവോയ്സ് പരിശോധിച്ചതിൽ NDI 50 NAPKIN INCINERATOR (PER DAY CAPACITY 500 T0 600) ELECTRICAL MODEL POLLUTION CERTIFIED ആണ് വാങ്ങിയതെന്ന് കാണുന്നു. ഇത് ഗ്രാമപഞ്ചായത്തിലെ ഉപയോഗത്തിന് പര്യാപ്തമാണോ എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ രേഖയും ഫയലിൽ ഇല്ല. അപാകതക്ക് വിശദീകരണം

ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/23-24 തി 29.10.24) ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.ഡി.എസ് ഓഫീസിലെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ അല്ലെങ്കിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന സ്റ്റാഫിനെ ചുമതലപ്പെടുത്തി ഇൻസിനറേറ്ററിന്റെ സുരക്ഷിതമായ ഉപയോഗം ഉറപ്പു വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ മുൻമാസങ്ങളിലെ ഉപയോഗത്തിൽ നിന്നും മെഷീൻ ഗ്രാമപഞ്ചായത്തിലെ ഉപയോഗത്തിന് പര്യാപ്തമാണ് എന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം മെഷിനറികൾ വാങ്ങുമ്പോൾ ആയത് ആവശ്യത്തിന് പര്യാപ്തമാണോ എന്ന് ഉറപ്പാക്കിയ ശേഷം വാങ്ങൽ നടത്തേണ്ടതും, ഇൻസിനറേറ്റർ പരിപാലനത്തിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-27 തൊഴിലുറപ്പ് പദ്ധതി- LMR നേക്കാൾ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നു.

ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലും ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. സെക്യൂർ സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് നിരക്കുകളും മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് തയ്യാറാക്കിയിട്ടുള്ളത്. നിരക്കുകൾ സമയബന്ധിതമായി നിശ്ചയിക്കുന്നതിലും സെക്യൂറിലെ നിരക്കുകൾ ആയതിന് അനുസൃതമായി കാലികമാക്കുന്നതിലും ഉള്ള അപാകത മൂലം കരാറുകാർ ലക്ഷങ്ങൾ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഉണ്ടാകുന്നു. നിരക്കിലെ അന്തരം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലെ സെക്യൂർ സോഫ്റ്റ്‌വെയറിലെ 2022-23 എസ്റ്റിമേറ്റ് നിരക്ക് | MGNREGS കരാർ നിരക്ക് | DsoR 2018 പ്രകാരമുള്ള നിരക്ക് (17.05.2024 മുതൽ ബാധകമായ നിരക്ക് 36.44 % കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) |
|---|---|---|---|
| 40 MM Stone Aggregate | 2034.9 | 2034.9/Cum | 1773 |
| 20 MM Stone Aggregate | 2034.9 | 2034.9/Cum | 1841 |
| 10 MM Stone Aggregate | 2034.9 | 2034.9/Cum | 1841 |
| Quarry Waste | 1250.0 | 1250.0/Cum | 750 |
| Course Sand | 2356.2 | 2356.2/Cum | 1841 |
| Portland Cement 50kg Bag | 576.0 | 576.0/Bag | 337/Bag |

2023-24 വർഷത്തിൽ പേയ്മെന്റ് നടത്തിയ 14 പ്രവൃത്തികളെ (ആകെ മെറ്റീരിയൽ തുക 4467852.35 രൂപ) മാത്രം അടിസ്ഥാനപ്പെടുത്തി പ്രൈസിലെ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ

എസ്റ്റിമേറ്റ് നിരക്കുകൾ നിശ്ചയിച്ചതിലെ അപാകത മൂലം പഞ്ചായത്തിന് 1319118.62 രൂപയുടെ അധിക ചെലവ് ഓഡിറ്റ് വർഷത്തിലുണ്ടായിട്ടുണ്ട്. 2023-24 വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കോസ്റ്റ് 1,71,91,000/- രൂപയായിരുന്ന എന്നത് പരിഗണിക്കുമ്പോൾ സ്ഥാപനത്തിനുണ്ടായ നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക അനുവദിച്ച 14 പ്രവൃത്തികൾക്കായി വാങ്ങിയ മെറ്റീരിയലിന്റെ അളവ് | MGNREGS കരാർ നിരക്ക്/ എസ്റ്റിമേറ്റ് നിരക്ക് In CUM | കരാറുകാർക്ക് അനുവദിച്ച തുക | DsoR 2018 പ്രകാരമുള്ള നിരക്ക് (17.05.2024 മുതൽ ബാധകമായ നിരക്ക് 36.44 % കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ) | നിരക്ക് കാലാനുസൃതമായി പരിഷ്കരിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 40 MM Stone Aggregate | 220.87 | 2034.9 | 449448.36 | 1773 | 391602.51 | 57845.85 |
| 20 MM Stone Aggregate | 313.93 | 2034.9 | 638816.16 | 1841 | 577945.13 | 60871.03 |
| 10 MM Stone Aggregate | 74.4 | 2034.9 | 151396.56 | 1841 | 136970.4 | 14426.16 |
| Quarry Waste | 440.58 | 1250 | 550725.00 | 750 | 330435 | 220290.00 |
| Course Sand | 314.14 | 2356.2 | 740176.67 | 1841 | 578331.74 | 161844.93 |
| Portland Cement 50kg Bag | 3363.35 | 576 | 1937289.60 | 337 | 1133448.95 | 803840.65 |
| | | | 4467852.35 | | 3148733.73 | 1319118.62 |

സെക്യൂർ സോഫ്റ്റ്‌വെയറിലെ നിരക്കുകൾ നിർണ്ണയിച്ചതിലെ അപാകതകൾ മൂലം പഞ്ചായത്ത് ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നതിന് കാരണമായിട്ടുണ്ട്. 31.03.2012 ലെ സ.ഉ(കൈ) 93/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സാധനസാമഗ്രികളുടെ വാങ്ങലും, സംഭരണവും, വിനിയോഗവും സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗരേഖ പാലിക്കപ്പെട്ടിട്ടില്ല.

സ.ഉ.(സാധാ)നം.1640/2016/ത.സ്വ.ഭ.വ Dt.10.05.2016 നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത്

കെട്ടിട വിഭാഗത്തിന്റെ ലോക്കൽ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയായിരുന്ന സെക്യൂർ നിരക്കുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ സ.ഉ.(സാധാ).നം.3159/2018/ത.സ്വ.ഭ.വ. Dt.17.12.2018 ഉത്തരവിൽ വിശദീകരിച്ചിരിക്കുന്നത് DSR ഇനങ്ങളുടെ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പുകളുടെ പ്രൈസിലെ മാർക്കറ്റ് നിരക്കിനെ അടിസ്ഥാനമാക്കിയിട്ടായതിനാൽ പ്രസ്തുത നിരക്കുകളെ ആധാരമാക്കി വേണം നിരക്കുകൾ നിശ്ചയിക്കാൻ എന്നുമാണ്. സ.ഉ.(സാധാ)നം.1/2020 /ത.സ്വ.ഭ.വ, തീയതി 01.01.2020 പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ LMR നിരക്കുകൾ നിർണ്ണയിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും 31.01.2024 ലെ സ.ഉ.(സാധാ).നം.265/2024/ത.സ്വ.ഭ.വ ഉത്തരവിൽ ഇപ്രകാരം നിരക്കുകൾ നിശ്ചയിക്കുന്നതിൽ അപാകതയുള്ളതിനാൽ നിരക്കുകൾ പുനർ നിർണ്ണയിക്കാൻ വേണ്ടി ജില്ലാതല ടെക്നിക്കൽ കമ്മറ്റികൾ ഉൾപ്പെടെ പുനസംഘടിപ്പിക്കുകയും സ.ഉ(എം.എസ്) 31/2024/LSGD Dated 27/02/2024 നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മാർക്കറ്റ് നിരക്കുകൾ അതേപടി ഉപയോഗപ്പെടുത്തുന്ന നിലവിലെ രീതിയിൽ അപാകതകളുണ്ടെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ആറ് മാസ കാലയളവിൽ ജില്ലാ-സോൺ അടിസ്ഥാനത്തിൽ സെക്യൂർ നിരക്കുകൾ ആറ് മാസ കാലയളവിൽ പുനർ നിർണ്ണയിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിരക്കുകൾ നിശ്ചയിക്കുന്നതിലെ കാലതാമസം മൂലം ഇപ്പോഴുള്ള നിരക്കുകൾ 31.03.2025 വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ നിലവിലുള്ള തൊഴിലുറപ്പ് പദ്ധതി എസ്റ്റിമേറ്റ് നിരക്കുകൾ യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് നിശ്ചയിക്കുന്നതെന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. 27.02.2024 ലെ സ.ഉ(കൈ)നം.31/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ചെയർപേഴ്സണായി ജില്ലാതല നിരക്ക് നിർണ്ണയ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായെങ്കിലും 31.03.2025 വരെ മേൽ പരാമർശിച്ച പ്രകാരമുള്ള ഉയർന്ന നിരക്ക് സ്വീകരിക്കുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടിക്രമം പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും സിമന്റ് എന്നത് എം.ആർ.പി രേഖപ്പെടുത്തി പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും,

സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430/- രൂപയാണെന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി 2023-24 വർഷത്തിൽ സിമന്റിന്റെ എസ്റ്റിമേറ്റ് നിരക്ക് ടണ്ണിന് 11952/- രൂപയായി (ബാഗിന് 598/- രൂപ) പുനർ നിർണ്ണയിച്ച് സെക്യൂർ സോഫ്റ്റ്‌വെയറിനകത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

നിലവിലെ നിരക്കുകൾ പ്രൈസിലെ എൽ.എസ്.ജി.ഡി ലോക്കൽ മാർക്കറ്റ് നിരക്കുകളേക്കാൾ വളരെ കൂടുതലാണ്. ഉദാ- ക്വാറി വേസ്റ്റിന്റെ പ്രൈസിലെ LMR നിരക്ക് 750/- രൂപ മാത്രമാണ്. എന്നാൽ സെക്യൂറിലെ എസ്റ്റിമേറ്റ് നിരക്ക് 1250/- രൂപയാണ്. തൊഴിലുറപ്പ് പദ്ധതിക്കായി ഇത്തരത്തിൽ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തും. അപാകതയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ വ്യക്തമായ അഭിപ്രായം അറിയിക്കേണ്ടതും, സെക്യൂർ നിരക്കുകൾ കരാറുകാർക്ക് അമിതലാഭം ഉണ്ടാക്കുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതുമാണ്.

1-28 രേഖകൾ ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കരിങ്ങാറ്റിമ്മൽ ലക്ഷം വീട് കോളനി ശുചിത്വ സമുച്ചയം ( പ്രൊജക്ട് നമ്പർ 198/24) എന്ന പദ്ധതിയുടെ ഭാഗമായി പാർട്ട് ബിൽ പ്രകാരം 2,68,212/- രൂപ ചെലവഴിച്ചിട്ടുണ്ട്. എം ബുക്ക്, എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നുവെങ്കിലും (റിക്വിസിഷൻ നം. 4 തീയതി 26.10.24) ഓഡിറ്റ് തിയ്യതി വരെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 198, കരിങ്ങാറ്റിമ്മൽ ലക്ഷംവീട് കോളനി ശുചിത്വസമുച്ചയം |
| അടങ്കൽ | 448212 |
| ചെലവ് | 268212<br>കേന്ദ്രാവിഷ്കൃത ഫണ്ട്. |
| ബിൽ വിശദാംശം | വൗച്ചർ നം.22301557<br>തിയ്യതി. 30.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശശി കുമാർ. ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

2023-24 വർഷത്തിൽ നിർവ്വഹിച്ച സ്പിൽ ഓവർ പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനും (നം.31 തീയതി 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കരിങ്ങാറ്റിമ്മൽ ലക്ഷം വീട് കോളനി ശുചിത്വ സമുച്ചയത്തിന്റെ എം.ബുക്ക്, എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി നിർവ്വഹിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നുണ്ട്. തുടർ പദ്ധതികൾ ആസൂത്രണം ചെയ്യാത്തത് മൂലം ആസ്തികൾ ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാകാത്ത സ്ഥിതി വിശേഷവും ഉണ്ടാകുന്നു. ഓഡിറ്റ് വർഷത്തിൽ മറ്റ് പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ട് പൂർണ്ണമായി ചെലവഴിക്കാനാവാതെ നഷ്ടപ്പെടുത്തിയ സാഹചര്യത്തിലാണ് ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്തതെന്നതും പ്രസക്തമാണ്. രണ്ട് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ഏരത്ത് മുക്ക് ജനകീയ ലൈബ്രറി (പ്രൊ നം, 123/24) എന്ന പദ്ധതിയുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിനാണ് ഏക വർഷ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ കോളങ്ങൾ നിർമ്മിക്കുന്നതിനും തറ, ചുമരുകൾ, ലിന്റൽ, കോൺക്രീറ്റ് റൂഫ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ മാത്രമാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) ആസ്തി നിർമ്മാണം പൂർത്തിയാക്കുന്നതിന് 2024-25 വർഷത്തിൽ പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല.
2) ജനൽ, വാതിൽ, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, സീലിംഗ്, പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബ്ബിംഗ്, ചുറ്റമതിൽ എന്നിവ ഉൾപ്പെടുത്താതെ കെട്ടിടം ഭാഗികമായി ആസൂത്രണം ചെയ്താണ് നിർവ്വഹിച്ചിട്ടുള്ളത്.

ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണം. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അഭികാമ്യമല്ല. കെട്ടിടം ഭാഗികമായി ആസൂത്രണം ചെയ്തതിന്റെയും തുടർ പ്രവൃത്തികൾ ആസൂത്രണം ചെയ്യാത്തതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല. ചിത്രം കാണുക.



2. പൊതു കുടിവെള്ള പദ്ധതികളുടെ നവീകരണം (പ്രോ.നം 189/24) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചിരുതകുന്ന് കുടിവെള്ള പദ്ധതിയുടെ പിലാത്തോട്ടം കിണറിൽ നിന്നും വെള്ളം ടാങ്കിൽ എത്തിക്കുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കിണറിൽ മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതീകരണം നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഓഡിറ്റ് തിയ്യതി വരെയും കുടിവെള്ളം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിന് 2024-25 വർഷത്തിൽ പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടുമില്ല. ചിത്രം കാണുക.



അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 27, തി.30.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതും തുടർ വർഷങ്ങളിലെ ആസൂത്രണത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ ഉപയോഗിക്കുന്നു .

പഞ്ചായത്തിൽ 28 അങ്കണവാടികളാണുള്ളത്. അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ ഈ അങ്കണവാടികളിലെല്ലാം വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനുകളാണ് ഉപയോഗിക്കുന്നത് എന്ന്

കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 19 Kg ഉള്ള ഒരു ഗ്യാസ് സിലിണ്ടറിന്റെ വില 1,836/- രൂപയാണ്. ഈയിനത്തിൽ വലിയ തുകയാണ് ഓരോ വർഷവും ചെലവഴിക്കുന്നത്. ഓഡിറ്റ് വർഷം ഈയിനത്തിൽ ആകെ 1,12,594/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം. | തുക | ബിൽ തുകയിൽ ഗ്യാസ് ഏജൻസിക്കു നൽകിയ തുക |
|---|---|---|
| 91 , 14.07.23 | 25495 | 25495 |
| 145, 16.9.23 | 313329 | 15732 |
| 165, 19.10.23 | 23611 | 23611 |
| 209, 28.11.23 | 38833 | 19500 |
| 380, 6.3.24 | 114104 | 16384 |
| 507, 25.3.24 | 50672 | 11872 |
| ആകെ തുക | | 112594 |

ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറിനായി അപേക്ഷ നൽകുകയോ, ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ടു 29.10.24 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്യാസ് കണക്ഷൻ ഗാർഹിക നിരക്കിലുള്ളതാക്കി മാറ്റുന്നതിന് ഭരണസമിതിയെ രേഖാമൂലം അറിയിച്ചതിന്റെ പകർപ്പ് ഗ്യാസ് ഏജൻസിക്ക് കൈമാറിയിട്ടുണ്ടെന്നും സർക്കാർ തലത്തിൽ ഉത്തരവ് ലഭിക്കാതെ കണക്ഷൻ മാറ്റിത്തരാൻ നിർവ്വാഹമില്ല എന്ന് ഗ്യാസ് ഏജൻസി അറിയിച്ചതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

അങ്കണവാടികളിലെ ഗ്യാസ് കണക്ഷനുകൾ ഗാർഹിക നിരക്കിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിലുണ്ടായ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-31 ആരോഗ്യ ഗ്രാന്റ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ : 251/24.

പ്രോജക്ട് : ആരോഗ്യ ഗ്രാന്റ് .

നിർവ്വഹണം : മെഡിക്കൽ ഓഫീസർ.

ചെലവ് : 345358/- (വികസന ഫണ്ട് -പൊതു വിഭാഗം)

ബിൽ നമ്പർ : 408/20.3.24 -198596/-; 504/25.3.24-128000/-; 416/21.3.24-18762

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ലാപ്ടോപ്പുകളും ഉപകരണങ്ങളും വാങ്ങുന്നതിനാണ് ആരോഗ്യ ഗ്രാന്റ് എന്ന പദ്ധതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയത്. പദ്ധതി പ്രകാരം, ലാപ്ടോപ്പ് വാങ്ങിയതിന് 3,26,596/-രൂപയും ഫർണിച്ചറുകൾക്കായി 18,762/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലാപ്ടോപ്പുകൾ Gem മുഖേന വാങ്ങിയില്ല .

ജി.ഒ.(പി)7/19 S.P.D തീയതി 26.04.19 പ്രകാരം 25000/-രൂപക്കു മുകളിലുള്ള വാങ്ങലുകൾക്ക് Gem നിർബന്ധമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ 19.3 ൽ എല്ലാ സർക്കാർ വകുപ്പുകളും 25,000/-രൂപക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും Gem മുഖേന സമാഹരിക്കേണ്ടതാണ്.

ഏതെങ്കിലും പ്രത്യേക ഇനം Gem ൽ ലഭ്യമല്ലാത്തതിനാലോ ആയത് Gem മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു കാരണവും രേഖപ്പെടുത്താതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലാപ്ടോപ്പുകൾ ‘Dialogue Mobile Gallery’ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയത്.

പദ്ധതി നിർവ്വഹണത്തിനായി 326596/-രൂപയുടെ ലാപ്ടോപ്പ് വാങ്ങിയത് Gem ലൂടെയല്ല എന്നതിനു പുറമേ സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകളും പാലിക്കാതെയാണ് വാങ്ങൽ നടത്തിയത്. വാങ്ങൽ നടപടികളുടെ നിർവ്വഹണത്തിനായി രൂപീകരിച്ചിട്ടുള്ള പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സിലും ആശുപത്രിയിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന്റെയോ വാങ്ങുന്ന ഇനത്തിന്റെ ആവശ്യകത വിലയിരുത്തുകയോ ഏത് മാർഗ്ഗത്തിലൂടെ വാങ്ങണമെന്നോ വ്യക്തമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുമാത്രം നേരിട്ട് വാങ്ങാമെന്നിരിക്കേ അത്തരത്തിൽ ഉള്ള സ്ഥാപനത്തിൽ പെടുന്നതല്ല മേൽ സ്ഥാപനം എന്ന് കാണുന്നു. ആവശ്യകത മനസ്സിലാക്കിയാണോ വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതെന്നു വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല. 4 ലാപ്ടോപ്പുകൾ ‘Dialogue Mobile Gallery’ യിൽ നിന്നും നേരിട്ട് വാങ്ങുകയാണുണ്ടായത്. വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| Invoice No & Date | സ്പെസിഫിക്കേഷൻ | ടാക്സ് ഉൾപ്പെടെ വില |
|---|---|---|
| 23-24/231, Dt 14.3.24 | HP BRAND PC 13 12TH GENERATION 512 SSD 8GBRAM 2O “HP MONITOR | 49499 |
| 23-24/229, Dt 14.3.24 | ASSEMBLED PC 10 TH GENERATION I3 PROCESSOR 512 SSD 2O “ ACER MONITOR FOXIN UPS FPS -775 (2) | 49799 |
| 23-24/232 Dt 14.3.24 | HP BRAND PC 13 12TH GENERATION 512 SSD 8GBRAM 2O “HP MONITOR | 49499 |
| 23-24/228 Dt 14.3.24 | ASSEMBLED PC 10 TH GENERATION I3 PROCESSOR 512 SSD 2O “ ACER MONITOR FOXIN UPS FPS -775 (2) | 49799 |
| 23-24/237 Dt 22.3.24 | HP LAPTOP 14 INCH 12TH GEN 16GB 512SSD | 75000 |
| 23-24/238 Dt 21.3.24 | DELL LAPTOP I3 12TH GEN 8GB 512SSD WINDOWS 11 | 53000 |

| | | |
|---|---|---|
| | ആകെ | 326596 |

Gem ലൂടെ ലാപ്ടോപ്പ് വാങ്ങാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/23-24 തി 29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 1-32 C.A.R ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.

സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം.3/2017/പി.ഡബ്ല്യൂ.ഡി./09.08.2017 ലെ നിബന്ധനകളിൽ കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് (Contractors All Risk Insurance). നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരവും കരാറുകാർ പ്രവൃത്തി ആരംഭ തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്ട് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ കരാറുകാർ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ച കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളിലും ഇത്തരത്തിൽ ഇൻഷ്വറൻസ് ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു. ഇൻഷ്വറൻസ് ലഭ്യമാക്കാത്ത കരാറുകാർക്ക് ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | കരാർ തുക |
|---|---|---|---|
| 1 | മുറിച്ചാണ്ടി വെള്ളിയോടൻ കണ്ടി റോഡ് | കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 434886 |
| 2 | ലുലു മരുതോറ ആയടത്തിൽ മീത്തൽ റോഡ് | കൈരളി ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി. | 434761 |
| 3 | കലാസാംസ്കാരിക കേന്ദ്രം, പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | വിനോദ്.കെ.ആർ | 2124806 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.26/2023-24, തിയ്യതി- 30.10.2024) മേൽ പരാമർശിച്ചതും, ഇപ്രകാരം ഇൻഷ്വറൻസ് എടുക്കാത്തതും പിഴ ഈടാക്കാത്തതുമായ മറ്റ് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 കരാർ ചമച്ചതിൽ അപാകത

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും വിവിധ കരാറുകാർക്ക് കരാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ വീതമാക്കിയിട്ടുണ്ട്. ഇതിനായി കേരള സ്റ്റാമ്പ് ആക്ട്, 1959 സെക്ഷൻ 5(f) ൽ ആവശ്യമായ ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഭേദഗതി പ്രകാരം കരാർ തുകയുടെ

ആയിരം രൂപക്ക് ഒരു രൂപ എന്ന നിരക്കിൽ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി വിവിധ കരാറുകാരുമായി സെക്രട്ടറി ഏർപ്പെട്ടിട്ടുള്ള കരാറുകൾ കരാർ മൂല്യം പരിഗണിക്കാതെ 200/- രൂപയുടെ മുദ്രപത്രത്തിൽ ആണ് ചമച്ചിട്ടുള്ളത്. കരാർ തുകയുടെ 0.1 % മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കാതെ 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചത് മൂലം അപാകത ഉണ്ടായിട്ടുണ്ട്. 2023-24 വർഷത്തിൽ ബിൽ തുക അനുവദിച്ച പ്രവൃത്തികൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാർ മൂല്യം | കരാർ ചമക്കേണ്ടിയിരുന്ന മുദ്രപത്രത്തിന്റെ കുറഞ്ഞ മൂല്യം | കരാർ ചമച്ച മുദ്രപത്രത്തിന്റെ മൂല്യം | കുറവ് വന്ന മുദ്രപത്രത്തിന്റെ മൂല്യം |
|---|---|---|---|---|
| കുന്നമ്മച്ചാൽ കുളപ്പുറം റോഡ് നിർമ്മാണം | 456250 | 456 | 200 | 256 |
| ചേനോളി റോഡ് ചേനോളി അങ്കണവാടി റോഡ് | 422195 | 422 | 200 | 222 |
| കണ്ണോത്ത്കുന്ന് പുതിയോട്ടിൽ താഴെ റോഡ് | 376433 | 376 | 200 | 176 |
| ചാലപ്പറ്റക്കുന്ന് റോഡ് നിർമ്മാണം | 458427 | 458 | 200 | 258 |
| തച്ചറത്ത് കണ്ടി അങ്കണവാടി കരിമ്പനക്കണ്ടി റോഡ് | 460177 | 460 | 200 | 260 |
| ചാലിൽ താഴ വയലാളിച്ചാലിൽ റോഡ് | 320060 | 320 | 200 | 120 |
| അടിയോടി ചാത്തോത്ത് കോറോത്ത് റോഡ് | 461006 | 461 | 200 | 261 |
| പീടിക പറമ്പിൽ കൈതാവിൽ പാറ റോഡ് | 459863 | 460 | 200 | 260 |
| പുതിയോട്ടിൽ റോഡ് നിർമ്മാണം റീച്ച് 1 | 458951 | 459 | 200 | 259 |
| മണ്ണാങ്കണ്ടി കൊട്ടപ്പുറം റോഡ് | 438667 | 439 | 200 | 239 |

| | | | | |
|---|---|---|---|---|
| ഇരുക്കുന്ന് ഭജനമഠം റോഡ് | 371258 | 371 | 200 | 171 |
| ചോയ്യലത്ത് കാപ്പുമ്മൽ റോഡ് | 349856 | 350 | 200 | 150 |
| കുന്നമ്മച്ചാൽ കുളപ്പുറം റോഡ് | 453760 | 454 | 200 | 254 |
| ആകെ | | | | 2,886 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മുദ്രപത്ര വിലയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 2,886/- രൂപ മൂല്യമുള്ള മുദ്രപത്രം കരാറുകാരുടെ ചിലവിൽ വാങ്ങി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2023-24 വർഷത്തിലെ മറ്റ് കരാറുകൾ പരിശോധിച്ച് അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - വാങ്ങലുകളിൽ നടപടിക്രമം പാലിച്ചില്ല.

28.05.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പട്ടികയിൽ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികൾ മുഖേന സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നും യഥാർത്ഥ വില നൽകി വാങ്ങലുകൾ നേരിട്ട് നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പിന്റെ ലൈസൻസുള്ളതും, ധനസഹായത്തോടെ പ്രവർത്തിക്കുന്നതുമായ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് തൈകൾ വാങ്ങേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തിൽ നിർവ്വഹിച്ച പദ്ധതികളുടെ ഭാഗമായി വിവിധ വിത്തുകളും തൈകളും വാങ്ങിയതിനുള്ള തുക അനുവദിച്ചിട്ടുള്ളത് ഗ്രീൻ ലാന്റ് കർഷക സേവനകേന്ദ്രത്തിനാണ്. പ്രസ്തുത സ്ഥാപനം കൊടിയത്തൂർ അഗ്രോ സർവ്വീസ് സെന്ററിന് കീഴിലുള്ള കൃഷിവകുപ്പിന്റെ അംഗീകാരമുള്ള നഴ്സറിയാണെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ടാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങളുടെ നിരക്ക് നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കൊടിയത്തൂർ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ഫലവൃക്ഷതൈകൾ ഉൾപ്പെടെയുള്ളവ നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മറുപടിക്കൊപ്പം ലഭ്യമാക്കിയ രേഖ കോ-ഓർഡിനേഷൻ കമ്മിറ്റി മിനുട്സാണ്. പ്രസ്തുത കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ കർഷക സേവനകേന്ദ്രത്തിൽ നിന്നും സാധനങ്ങൾ വാങ്ങാമെന്നാണ് അറിയിച്ചിട്ടുള്ളത്. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതില്ലെന്ന് പരാമർശിച്ചിട്ടില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. മാവ്, ആയുർ ജാക്ക്, അവക്കാഡോ എന്നീ തൈകളുടെയും മറ്റ് വസ്തുക്കളുടെയും നിരക്കുകൾ നിശ്ചയിച്ചത് എങ്ങനെയെന്നത് വ്യക്തമല്ല.

വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ഗ്രാമപഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി നൽകുകയാണുണ്ടായത്. നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമാവുന്ന പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പാക്കുന്നതിലുണ്ടായ വീഴ്ച മേൽ പദ്ധതി ചെലവ്/കാലതാമസം എന്നിവ വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്.

കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികൾ മുഖേന സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവ ഒഴികെയുള്ള മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്ത സാധനങ്ങൾ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങേണ്ടതും വാങ്ങലുകൾ ലാഭകരമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്. അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കുന്നില്ലെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

## 1-35 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. ഉദാ- ശിവശക്തി വലിയപറമ്പിൽ റോഡ് നിർമ്മാണം. ചില പ്രവൃത്തികളിൽ സാധനങ്ങൾ സ്റ്റാക്ക് മെഷർ ചെയ്യാതെ കരാറുകാരന്റെ ബില്ലിലെ ക്ലെയിമിന് അനുസൃതമായി തുക അനുവദിക്കുന്ന പ്രവണതയും സ്ഥാപനത്തിൽ നിലനിൽക്കുന്നു. ഉദാ- തച്ചറത്ത് കണ്ടി അങ്കണവാടി മുതൽ കരിമ്പനകണ്ടി താഴെ വരെ റോഡ് നിർമ്മാണം.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും, സംഭരണവും, വിനിയോഗവും സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ 31.03.2012 ലെ (കൈ) 93/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സംഭരിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

CPWD സ്പെസിഫിക്കേഷൻ ഖ 16.4, പട്ടിക 16.12, 16.13 എന്നിവ പ്രകാരം സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. 2019 ലെ CPWD സ്പെസിഫിക്കേഷൻ 16.4.1.2 പ്രകാരം “The Total Quantity So Arrived Shall Be Reduced By 7.5% To Arrive At The Net Quantity For Payment, In Cases Of Aggregates” എന്നും വ്യക്തമാക്കിയിട്ടുണ്ട്. DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ റോഡിന്റെ ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്.

അളവുകളിലെ വ്യതിയാനത്തിൽ നിന്നും 1:4:8 റേഷ്യോ പാലിക്കാതെയാണ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു. സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധിക തുക നൽകുന്നതിനും പ്രവൃത്തിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്.

അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകതകൾ മൂലം കരാറുകാരന് അധിക തുക അനുവദിച്ചതിനും മതിയായ മെറ്റീരിയലുകൾ ഉപയോഗപ്പെടുത്താത്തതിനാൽ ആസ്തി നിർമ്മാണത്തിൽ ഗുണമേന്മ കുറയുന്ന സാഹചര്യത്തിനും വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 പട്ടികജാതി വിഭാഗത്തിന് അർഹമായ നിരക്കിൽ സബ്സിഡി നൽകിയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ നിർവ്വഹിച്ച പദ്ധതികളുടെ ആസൂത്രണ / നിർവ്വഹണ ഘട്ടത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

28.05.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പട്ടികയിലെ ക്രമ നം 5 പ്രകാരം ജനറൽ വിഭാഗത്തിന്റെ സബ്സിഡി നിരക്ക് 75 ശതമാനവും പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിന്റെ സബ്സിഡി നിരക്ക് 100 ശതമാനവുമാണ്. എന്നാൽ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും 75 ശതമാനം നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2023-24 വർഷത്തെ പദ്ധതി രേഖയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 23.29 ശതമാനം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 100 ശതമാനം സബ്സിഡി ഉറപ്പാക്കുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യാതിരുന്നതാണ് അർഹതപ്പെട്ട ആനുകൂല്യം പട്ടികജാതി/പട്ടിക വർഗ്ഗത്തിന് ലഭിക്കുന്നതിന് തടസ്സമായത്. പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിന്റെ സബ്സിഡി നിരക്ക് പരിമിതപ്പെടുത്തുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി ഗുണഭോക്താക്കളോട് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തതിനാലാണ് സബ്സിഡി പരിമിതപ്പെടുത്തിയതെന്നാണ് അറിയിച്ചിട്ടുള്ളത്. സബ്സിഡി പരിമിതപ്പെടുത്തിയത് സംബന്ധിച്ച തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ജാതി തെളിയിക്കുന്ന രേഖകൾ ആവശ്യപ്പെട്ടിരുന്നുവെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് ഫോറം പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിലാണ് സബ്സിഡി നിശ്ചയിച്ചതെന്നതും പ്രസക്തമാണ്.

അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ലെന്ന് വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

| പദ്ധതി | സബ്സിഡി നിരക്ക് |
|---|---|
| കമുകിൻ തൈ വിതരണം (പ്രൊ.നം-36/24) | 75% |
| ഫലവൃക്ഷ തൈ വനിത (പ്രൊ.നം-26/24) | 75% |

## 1-37 കാർഷിക മേഖലയിലെ പദ്ധതികൾ- ആസൂത്രണത്തിലെ അപാകതകൾ

1. പദ്ധതികൾക്കും ഗുണഭോക്തൃ പട്ടികകൾക്കും ഗ്രാമസഭയുടെ അംഗീകാരമില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ കുടുംബശ്രീ യുനിറ്റുകൾക്ക് കൃഷിത്തോട്ടം (പ്രൊ.നം-277/24), കുടുംബശ്രീ യുണിറ്റുകൾക്ക് വാഴകന്ന് (പ്രൊ.നം-278/24), കുടുംബശ്രീ യുനിറ്റുകൾക്ക് ഇടവിള കിറ്റ് (പ്രൊ.നം-279/24) എന്നീ പദ്ധതികൾ കരട്- അന്തിമ പദ്ധതി രേഖകളിൽ ഉൾപ്പെട്ടിട്ടില്ല. അനിവാര്യ പദ്ധതികൾ, ജി.ഒ പ്രൊജക്ടുകൾ എന്നിവ ഒഴികെയുള്ള പദ്ധതികളുടെ മുൻഗണന നിശ്ചയിക്കേണ്ടത് ഗ്രാമസഭയാണ്. പ്രസ്തുത പദ്ധതികൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതിന്റെയും ഗുണഭോക്തൃ പട്ടികകൾ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടി നടപടിക്രമങ്ങൾക്കും ഗുണഭോക്തൃ പട്ടികക്കും അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുമെന്നാണ് അറിയിച്ചത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 എ(സി) പ്രകാരം ഗ്രാമസഭകളാണ് ഗുണഭോക്തൃ പട്ടികകൾ തയ്യാറാക്കേണ്ടത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചു കൂട്ടുന്ന ഗ്രാമസഭകളാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും [19.04.2022 ലെ സ.ഉ(കൈ)84/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ഖണ്ഡിക 12.3(1)], ഗുണഭോക്തൃപട്ടിക ഗ്രാമസഭയുടെ അംഗീകാരത്തോടെ തയ്യാറാക്കണമെന്ന് സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലും [28.05.2022ലെ സ.ഉ (കൈ) 115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ഖണ്ഡിക 6.3, ക്രമ നം. 9]

സർക്കാർ പ്രത്യേകമായി തന്നെ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത്‌രാജ് നിയമത്തിനും സർക്കാർ ഉത്തരവിനും വിരുദ്ധമായി ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്തൃപട്ടിക തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്തതിന് ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല. അപാകതയിന്മേൽ ഭരണസമിതി അഭിപ്രായം അറിയിക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തരിശ് നെൽകൃഷി (പ്രൊജക്റ്റ് നം. 24/2024) എന്ന പദ്ധതി പ്രകാരം കർഷകർക്ക് ഹെക്ടറിന് 35,000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 28.05.2022 ലെ സ.ഉ (കൈ) 115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1, ക്രമ നം. 8 ൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണമെന്നും തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള ധനസഹായമെ (25,000/- രൂപ) അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താതെ ആസൂത്രണം ചെയ്തത് മൂലം വികസനഫണ്ടിൽ നിന്നും അധിക ചെലവുണ്ടാകുകയും തൊഴിലുറപ്പ് തൊഴിലാളികൾക്ക് അധിക തൊഴിൽദിനങ്ങൾ ലഭിക്കാനുള്ള സാധ്യത ഇല്ലാതാവുകയും ചെയ്തു. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-38 പഞ്ചായത്ത് വാഹനം അപകടത്തിൽപ്പെട്ടു- പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമില്ലാതെ റിപ്പയറിന് തുക ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ മഹീന്ദ്ര സ്കോർപ്പിയോ KL 56L – 8122 നമ്പർ വാഹനം, കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ആവശ്യാർത്ഥം (പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരത്തു നിന്നും ലാപ്ടോപ്പ് കൊണ്ടുവരുന്നതിന് 16.05.23 ന് വൈകുന്നേരം 7 മണിയ്ക്ക് വാഹനം എത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ADP/KKD/425/2023/C1 തിയതി 16.05.23 നമ്പർ കത്ത്) തിരുവനന്തപുരത്ത് പോയി തിരികെ വരുമ്പോൾ 18.05.23 ന് പുലർച്ചെ രണ്ടു മണിക്ക് എറണാകുളം വൈറ്റില ഓവർ ബ്രിഡ്ജിന് സമീപത്ത് വെച്ച് ആക്സിഡന്റ് സംഭവിക്കുകയും വാഹനത്തിന്റെ മുൻഭാഗം ഭാഗികമായി തകരുകയും ചെയ്തു. ഇത് സംബന്ധിച്ച് ശ്രീ.ജോണി.കെ, പഞ്ചായത്ത് ഡ്രൈവറുടെ റിപ്പോർട്ട് പ്രകാരം വാഹനത്തിന് കേടുപാടുകൾ സംഭവിച്ചതിനാൽ വാഹനം ഓടിച്ച് പോകാൻ കഴിയാത്ത സാഹചര്യത്തിൽ എറണാകുളത്ത് മഹീന്ദ്രയുടെ വർക്ക് ഷോപ്പിൽ വാഹനം അറ്റകുറ്റപ്പണികൾക്കായി എത്തിച്ചതായി പരാമർശിക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾക്കായി മഹീന്ദ്ര 2,31,085.12/- രൂപയ്ക്കുള്ള എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്.

തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ 17.06.23 ലെ 16(1) തീരുമാന പ്രകാരം 8 വർഷം പഴക്കമുള്ളതും 17793 കി.മീ. (എഞ്ചിൻ പ്രവൃത്തിയ്ക്ക് ശേഷം) ഓടിയതുമായ പ്രസ്തുത വാഹനം, സ്ഥാപനം ലഭ്യമാക്കിയ 2,31,085.12/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം റിപ്പയർ ചെയ്യുന്നത് അഭികാമ്യമല്ലെന്നും വാഹനം കണ്ടം ചെയ്യുന്നത് സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിങ്ങിലേക്ക് വിദഗ്ദാഭിപ്രായത്തിനായി നൽകാനും തീരുമാനിച്ചു. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടന്നതായി ഫയലിലില്ല. പിന്നീട് ഭരണ സമിതിയുടെ 31.07.23 ലെ 2(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിങ്ങ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ വാഹനം റിപ്പയറിങ്ങിനായി കോഴിക്കോട് ജില്ലയിലെ ഗവ. അപ്രൂവ്ഡ് വർക്ക് ഷോപ്പ് ആയ മിനി ഓട്ടോ ഗ്യാരേജ്, പേരാമ്പ്ര എന്ന സ്ഥാപനത്തിൽ നൽകിയതായും, 1,34,150/- രൂപയുടെ റിപ്പയർ എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതാണ് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 30.05.24 ന് വാഹനത്തിന്റെ ഇൻഷുറൻസ് ഇനത്തിൽ, കോഴിക്കോട് ജില്ലാ ഇൻഷുറൻസ് ഓഫീസിൽ നിന്നും ലഭിച്ച 60,000/- രൂപ 14.10.24 ന്

സ്ഥാപനത്തിന് കൈമാറിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഫയൽ പ്രകാരവും ജി.ഡി റിപ്പോർട്ട് പ്രകാരവും അപകടം നടന്നത് 18.05.23 ന് പുലർച്ചയ്ക്ക് 2 മണിയ്ക്കാണ്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം 16.05.23 ന് അപകടം നടന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല ലോഗ്ബുക്കിൽ വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല.

2. മഹീന്ദ്ര 29.06.23, 25.07.23, 16.08.23 എന്നീ തിയതികളിലായി ഗ്രാമപഞ്ചായത്തിന് അയച്ച കത്തുകളിൽ, റിപ്പയറുമായി ബന്ധപ്പെട്ട തീരുമാനങ്ങൾക്കായി ഗ്രാമപഞ്ചായത്തിനെ ബന്ധപ്പെട്ടുവെങ്കിലും (ഓരോ കത്തുകളിലും യഥാക്രമം 3 ദിവസങ്ങളിൽ) ഗ്രാമപഞ്ചായത്ത് പ്രതികരിച്ചില്ലെന്നും മഹീന്ദ്ര വർക്ക് ഷോപ്പിൽ വാഹനം പാർക്ക് ചെയ്ത ഓരോ ദിവസത്തിനും 250/- രൂപ നിരക്കിൽ തുക അടവാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് തുക നൽകിയതിന്റെയോ നടപടികൾ അവസാനിപ്പിച്ചതിന്റെയോ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

3. ഭരണസമിതിയുടെ 31.07.23 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം എറണാകുളത്തെ മഹീന്ദ്ര കമ്പനി വർക്ക് ഷോപ്പ് ഗവൺമെൻറ് അപ്രൂവ്ഡ് വർക്ക് ഷോപ്പ് അല്ലാത്തതിനാൽ ടി സ്ഥാപനം മുഖേന വണ്ടി റിപ്പയർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചില്ല എന്നും, ഗവൺമെൻറ് അപ്രൂവ്ഡ് വർക്ക്ഷോപ്പിൽ റിപ്പയർ ചെയ്യുന്നതിനായി വാഹനം എറണാകുളത്തുനിന്നും പഞ്ചായത്തിനടുത്തുള്ള ഗവ.അംഗീകൃത വർക്ക്ഷോപ്പിൽ എത്തിക്കുന്നതിനും, ആയതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിനും ഇപ്രകാരം വാഹനം എറണാകുളത്തു നിന്നും തിരികെ എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെയും തുക അനുവദിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. കൂടാതെ മറ്റ് അപ്രൂവ്ഡ് വർക്ക് ഷോപ്പുകളിൽ നിന്നും റിപ്പയർ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ലഭ്യമാക്കി കുറഞ്ഞ നിരക്കിലുള്ളതാണ് സ്വീകരിക്കേണ്ടിയിരുന്നതെങ്കിലും നടപടിക്രമങ്ങൾ പാലിക്കാതെ മേൽ സ്ഥാപനത്തെ നേരിട്ട് തെരെഞ്ഞടുക്കുകയാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്.

4. ഗ്രാമപഞ്ചായത്ത് 01.09.23 ന് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിങ്ങ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ, വാഹനം കോഴിക്കോട് ജില്ലയിലെ ഗവ. അപ്രൂവ്ഡ് വർക്ക് ഷോപ്പിൽ നിന്നും റിപ്പയർ ചെയ്യുന്നതിനായി മിനി ഓട്ടോ ഗ്യാരേജ്, പേരാമ്പ്ര എന്ന സ്ഥാപനത്തിൽ നൽകിയതായും 1,34,150/- രൂപയുടെ റിപ്പയർ എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതാണ് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഫയലിലില്ല. മിനി ഓട്ടോ ഗ്യാരേജ്, പേരാമ്പ്ര എന്ന സ്ഥാപനം സമർപ്പിച്ച ബില്ല് അപ്രൂവ് ചെയ്യുന്നതിനായി 08.10.24 ന് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിങ്ങ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിനും അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത അപ്രൂവൽ ലഭിക്കാതെ തന്നെ ഇൻഷ്വറൻസ് ഇനത്തിൽ ലഭിച്ച 60,000/- രൂപ മിനി ഓട്ടോ ഗ്യാരേജ്, പേരാമ്പ്ര എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. റിപ്പയർ പ്രവൃത്തിയ്ക്കുള്ള എസ്റ്റിമേറ്റും യഥാർത്ഥ ബില്ലും പൊതുമരാമത്ത് വകുപ്പ് അപ്രൂവ് ചെയ്യതെയാണ് വർക്ക് ഷോപ്പിന് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 25/23-23 തീയതി 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ പരാമർശങ്ങൾക്കും കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെ വാഹനം റിപ്പയർ ഇനത്തിൽ 60,000/- ഇൻഷ്വറൻസ് തുക വർക്ക് ഷോപ്പിന് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും റിപ്പയർ സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-39 ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകത- പഞ്ചായത്ത് ഫണ്ടിന് കോടികൾ നഷ്ടപ്പെടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആസൂത്രണം ചെയ്ത 86 പദ്ധതികൾക്കായി അടങ്കൽ ചെയ്ത 6,00,88,748/- രൂപയിൽ 97,28,748/- രൂപ മാത്രമെ തൻവർഷം

ചെലവഴിച്ചിട്ടുള്ളൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് , മറ്റുള്ളവ എന്നിവ ഒഴികെയുള്ള ഫണ്ടുകളിൽ നിന്നും 2,76,69,607/- (അടങ്കൽ ചെയ്തതിനെ ആധാരമാക്കി) രൂപയാണ് സ്ഥാപനം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുള്ളത്.

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015, ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും, സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽ ചെയ്യുകയും, ഇതനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയാകുന്ന തുക സഞ്ചിതനിധിയിലേക്ക് തിരികെ പോകുകയും ചെയ്യും. പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികൾക്ക് സമയബന്ധിതമായി ബിൽ സമർപ്പിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയും ക്യൂബിൽ ആയി വരുന്ന പ്രവൃത്തികളുടെ ബിൽ തൊട്ടടുത്ത വർഷത്തെ അലോട്ട്മെന്റിൽ മാറുന്നത് കാരണം പ്രസ്തുത വർഷത്തെ പ്രോജക്ടുകൾ പൂർത്തിയായെങ്കിലും അലോട്ട്മെന്റിലെ കുറവ് കാരണം ബിൽ മാറാൻ സാധിക്കാത്ത അവസ്ഥയുണ്ടാവുകയും ചെയ്യും. ഇപ്രകാരം ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്തുന്നതിന് പുറമെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയവും ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നു. 2023-24 വർഷത്തിലേക്ക് ആസൂത്രണം ചെയ്ത 49 പുതിയ പ്രവൃത്തികളിൽ 7 എണ്ണത്തിൽ മാത്രമെ ഭാഗികമായെങ്കിലും ചെലവ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുള്ളൂ . തൻവർഷം നിർവ്വഹിച്ച പ്രവൃത്തികളുടെ 75 ശതമാനവും 2022-23 വർഷത്തിൽ ആസൂത്രണം ചെയ്തവയായിരുന്നു. 2022-23 വർഷത്തിലും പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് 28% ത്തിൽ താഴെയായിരുന്നു എന്നതും പ്രസക്തമാണ്.

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 86 പദ്ധതികളിൽ 28 പദ്ധതികളിൽ മാത്രമെ ചെലവുണ്ടായിട്ടുള്ളൂ. മിക്ക പ്രൊജക്ടുകളിലും ബിൽ സമർപ്പിച്ചത് 2024 മാർച്ച് മാസത്തിലാണ്. നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടപ്പെട്ടതിനുള്ള പ്രധാന കാരണം. ചെലവ് കുറയുന്നതിനും ഫണ്ട് നഷ്ടപ്പെട്ടതിനുമുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ബില്ലുകൾ സമർപ്പിക്കുന്നതിൽ കാലതാമസം.

നഷ്ടപ്പെട്ട ഫണ്ടുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ആകെ സമർപ്പിച്ച 42 ബില്ലുകളിൽ 14 ബില്ലുകളും നൽകിയിട്ടുള്ളത് 2024 മാർച്ച് മാസത്തിലാണ്.

2. ടെണ്ടർ നടപടികളിൽ കാലതാമസം.

പൊതുമരാമത്ത് പ്രവൃത്തികളുടെ ശരാശരി നിർവ്വഹണ കാലയളവ് 6 മാസമാണ്. സെപ്തംബർ മാസത്തിനുള്ളിൽ കരാറിലേർപ്പെടുന്ന വിധം നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ സാമ്പത്തിക വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. എന്നാൽ ആസൂത്രണം ചെയ്ത 47 പുതിയ പദ്ധതികളിൽ 2023 നവംബറിനുള്ളിൽ 9 പ്രവൃത്തികളുടെ ടെണ്ടറുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

3. പദ്ധതികൾ സമഗ്രമായി ആവിഷ്കരിക്കുന്നില്ല.

കുടിവെള്ള പദ്ധതികൾ, കെട്ടിട നിർമ്മാണ/നവീകരണ പദ്ധതികൾ എന്നിവയുടെ കാര്യത്തിൽ ഒരേ നിർമ്മാണത്തിന്റെ പല ഘടകങ്ങൾക്കായ് വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുന്നു. കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ കിണർ, വാട്ടർ ടാങ്ക്, ജലവിതരണ പൈപ്പുകളുടെ സ്ഥാപനം എന്നിവ ഒരു പദ്ധതിയായും വൈദ്യുതീകരണം പോലുള്ളവയ്ക്കായി മറ്റ് പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. കെട്ടിട നിർമ്മാണം , റോഡ് പ്രവൃത്തികൾ എന്നിവ മുഴുവൻ ചെയിനേജിലും സമഗ്രമായി ആസൂത്രണം ചെയ്യാതെ ഭാഗികമായി ആസൂത്രണം ചെയ്യുന്ന പ്രവണതയും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് മൂലം പ്രൊജക്ടുകളുടെ എണ്ണം വർദ്ധിക്കുകയും നടപടി ക്രമങ്ങൾക്കായി കൂടുതൽ മനുഷ്യശേഷി വിനിയോഗിക്കേണ്ടിയും വരുന്നു.

4. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 86 പദ്ധതികളിൽ

നിർവ്വഹിച്ച 28 പദ്ധതികളിൽ 11 പദ്ധതികളാണ് 2023-24 വർഷത്തിൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുള്ളത്. ഒരു പ്രവൃത്തിയ്ക്കായി ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. സൈറ്റ് സന്ദർശിക്കാതെയും സൈറ്റ് സാഹചര്യങ്ങൾ വിലയിരുത്താതെയുമാണ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഇത് പലപ്പോഴും എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്നതിന് കാരണമാകുന്നു. സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. എസ്റ്റിമേറ്റുകൾ പുതുക്കുന്നത് മൂലമുള്ള നടപടിക്രമങ്ങൾ മൂലവും പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നു. ശരിയായ ഇൻവെസ്റ്റിഗേഷനും സൈറ്റ് പരിശോധനയും നടത്തി കുറ്റമറ്റ രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

5. പ്രവൃത്തി പുരോഗതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ തയ്യാറാക്കി ആയത് പ്രകാരം പ്രവൃത്തി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തുന്നില്ല. മിക്ക പ്രവൃത്തികളും കരാർ ചമച്ച് മാസങ്ങൾക്ക് ശേഷമാണ് നിർവ്വഹണം ആരംഭിക്കുന്നത്.

6.എഗ്രിമെന്റ് വച്ച് വർഷങ്ങൾക്ക് ശേഷവും പ്രോജക്ടുകൾ സ്പിൽ ഓവർ ആയി തുടരുന്നു .

2023-24 വർഷം സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തിയിരിക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാറുകാരുമായി എഗ്രിമെന്റ് വച്ച് വർഷങ്ങൾക്ക് ശേഷവും നടപ്പിലായിട്ടില്ല.ഉദാ- കരിങ്ങാറ്റിമ്മൽ ലക്ഷം വീട് കോളനി ശുചിത്വ സമുച്ചയം പ്രവൃത്തി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്തതാണെങ്കിലും ഓഡിറ്റ് വർഷത്തിലും പൂർത്തീകരിച്ചിട്ടില്ല.

7. നിർവ്വഹണം വൈകിപ്പിക്കുന്ന കരാറുകാരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നില്ല .

പ്രവൃത്തികളുടെ നിർവ്വഹണം വൈകിപ്പിക്കുന്ന കരാറുകാരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നതിൽ അധികൃതർ ജാഗ്രത കാണിക്കുന്നില്ല. ഭൂരിഭാഗം കരാറുകാരെയും പിഴ ഒടുക്കുന്നതിൽനിന്നും ഒഴിവാക്കുകയാണ് ചെയ്യുന്നത്. ഉദാ:-എരവട്ടൂർ കയ്യേലി റോഡ് പ്രവൃത്തി. ഇക്കാരണത്താൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള ശുഷ്കാന്തി ഇവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കാലാവധി ദീർഘിപ്പിച്ച് നൽകുന്ന കാലയളവ് അനുവദനീയമായ 50 ശതമാനത്തിലും അധികരിക്കുന്ന സ്ഥിതിവിശേഷവും സ്ഥാപനത്തിലുണ്ടാകുന്നു. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കാലാവസ്ഥ, പ്രവൃത്തിയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെ ആവശ്യമായ പൂർത്തീകരണ സമയം അനുവദിക്കേണ്ടതും ആയതിൽ കൂടുതൽ പൂർത്തീകരണ സമയം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ നിയമാനുസൃതമായി മാത്രം കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതുമാണ്. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും കർശനമായും പിഴ ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

8 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

പഞ്ചായത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിരുന്നില്ല. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനത്തെ ഉന്നത നിലവാരത്തിലേക്ക്

ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതിരുന്നത് വീഴ്ചയാണ്. അപാകത അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.28/30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-40 പെയിന്റിംഗിന് അധിക തുക വിനിയോഗിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പേരാമ്പ്ര ജി.യു.പി.എസ് പുനരുദ്ധാരണം എന്ന പ്രവൃത്തി മുഖേന പെയിന്റിംഗ്, ഡോറുകൾ മാറ്റൽ, സോക് പിറ്റും ഡ്രെയിനും നിർമ്മിക്കൽ എന്നീ ഇനങ്ങളാണ് ആസൂത്രണം ചെയ്തിരുന്നത്. 22.08.2023 ലെ ഭരണസമിതി തീരുമാന പ്രകാരം സ്കൂളിൽ നിലവിലുള്ള സെപ്റ്റിക് ടാങ്ക് ഉപയോഗപ്പെടുത്തി ശുചിമുറികൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നത് ഒഴിവാക്കിയും, ക്ലാസ്സ് മുറികളിൽ നിലവിലുള്ള നിറം മാറ്റി മറ്റൊരു നിറം പെയിന്റ് അടിക്കുന്നതിന് പ്രധാനാധ്യാപകൻ രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാൻ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്.

ക്ലാസ്സ് മുറികളിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് പുതിയ പെയിന്റിംഗിനുള്ള DAR അദ്ധ്യായം 13 ലെ (FINISHING ) 13.60.1 , DAR അദ്ധ്യായം 14 പ്രകാരമുള്ള (REPAIR TO BUILDINGS ) നിലവിലെ പെയിന്റിംഗിന്മേലുള്ള 14.53.1 എന്നീ ഇനങ്ങൾ ആണ്. എസ്റ്റിമേറ്റിൽ 155 ച.മീ വിസ്തൃതിയിൽ മാത്രമെ 13.60.1 (ഓയിൽ പെയിന്റിംഗ് ചുരണ്ടി മാറ്റി പുതിയ പെയിന്റിംഗ് ചെയ്യുന്നതിന്) ആസൂത്രണം ചെയ്തിരുന്നുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1067.285 ച.മീ വിസ്തൃതിയിലാണ് 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ഇനം പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. നിലവിലുള്ള പെയിന്റിംഗിന്മേൽ പ്രൈമർ അടിച്ച ശേഷമാണ് 13.60.1 പ്രകാരമുള്ള പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ചതെന്നതും പ്രസക്തമാണ്.

മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. DAR ലെ അദ്ധ്യായം 14 ൽ (REPAIR TO BUILDINGS ) മേൽ പെയിന്റിംഗ് ഉപയോഗിച്ച് ചെയ്യുന്ന റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം 14.53.1 ആണ്. ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ എന്നിവ 14.53.1 നെ അപേക്ഷിച്ച് 13.60.1 ൽ അധികമാണെന്നത് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | 13.60.1 പ്രകാരമുള്ള അളവ് ( 10 Sqm) | 14.53.1 പ്രകാരമുള്ള അളവ് ( 10 Sqm) | 14.53.1 നെ അപേക്ഷിച്ച് 13.60.1ലെ വ്യത്യാസം |
|---|---|---|---|---|
| Plastic Emulsion Paint (M 0835 ), | 200 | 1.21 Ltr | 0.73 | 0.48 അധികം |

| | | | | |
|---|---|---|---|---|
| Painter (L0131 ) | 679 | .54 Day | .36 Day | 0.18 അധികം |
| Coolie (L 0115 ) | 558 | .54 Day | .36 Day | 0.18 അധികം |
| Sundries-<br>Materials For Filling In Holes And Cracks<br>(Putty Etc.)<br>T 9999 L.S | 2 | 6.76 | .52 | 6.24അധികം |
| Sundries<br>Brushes, Sand Paper Etc.<br>T 9999 L.S | 2 | 10.79 | 8.06 | 2.73 അധികം |
| Sundries<br>T 9999 L.S | 2 | 6.76 | 6.76 | 0 |
| Carriage C 9977 | 2 | 1.43 | 5.33 | 3.9 കുറവ് |

കാര്യേജ് ഒഴികെയുള്ള ഇനങ്ങൾ 14.53.1 നെ അപേക്ഷിച്ച് 13.60.1ൽ അധികമാണെന്ന് കാണാം. ചുരണ്ടിയ ശേഷം പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച വിസ്തീർണ്ണത്തിൽ 13.60.1 ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പെയിന്റിംഗിന് മുകളിൽ 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചത് ലാഭകരമല്ല. മേൽ വ്യത്യാസം മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

| 13.60.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, അനുവദിച്ച തുക (കരാർ തുക 160.52) | 14.53.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ (@100.27 രൂപ എസ്റ്റിമേറ്റ് നിരക്കിൽ) | വ്യത്യാസം |
|---|---|---|
| 912.086 Sqm<br>(1067.285−155.199)<br>= 172902.52 | 912.086×100.27×1.18=<br>107916.73 | 64985 |

മേൽ പട്ടിക പ്രകാരം പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 29/30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത പരിശോധിക്കാതെ പെയിന്റിംഗ് ഇനം തെരഞ്ഞെടുത്ത അപാകത മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തുകയായ 64,985/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-41 ഇന്റർലോക്ക് പുനരുപയോഗിച്ചില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ശിശു മന്ദിരം റിപ്പയർ (പ്രൊജക്ട് നം: 215/24) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ശിശുമന്ദിരത്തിന്റെ ഇന്റർ ലോക്ക് പതിച്ച മുറ്റം താഴ്ന്ന നിരപ്പിലായതിനാൽ മുറ്റം ഉയർത്തുന്നതിനും G.I ഷീറ്റിട്ട് സംരക്ഷിക്കുന്നതിനും, കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും, കിണറിന്റെ പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം OD109612/2022-2023 Engaging Labourers For Dismantling Interlocking Tiles From Yard Including All Charges Etc.Complete. എന്ന ഒബ്സർവ്വ്ഡ് ഡാറ്റ ഉണ്ടാക്കി മൂന്ന് പേരുടെ (Coolie -3 Day) മനുഷ്യശേഷി ഉപയോഗിച്ച് ശിശുമന്ദിരത്തിന്റെ മുറ്റത്തുള്ള ഇന്റർലോക്ക് ഇളക്കി മാറ്റിയിട്ടുണ്ട്. ആയത് 8.4 ച.മീ വിസ്തൃതിയിൽ പുനരുപയോഗിക്കുന്നതിന് OD 110332/2022-2023 നമ്പറായി എസ്റ്റിമേറ്റിൽ ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ (ഇന്റർലോക്ക്) ഉപയോഗിച്ച് പേവിംഗ് നടത്തുന്നതിന് ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ഇനം നിർവ്വഹിച്ചിട്ടില്ല. പകരം 48.525 ച.മീ വിസ്തൃതിയിൽ പുതിയ ഇന്റർലോക്കിംഗ് പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇളക്കി മാറ്റിയ ഇന്റർലോക്ക് പുനരുപയോഗിക്കാത്ത സാഹചര്യത്തിലും മെറ്റീരിയൽ സ്റ്റാക്ക് ചെയ്യുകയോ ഡിസ്പോസ് ചെയ്യുകയോ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും 30.10.2024 തിയ്യതിയിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ സൈറ്റ് പുന:പരിശോധന നടത്തിയതിൽ നിന്നും ഇളക്കിമാറ്റിയ ഇന്റർലോക്ക് കെട്ടിടത്തിന്റെ പുറക് വശത്ത് സ്റ്റാക്ക് ചെയ്തതായി ബോധ്യപ്പെടുകയും ആയതിൽ 75% ൽ അധികം പുനരുപയോഗ യോഗ്യമാണെന്നത് പരിശോധനയിൽ വ്യക്തമാവുകയും ചെയ്തിട്ടുണ്ട്. ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.



മെറ്റീരിയൽ പുനരുപയോഗിക്കാതെ പുതിയത് പാകുന്നതിനുള്ള പ്രവൃത്തിയായി നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ (ഇന്റർലോക്ക് പേവർ ബ്ലോക്ക്) ഉപയോഗിച്ചുള്ള ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത 600/- രൂപ നിരക്കിൽ

(എസ്റ്റിമേറ്റ് നിരക്ക്- 387.95 ) പ്രവൃത്തി നിർവ്വഹിച്ചാൽ പോലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടായ ചെലവിൽ 3,717/- രൂപയുടെ കുറവ് വരുത്താമായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 8.4 ച.മീ വിസ്തൃതിയിൽ പ്രവൃത്തി നിർവ്വഹിച്ചതിന് കരാറുകാരന് നൽകിയ തുക | 8.4 ച.മീ വിസ്തൃതിയിൽ ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ കരാറുകാരന് നൽകേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|
| 8.4x975x1.18= 9664.2 | 8.4x600x1.18= 5947.2 | 3717 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.30 തീയതി 30.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചു മാറ്റിയ ഇന്റർലോക്കുകളിൽ 75% പുനരുപയോഗ യോഗ്യമാണെന്നത് പരിഗണിക്കുമ്പോൾ ഏകദേശം 16,104/- രൂപയുടെ അധിക ചെലവുണ്ടായി എന്നത് വ്യക്തമാണ്.

മേൽ പട്ടിക പ്രകാരമുള്ള 3,717/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അധിക ചെലവ് തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-42 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തന അവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജനസൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനാഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 19 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 9733 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 2455 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 32 |

2ഹരിതകർമ്മ സേന

2017 ൽ ഹരിതകർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൺസോർഷ്യത്തിന് 2 ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. കൺസോർഷ്യത്തിന്റെ മെയിൻ അക്കൗണ്ടിൽ 31.03.2024 ന് 4,98,586/ രൂപയുടെ നീക്കിയിരിപ്പുമുണ്ട് .

3) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് ചാക്കൊന്നിന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ. യൂസർ ഫീ ആയി ഈടാക്കുന്ന തുകയ്ക്ക് പുറമേ 2023-24 ൽ റിജക്റ്റഡ് വേസ്റ്റിനും തുക ഈടാക്കിയിട്ടുണ്ട് .

4) മാലിന്യ ശേഖരണ കാര്യക്ഷമത

2024 മാർച്ച് മാസത്തിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2024 മാർച്ച് മാസം | |
|---|---|
| വീടുകൾ | കെട്ടിടങ്ങൾ |
| 2642 | 361 |

യൂസർ ഫീ നൽകാൻ കഴിവില്ലാത്ത 184 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവരുടെ യൂസർ ഫീ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 72/24-25)

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | കെട്ടിടങ്ങൾ |
|---|---|
| 9733 | 2455 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർ ഫീ പിരിച്ചെടുക്കാൻ യോഗ്യമായ 9304 വീടുകളും, 1735 വാസേതര കെട്ടിടങ്ങളുമാണ് ഉള്ളത്. 2024 മാർച്ച് മാസം യൂസർഫീ പിരിവ് 30% ൽ താഴെ മാത്രമാണ്. യൂസർ ഫീ പിരിവ് 100 ശതമാനത്തിലെത്തിക്കാൻ മാലിന്യ സംസ്കരണത്തിന്റെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ഭരണസമിതിയും കൂട്ടായി പ്രവർത്തിക്കേണ്ടതാണ്.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി 2 സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

1)പേരാമ്പ്ര റീജിയിണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നമ്പർ 1001023100

2.ഐ.സി.ഐ.സി.ഐ പേരാമ്പ്ര അക്കൗണ്ട് നം. 074705001968, പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 4,98,586/- രൂപയാണ്.

2022-23, 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| സാമ്പത്തിക വർഷം | 2023-24 |
| പിരിച്ചെടുത്ത യൂസർ ഫീ | 1731124 |
| സെഗ്രിഗേറ്റഡ് വേസ്റ്റിൽ നിന്നുള്ള വരുമാനം | 108100 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 1558011 |

5. നിലവിലെ സ്ഥിതി പരിശോധന

പഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ ചട്ടങ്ങൾ പ്രകാരമുള്ള ബൈലോ തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുകയും ഇതിന്റെ പാലനം ഏറെക്കുറെ ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും കൂടുതൽ കാര്യക്ഷമമായി ബൈലോയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അജൈവ മാലിന്യം കുറക്കുന്നതിനായി പ്ലാസ്റ്റിക്കിന്റെ ഉല്പാദനം കുറക്കുന്നതിനും പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി(ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രെഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രെഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

6.ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

അധികാര വികേന്ദ്രീകരണത്തിലൂടെ ലഭ്യമായ ചുമതലകൾ നിറവേറ്റുന്നതിനായി വിപുലമായ അധികാരങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. വിവിധ മേഖലകളിലെ സ്ഥാപനങ്ങളേയും പ്രധാന ഉദ്യോഗസ്ഥരേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്റെ ചുമതലകൾ നിറവേറ്റുന്നത് സ്റ്റാൻഡിംഗ് കമ്മിറ്റികളിലൂടെ ആയതിനാൽ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയും ജീവനക്കാരും യോജിച്ച് പ്രവർത്തിച്ചാൽ ഭരണ സംവിധാനം

കാര്യക്ഷമമാക്കുവാനും അധികാര വികേന്ദ്രീകരണത്തിന്റെ യഥാർത്ഥ ഫലം സമൂഹത്തിന് ലഭ്യമാക്കുവാനും സാധിക്കുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 17.2.24 ന ശേഷം 2023-24 ൽ യോഗം ചേർന്നിട്ടില്ല. ഓഡിറ്റ് കാലയളവിൽ മിനുട്സ് പരിശോധിച്ചതിൽ കണ്ട ഏതാനും കാര്യപ്രസക്തമായ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 11.8.23 ലെ യോഗത്തിൽ 2-ാം അജണ്ടയായി മാലിന്യമുക്ത നവകേരളം ഖരമാലിന്യ സംസ്കരണം ചട്ടം 2016 തസ്വഭവ സ്ഥാപനങ്ങൾ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സി.ഒ.ലെറ്റർ നമ്പർ LSGD/ JD/2491/2023-D1 തിയ്യതി 31/07/2023 കത്ത് വായിച്ച് അംഗീകരിച്ചു. കത്തിൽ നിർദ്ദേശിച്ച പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിടവുകൾ പരിഹരിക്കുന്നതിനായി പരിശോധന നടത്തുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ പരിശോധന നടത്തിയതിന്റേയും തുടർ നടപടി സ്വീകരിച്ചതിന്റേയും പുരോഗതി അടുത്ത യോഗ മിനുട്സിൽ ഇല്ല. പ്രസ്തുത സ്റ്റാന്റിംഗ് കമ്മറ്റിയുടെ . 09/10/2023 ലെ യോഗത്തിൽ 1-ാം നമ്പർ തീരുമാനമായി പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഷോപ്പുകളിലുമുള്ള റിജക്റ്റ് വെസ്റ്റ് ശേഖരിച്ച് ഏജൻസിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതേ തിയ്യതിയിലെ തന്നെ 2-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും ശുചീകരണ പ്രവൃത്തി നടത്തുന്നതിനായി പഞ്ചായത്ത് കത്ത് നൽകിയിരുന്നു. എന്നാൽ ശുചീകരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് സ്ഥാപന തല സന്ദർശനങ്ങൾ നടത്താൻ തീരുമാനിച്ചെങ്കിലും പരിശോധന നടത്തിയതിന്റേയും തുടർ നടപടി സ്വീകരിച്ചതിന്റേയും പുരോഗതി അടുത്ത യോഗ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല .

29/01/2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം റിജക്റ്റ് വെയ്സ്റ്റ് കിലോയ്ക്ക് 12/- രൂപ നിരക്കിൽ എടുക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 ൽ ഈ ഇനത്തിൽ 2,21,805/- രൂപ വരവുണ്ട്. 17/02/2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്ത് മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മിനി എംസിഎഫ് സ്ഥാപിക്കുന്നതിന് വാർഡുകളിൽ സ്ഥലം പരിശോധിക്കുവാൻ 21/02/2024 തീയതിയിൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാർ എന്നിവർ പോകുവാൻ തീരുമാനിച്ചെങ്കിലും ആയതിന്റെ പുരോഗതിയും അടുത്ത യോഗത്തിൽ അവലോകനം ചെയ്തിട്ടില്ല. മേൽ സാഹചര്യങ്ങളിൽ നിന്നെല്ലാം വ്യക്തമാകുന്നത് യോഗ തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിലും അവലോകനം ചെയ്യുന്നതിലും സ്ഥാപനം വീഴ്ച വരുത്തുന്നുണ്ടെന്നതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് .

7. എം.സി.എഫ്

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സെന്റർ പേരാമ്പ്ര അങ്ങാടിയിലെ ഇന്നർ മാർക്കറ്റിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 13.06.2023 ന് രാത്രിയുണ്ടായ തീപ്പിടുത്തത്തിൽ കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കുകയും തരംതിരിച്ച് വച്ചിരുന്ന മാലിന്യങ്ങളും ബെയിലിങ്ങ് മെഷീൻ അടക്കമുള്ള മറ്റ് സാമഗ്രികളും ഹരിതകർമ്മസേനയുടെ ഓഫീസ് രേഖകളും കത്തി നശിക്കുകയും ചെയ്തിട്ടുണ്ട്. എം.സി.എഫിനോട് ചേർന്നുള്ള 'ബാദുഷ ട്രേഡേഴ്സ്' എന്ന സ്ഥാപനത്തിനും തീപ്പിടുത്തത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

കെട്ടിടത്തിൽ ഹരിതകർമ്മ സേന തരംതിരിച്ച് സൂക്ഷിച്ച 2 ലോഡ് പ്ലാസ്റ്റിക്കും തരം തിരിക്കാനുള്ള അത്ര തന്നെ പ്ലാസ്റ്റിക്കും ഉണ്ടായിരുന്നു. ക്ലീൻ കേരള കമ്പനിയുടെ കലണ്ടർ പ്രകാരം എടുക്കേണ്ടിയിരുന്ന പായ്, തുണി മുതലായവയും കെട്ടിടത്തിൽ സൂക്ഷിച്ചിരുന്നു. 2023 ഏപ്രിൽ മാസം 2950 കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യവും മെയ് മാസത്തിൽ 6212 കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇതു കൂടാതെ മെയ് മാസം 5670 കി.ഗ്രാം മൾട്ടി ലെയർ പ്ലാസ്റ്റിക്ക് ഗ്രീൻ വേം എന്ന സ്ഥാപനത്തിനും കൈമാറിയിട്ടുണ്ട് .

എം.സി.എഫിന് കറണ്ട് കണക്ഷൻ ലഭിക്കാത്തതിനാൽ ഷോർട്ട് സർക്യൂട്ട് വഴി തീ പടർന്നു പിടിക്കേണ്ട സാഹചര്യം ഇല്ലായിരുന്നെന്നും, ജൂൺ മാസമായതും മഴയുള്ള ഈർപ്പം നിറഞ്ഞ കാലാവസ്ഥയും കണക്കിലെടുത്താൽ ബാഹ്യ ഇടപെടലുകൾ ഇല്ലാതെ എം.സി.എഫ് കത്തേണ്ട യാതൊരു സാഹചര്യവും ഇല്ലായിരുന്നുവെന്നും, തൊട്ടടുത്ത കെട്ടിടത്തിൽ നിന്നോ സാമൂഹ്യ ദ്രോഹികളുടെ ഇടപെടലുകൾ കൊണ്ടോ ആണ് തീപ്പിടുത്തം ഉണ്ടായതെന്നുമുള്ള സംശയം നിലനിൽക്കുന്നുണ്ടെന്നും പേരാമ്പ്ര എസ്.എച്ച്.ഒ മുമ്പാകെ സെക്രട്ടറി പരാതി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ അജൈവമാലിന്യ സംസ്കരണത്തിൽ പരമ പ്രധാന പങ്ക് വഹിച്ചിരുന്ന എം.സി.എഫ് കത്തി നശിച്ചത് മാലിന്യ സംസ്കരണക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. കത്തി നശിച്ച എം.സി.എഫിന്റെ Scrap Items ന്റെ വാല്യുവേഷൻ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. എം.സി.എഫ് കത്തി നശിച്ചിട്ട് ഒന്നര വർഷം കഴിഞ്ഞതിനാൽ മിക്ക ഇരുമ്പ് സാധനങ്ങളും തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണ് . അലക്ഷ്യമായി കൂട്ടിയിട്ട പലതും സുരക്ഷിതവും അല്ല . ആയതിന്റെ വാല്യുവേഷൻ നടപടി പൂർത്തീകരിച്ച് ലേലം നടപടി താമസംവിനാ ആരംഭിക്കേണ്ടതാണ് .

കൂടാതെ എം.സി.എഫ് കത്തി നശിച്ച് ഒന്നര വർഷം പിന്നിട്ടിട്ടും പുതിയ എം.സി.എഫിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സൗകര്യം തീരെയില്ലാത്ത പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. മാലിന്യങ്ങൾ തരം തിരിക്കുന്നതിനോ, കയറ്റി അയക്കുന്നതിനോ പര്യാപ്തമായ സ്ഥലസൗകര്യം ഇവിടെ ഇല്ല. സ്ഥല പരിശോധനയിൽ വായു സഞ്ചാരം തീരെ ഇല്ലാത്ത നന്നേ ഇടുങ്ങിയ കെട്ടിടത്തിൽ മാലിന്യം കുമിഞ്ഞു കൂടിയ അവസ്ഥയാണുള്ളത്. മാലിന്യ കൂമ്പാരങ്ങൾക്ക നടുവിൽ നിന്നു തിരിയാൻ ഇടമില്ലാത്ത സാഹചര്യത്തിലും, തങ്ങളുടെ സുരക്ഷയെ പോലും ഗൗനിക്കാതെ മാലിന്യം വേർതിരിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ സന്നദ്ധതയെ പ്രകീർത്തിക്കേണ്ടതുണ്ടെങ്കിലും കെട്ടിടത്തിന് ശുചിമുറി, വെള്ളം, കറണ്ട് കണക്ഷൻ, അടച്ചുറപ്പ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പ് വരുത്താത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്.

എം.സി.എഫിൽ തീപ്പിടുത്തമുണ്ടായതിനു ശേഷവും എം.സി.എഫിൽ തീപ്പിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ( 16.1.21 ലെ ജി.ഒ.ആർ.ടി.113/21/ LSGD നമ്പർ ഉത്തരവിൽ വ്യക്തമാക്കിയത്) പാലിക്കുന്നില്ല . 15.3.23 ലെ 617/23/LSGD നമ്പർ ഉത്തരവിൽ തീപ്പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിൽ ഒരെണ്ണം പോലും നിലവിലും പാലിച്ചിട്ടില്ല. നിലവിൽ ഉപയോഗിക്കുന്ന എം.സി.എഫിൽ പരമപ്രധാനമായും വേണ്ട അഗ്നി സുരക്ഷാ സംവിധാനം ഇല്ല. എം.സി.എഫിലും അതിന്റെ പരിസരത്തും തീപ്പിടുത്തത്തിനു സാധ്യമായ രീതിയിൽ പാഴ് വസ്തുക്കൾ നിലവിലും കൂട്ടിയിട്ടിട്ടുണ്ട്. എം.സി.എഫിനു ചുറ്റും ചാക്കുകളിലായി മാലിന്യങ്ങൾ റോഡിനോട് ചേർന്ന് കുമിഞ്ഞുകൂടിക്കിടക്കുന്നുണ്ട്. റോഡരികിൽ ആയതുകൊണ്ടും എം.സി.എഫിന് അടച്ചുറപ്പില്ലാത്തതു കൊണ്ടും പാഴ്‌വസ്തു സംഭരണശാലയുടെ പരിസരത്ത് ആർക്കുവേണമെങ്കിലും അഗ്നിബാധയുണ്ടാവാൻ സാധ്യതയുള്ള എന്ത് പ്രവൃത്തിയും ചെയ്യാമെന്ന സ്ഥിതിയാണുള്ളത്. എം.സി.എഫ് നേരിൽ പരിശോധിച്ചത് പ്രകാരം എം.സി.എഫിൽ നിന്നും യഥാസമയം പാഴ്‌വസ്തുക്കൾ നീക്കംചെയ്യുന്നില്ല എന്ന് മനസ്സിലാകുന്നു. എം.സി.എഫ് ബന്തവസ്സ് അല്ലാത്തതിനാൽ തന്നെ ആർക്കുവേണമെങ്കിലും ഇതിനകത്ത് പ്രവേശിക്കാവുന്നതും യൂസർഫീ നൽകാതെ എത്ര ചാക്ക് മാലിന്യം വേണമെങ്കിലും ഇവിടെ നിക്ഷേപിക്കാവുന്നതുമാണ് .

എം.സി.എഫിന്റെ സ്ഥലപരിമിതി കാരണം വാർഡുകളിൽ അജൈവമാലിന്യ ശേഖരണം നിലക്കുകയും പേരാമ്പ്ര ടൗണിൽ മാലിന്യങ്ങൾ കുമിഞ്ഞു കൂടാനും ഇടയായിട്ടുണ്ട്. എം.സി.എഫിന്റെ സ്ഥലപരിമിതി സേനാംഗങ്ങൾക്ക് ലഭിക്കേണ്ട യൂസർഫീയേയും കാര്യമായി ബാധിച്ചിട്ടുണ്ട്. വീടുകൾ/ ഷോപ്പുകളിൽ പോയി മാലിന്യം ശേഖരിച്ചാൽ അത് വേർതിരിക്കാൻ ഉള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ നിശ്ചിത ഇടവേളകളിൽ മാലിന്യം ശേഖരിക്കാൻ സാധിക്കാതെ വരികയും യൂസർഫീ

ലഭിക്കാതെ വരികയും ചെയ്യുന്നുണ്ട് .

8.എൻഫോഴ്സ്മെന്റ് സ്ക്വാഡ്

26.10.22 ലെ ജി.ഒ.(ആർ.ടി)2566/22 /LSGD നമ്പർ ഉത്തരവ് മുഖേന രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് മുഖേന സ്ഥാപനം കൃത്യമായ ഇടവേളകളിൽ വലിയ തോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടതും മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ സ്ക്വാഡിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷത്തെ രേഖപ്പെടുത്തൽ കൃത്യമല്ലാത്തതിനാൽ സ്ക്വാഡ് നടത്തിയ പരിശോധനയുടേയും കുറ്റകൃത്യം നടത്തിയവർക്ക് നേരെ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിച്ചതിന്റെയും വിവരം വ്യക്തമല്ല .

9.സംരംഭക പ്രവർത്തനങ്ങൾ

സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കുകയാണെങ്കിൽ, അതിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ വാങ്ങിയാൽ സൂക്ഷിച്ചുവെക്കാൻ നിലവിലെ എം.സി.എഫിൽ സാധിക്കുകയില്ല. എം.സി.എഫിന്റെ പണി പൂർത്തീകരിക്കുന്ന മുറക്ക് സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും ആക്റ്റിവിറ്റി ഗ്രൂപ്പിലൂടെ വരുമാനം ആർജ്ജിക്കേണ്ടതുമാണ് .

സ്ഥാപനത്തിന്റെ ഇടപെടലുകൾ-ചെയ്യേണ്ട കാര്യങ്ങൾ

മാർഗ്ഗരേഖകൾ പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾക്ക് പ്രൊജക്റ്റുകൾ രൂപീകരിക്കാം.

1) ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, തിരിച്ചറിയൽ കാർഡ്, സംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവ നൽകൽ.

2) വാർഡുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കാനുള്ള വാഹനസൗകര്യം ഒരുക്കലും തുക ചെലവഴിക്കലും

3) പ്രതിമാസ ഫീസ് നൽകാൻ ശേഷിയില്ലാത്ത അഗതി/അതിദരിദ്ര വിഭാഗങ്ങളിൽ പെടുന്നവരുടെ യൂസർഫീസ് ഹരിത സേനയ്ക്ക് നല്കൽ

4) അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ചെലവ് വഹിക്കൽ

5) എം സി എഫ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ആവശ്യമായ മെഷീനുകൾ ഉൾപ്പടെ ഒരുക്കൽ

6) സർക്കാർ നിർദ്ദേശിക്കുന്ന കാലയളവിൽ, ആവശ്യമുള്ള പക്ഷം, വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കൽ

കൂടാതെ, നിലവിൽ എം.സി.എഫുകളിൽ കെട്ടിക്കിടക്കുന്ന റിജക്റ്റഡ് മാലിന്യങ്ങൾ അപകടസാധ്യത ഉയർത്തുന്നതിനാൽ അവ നീക്കം ചെയ്യാൻ ഏത് ഫണ്ടും വിനിയോഗിക്കാമെന്ന് സ.ഉ.(സാധാ) നം.2076/2023/LSGD തീയതി 21-10-2023 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1എം.സി.എഫിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ് .

2.എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യം നടത്തുന്നവർക്ക് നേരെ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ് .

3.ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ യൂണിഫോം, സംരക്ഷണ ഉപകരണങ്ങൾ എന്നിവ യഥാവിധി നൽകേണ്ടതാണ്.

4.ഹരിതകർമ്മസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കൽ, ആവശ്യമായ സ്കിൽ വികസിപ്പിക്കൽ തുടങ്ങി നിരന്തര പിൻതുണയും ഹാൻഡ് ഹോൾഡിംഗ് നടത്തുന്നതിനുള്ള ചുമതലയും കുടുംബശ്രീ കോ-ഓർഡിനേറ്റർമാർക്കാണെന്നിരിക്കേ അവരെ ഉപയോഗപ്പെടുത്തി ആദായകരമായ

സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്.

1-43 കാലഹരണപ്പെട്ട അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങളിലെ കാലഹരണപ്പെട്ട തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| Advance To Beneficiary Committee Convenors | 436500/- |
| Tour Travelling Allowance | 6750/- |

മേൽ തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതും ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പെയിന്റിംഗിന് അധിക തുക വിനിയോഗിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പേരാമ്പ്ര ജി.യു.പി.എസ് പുനരുദ്ധാരണം എന്ന പ്രവൃത്തി മുഖേന പെയിന്റിംഗ്, ഡോറുകൾ മാറ്റൽ, സോക് പിറ്റും ഡ്രെയിനും നിർമ്മിക്കൽ എന്നീ ഇനങ്ങളാണ് ആസൂത്രണം ചെയ്തിരുന്നത്. 22.08.2023 ലെ ഭരണസമിതി തീരുമാന പ്രകാരം സ്കൂളിൽ നിലവിലുള്ള സെപ്റ്റിക് ടാങ്ക് ഉപയോഗപ്പെടുത്തി ശുചിമുറികൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നത് ഒഴിവാക്കിയും, ക്ലാസ്സ് മുറികളിൽ നിലവിലുള്ള നിറം മാറ്റി മറ്റൊരു നിറം പെയിന്റ് അടിക്കുന്നതിന് പ്രധാനാധ്യാപകൻ രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്.

ക്ലാസ്സ് മുറികളിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് പുതിയ പെയിന്റിംഗിനുള്ള DAR അദ്ധ്യായം 13 ലെ (FINISHING ) 13.60.1 , DAR അദ്ധ്യായം 14 പ്രകാരമുള്ള (REPAIR TO BUILDINGS ) നിലവിലെ പെയിന്റിംഗിന്മേലുള്ള 14.53.1 എന്നീ ഇനങ്ങൾ ആണ്. എസ്റ്റിമേറ്റിൽ 155 ച.മീ വിസ്തൃതിയിൽ മാത്രമെ 13.60.1 (ഓയിൽ പെയിന്റിംഗ് ചുരണ്ടി മാറ്റി പുതിയ പെയിന്റിംഗ് ചെയ്യുന്നതിന്) ആസൂത്രണം ചെയ്തിരുന്നുള്ളൂ. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1067.285 ച.മീ വിസ്തൃതിയിലാണ് 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ഇനം പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. നിലവിലുള്ള പെയിന്റിംഗിന്മേൽ പ്രൈമർ അടിച്ച ശേഷമാണ് 13.60.1 പ്രകാരമുള്ള പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ചതെന്നതും പ്രസക്തമാണ്.

മുൻപ് പെയിന്റിംഗ് നടത്തിയിട്ടുള്ള ചുമരിലാണ് പെയിന്റിംഗ് നടത്തിയിട്ടുള്ളത്. DAR ലെ അദ്ധ്യായം 14 ൽ (REPAIR TO BUILDINGS ) മേൽ പെയിന്റിംഗ് ഉപയോഗിച്ച് ചെയ്യുന്ന റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട ഐറ്റം 14.53.1 ആണ്. ഇനങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ മെറ്റീരിയൽ, ലേബർ എന്നിവ 14.53.1 നെ അപേക്ഷിച്ച് 13.60.1 ൽ അധികമാണെന്നത് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | 13.60.1 പ്രകാരമുള്ള അളവ് ( 10 Sqm) | 14.53.1 പ്രകാരമുള്ള അളവ് ( 10 Sqm) | 14.53.1 നെ അപേക്ഷിച്ച് 13.60.1 ലെ വ്യത്യാസം |
|---|---|---|---|---|
| Plastic Emulsion Paint (M 0835 ) | 200 | 1.21 Ltr | 0.73 | 0.48 അധികം |
| Painter (L0131 ) | 679 | .54 Day | .36 Day | 0.18 അധികം |
| Coolie (L 0115 ) | 558 | .54 Day | .36 Day | 0.18 അധികം |
| Sundries- Materials For Filling In Holes And Cracks (Putty Etc.) T 9999 L.S | 2 | 6.76 | .52 | 6.24അധികം |
| Sundries Brushes, Sand Paper Etc. T 9999 L.S | 2 | 10.79 | 8.06 | 2.73 അധികം |
| Sundries T 9999 L.S | 2 | 6.76 | 6.76 | 0 |
| Carriage C 9977 | 2 | 1.43 | 5.33 | 3.9 കുറവ് |

കാര്യേജ് ഒഴികെയുള്ള ഇനങ്ങൾ 14.53.1 നെ അപേക്ഷിച്ച് 13.60.1 ൽ അധികമാണെന്ന് കാണാം. ചുരണ്ടിയ ശേഷം പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച വിസ്തീർണ്ണത്തിൽ 13.60.1 ആസൂത്രണം ചെയ്ത് നിർവ്വഹിച്ചത് പരിഗണിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പെയിന്റിംഗിന് മുകളിൽ 13.60.1 പ്രകാരം പെയിന്റിംഗ് നിർവ്വഹിച്ചത് ലാഭകരമല്ല. മേൽ വ്യത്യാസം മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ

പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു.

| 13.60.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, അനുവദിച്ച തുക(കരാർ തുക 160.52) | 14.53.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ (@100.27 എസ്റ്റിമേറ്റ് നിരക്കിൽ) | വ്യത്യാസം |
|---|---|---|
| 912.086 Sqm (1067.285−155.199) = 172902.52 | 912.086×100.27×1.18 = 107916.73 | 64985 |

മേൽ പട്ടിക പ്രകാരം പ്രവൃത്തിക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിച്ചു. പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 29/30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത പരിശോധിക്കാതെ പെയിന്റിംഗ് ഇനം തെരഞ്ഞെടുത്ത അപാകത മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തുകയായ 64,985/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-2 ഇന്റർലോക്ക് പുനരുപയോഗിച്ചില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 207, ശിശുമന്ദിരം റിപ്പയർ. |
| അടങ്കൽ | 417506 |
| ചെലവ് | 117500 വികസന ഫണ്ട് ജനറൽ<br>174585 മെയിന്റനൻസ് ഫണ്ട്-നോൺറോഡ്. |
| ബിൽ വിശദാംശം | 131/ 24-08-2023<br>142/ 14-09-2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശശി കുമാർ. ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ പേര് വിവരം | സൂരജ്.പി.ജി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ശിശു മന്ദിരം റിപ്പയർ (പ്രൊജക്ട് നമ്പർ, 215/24) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന

അപാകതകൾ ഉണ്ടായിട്ടുണ്ട്.

- എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ശിശുമന്ദിരത്തിന്റെ ഇന്റർലോക്ക് പതിച്ച മുറ്റം താഴ്ന്ന നിരപ്പിലായതിനാൽ ഉയർത്തുന്നതിനും മുറ്റം G.I ഷീറ്റിട്ട് സംരക്ഷിക്കുന്നതിനും, കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും, കിണറിന്റെ പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം OD109612/2022-2023 Engaging Labourers For Dismantling Interlocking Tiles From Yard Including All Charges Etc.Complete. എന്ന ഒബ്സർവ്വ്ഡ് ഡാറ്റ ഉണ്ടാക്കി മൂന്ന് പേരുടെ (Coolie -3 Day) മനുഷ്യശേഷി ഉപയോഗിച്ച് ശിശുമന്ദിരത്തിന്റെ മുറ്റത്തുള്ള ഇന്റർലോക്ക് ഇളക്കി മാറ്റിയിട്ടുണ്ട്. ആയത് 8.4 ച.മീ വിസ്തൃതിയിൽ പുനരുപയോഗിക്കുന്നതിന് OD 110332/2022-2023 നമ്പറായി എസ്റ്റിമേറ്റിൽ ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ (ഇന്റർലോക്ക്) ഉപയോഗിച്ച് പേവിംഗ് നടത്തുന്നതിന് ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ഇനം നിർവ്വഹിച്ചിട്ടില്ല. പകരം 48.525 ച.മീ വിസ്തൃതിയിൽ പുതിയ ഇന്റർലോക്കിംഗ് പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇളക്കി മാറ്റിയ ഇന്റർലോക്ക് പുനരുപയോഗിക്കാത്ത സാഹചര്യത്തിലും മെറ്റീരിയൽ സ്റ്റാക്ക് ചെയ്യുകയോ ഡിസ്പോസ് ചെയ്യുകയോ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും 30.10.2024 തിയ്യതിയിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ സൈറ്റ് പുന:പരിശോധന നടത്തിയതിൽ നിന്നും ഇളക്കിമാറ്റിയ ഇന്റർലോക്ക് കെട്ടിടത്തിന്റെ പുറക് വശത്ത് സ്റ്റാക്ക് ചെയ്തതായി ബോധ്യപ്പെടുകയും ആയതിൽ 75% ൽ അധികം പുനരുപയോഗയോഗ്യമാണെന്നത് പരിശോധനയിൽ വ്യക്തമാവുകയും ചെയ്തിട്ടുണ്ട്. ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.



മെറ്റീരിയൽ പുനരുപയോഗിക്കാതെ പുതിയത് പാകുന്നതിനുള്ള പ്രവൃത്തിയായി നിർവ്വഹിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ (ഇന്റർലോക്ക് പേവർ ബ്ലോക്ക് ) ഉപയോഗിച്ചുള്ള ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത 600/- രൂപ നിരക്കിൽ (എസ്റ്റിമേറ്റ് നിരക്ക്- 387.95) പ്രവൃത്തി നിർവ്വഹിച്ചാൽ പോലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടായ ചെലവിൽ 3,717/- രൂപയുടെ കുറവ് വരുത്താമായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 8.4 ച.മീ വിസ്തൃതിയിൽ പ്രവൃത്തി നിർവ്വഹിച്ച തിന് കരാറുകാരന് നൽകിയ | 8.4 ച.മീ വിസ്തൃതിയിൽ ഡിപാർട്മെന്റ് മെറ്റീരിയൽ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ കരാറുകാരന് | വ്യത്യാസം |
|---|---|---|
| | | |

| | | |
|---|---|---|
| തുക | നൽകേണ്ടിയിരുന്ന തുക | |
| 8.4x975x1.18= 9664.2 | 8.4x600x1.18= 5947.2 | 3717 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.30 തീയതി 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ച മാറ്റിയ ഇന്റർലോക്കുകളിൽ 75% പുനരുപയോഗ യോഗ്യമാണെന്നത് പരിഗണിക്കുമ്പോൾ ഏകദേശം 16,104/- രൂപയുടെ അധിക ചെലവുണ്ടായി എന്നത് വ്യക്തമാണ്.

മേൽ പട്ടിക പ്രകാരമുള്ള 3,717/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അധിക ചെലവ് തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്.

## 3-3 തെരുവ് വിളക്ക്/ മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ - ടെണ്ടറിൽ കൂട്ടിച്ചേർക്കൽ -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 255/24 (തെരുവ് വിളക്ക് , മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 4,00,000(വികസന ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 99,898 | 367/01.03.24 |
| 2,99,566 | 217/09.05.24 |

ഗ്രാമപഞ്ചായത്തിലെ 191 തെരുവ് വിളക്കുകളും (എൽ.ഇ.ഡി ബൾബുകൾ), 15 ലോമാസ്റ്റ് ലൈറ്റുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളത്. ആയത് പ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്തതിൽ സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ, പേരാമ്പ്ര, രാജ് എനർജി സൊല്യൂഷൻസ് , പയ്യോളി എന്നീ രണ്ടു സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രാജ് എനർജി സൊല്യൂഷൻസ് , പയ്യോളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തെരുവ് വിളക്ക് റിപ്പയർ | മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ |
|---|---|---|
| സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ , പേരാമ്പ്ര | 880 | 12,200+GST |
| രാജ് എനർജി സൊല്യൂഷൻസ്, പയ്യോളി | 830 | 12,000+GST |

ഫയൽ പരിശോധിച്ചതിൽ, രണ്ടു ടെണ്ടർ ഫോമുകളിലും ടെണ്ടറുകളിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ മഷിയിലും കൈയെഴുത്തിലും' GST Extra' എന്ന് പിന്നീട് എഴുതി ചേർത്തതായി കാണുന്നു. ടെണ്ടർ ഫോറം തുറക്കുന്ന ഉദ്യോഗസ്ഥൻ ടെണ്ടർ ഫോമിന്റെ അവസാന പേജ് തിയതിയോടു കൂടി സാക്ഷ്യപ്പെടുത്തേണ്ടതും ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് പ്രസ്തുത പേജിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുകയോ നിരക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | ഇനം | തുക | ജി.എസ്.ടി @18% | ആകെ |
|---|---|---|---|---|
| 12/27.02.24 | 102 Street Light @830/- | 84660 | 15238 | 99898 |
| 19/15.03.24 | 7 Led Minimast Light @12000/- | 84000 | 15120 | 99120 |
| 20/16.03.24 | 7 Led Minimast Light @12000/- | 84000 | 15120 | 99120 |
| 33/24.03.24 | 1 Led Minimast Light @12000/-<br>89 Street Light @830/- | 12000<br>73870 | 15456 | 101326 |
| | ആകെ | 338530 | 60934 | 399464 |

മേൽ സൂചിപ്പിച്ചത് പ്രകാരം GST Extra എന്ന് പിന്നീട് എഴുതി ചേർത്തത് വഴി 60,934/- രൂപ സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/23-24 തീയതി 30.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇനത്തിൽ 2023-24 വർഷം അധികം നൽകിയ 15,238/- രൂപയും 2024-25 വർഷം നൽകിയ 45,696/- രൂപയും ഉൾപ്പെടെ ആകെ അധികം നൽകിയ 60,934/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇതിൽ 2023-24 വർഷം അധികം നൽകിയ 15,238/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ തുക അനുവദിച്ച ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 വി.വി.ദക്ഷിണാമൂർത്തി ഹാൾ/കല്യാണ മണ്ഡപത്തിന്റെ നടത്തിപ്പും ഫീസ് പിരിവ് അവകാശവും ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വി.വി.ദക്ഷിണാമൂർത്തി ഹാൾ/കല്യാണ മണ്ഡപത്തിന്റെ 'നടത്തിപ്പും ഫീസ് പിരിവ് അവകാശവും' 2023-24 വർഷത്തേക്ക് ലേലം വിളിക്കുകയും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.പി.പി.രവീന്ദ്രൻ, പാർവ്വണം എന്നവർക്ക് ലേലത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വി.വി.ഡി ഹാൾ ലേലം നടത്തിയത് സംബന്ധിച്ചും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ചും ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) ലേല നിബന്ധന പ്രകാരവും ലേലക്കാരനുമായുണ്ടാക്കിയ കരാർ പ്രകാരവും ഹാളിന്റെ ഇലക്ട്രിസിറ്റി ബിൽ തുക അടക്കേണ്ടത് കരാറെടുത്ത ആളുടെ ഉത്തരവാദിത്തമാണ്. എന്നാൽ 06/2023 ലെ ഹാളിന്റെ ഇലക്ട്രിസിറ്റി ബിൽ തുകയായ 15,765/-രൂപ ഗ്രാമപഞ്ചായത്താണ് അടവാക്കിയിട്ടുള്ളത് (വൗച്ചർ നം-22300317 Dtd 17-06-2023). ഇത് ഹാൾ ലേലത്തിലെടുത്തവരിൽ നിന്നും ഓഡിറ്റ് കാലയളവ് വരെ ഈടാക്കിയിട്ടില്ല.

2) ലേല നിബന്ധന പ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ ലേല സംഖ്യയുടെ പകുതി തുക അപ്പോൾ തന്നെ അടക്കേണ്ടതും ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി അടയ്ക്കേണ്ടതുമാണ്(ആദ്യ ഗഡു ജൂൺ 30ന് മുൻപും രണ്ടാം ഗഡു ഒക്ടോബർ 31 ന് മുൻപും അടക്കേണ്ടതാണ്). ജി.എസ്.ടി ഒഴികെ 46,30,000/- രൂപയ്ക്കാണ് വി.വി.ഡി ഹാൾ ലേലത്തിലെടുത്തത്. എന്നാൽ ലേലം കൊണ്ട വ്യക്തിയുമായുണ്ടാക്കിയ

കരാർ പ്രകാരം, ലേല സംഖ്യയിലേക്ക് ഇതിനകം അടവാക്കിയതും കഴിച്ച് ബാക്കി തുക നികുതികൾ ഉൾപ്പെടെ രണ്ട് തുല്യ ഗഡുക്കളായി ആദ്യ ഗഡു 31-07-23 ന് മുൻപും രണ്ടാം ഗഡു 30-11-23 ന് മുൻപും അടവാക്കേണ്ടതാണ് എന്നും വീഴ്ച വരുത്തുന്ന പക്ഷം 2% നിരക്കിൽ പലിശ ഈടാക്കുന്നതാണ് എന്നും പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ നാല് ഗഡുക്കളായാണ് ലേലതുക ടിയാൻ അടവാക്കിയിരിക്കുന്നത്. മൂന്നാം ഗഡുവും നാലാം ഗഡുവും യഥാക്രമം 18/01/24 ലും 29-02-2024 ലും ആണ് ലേലം കൊണ്ടയാൾ അടവാക്കിയിരിക്കുന്നതെങ്കിലും കരാർ പ്രകാരമുള്ള 2% പിഴ പഞ്ചായത്ത് ഈടാക്കിയിട്ടില്ല.

3) കരാർ പ്രകാരം ഹാളിലെ പാത്രങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ, ഗ്രൈന്റർ മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ സാധന സാമഗ്രികളുടെയും ലിസ്റ്റ് തയ്യാറാക്കി രജിസ്റ്ററിൽ ചേർത്ത് പകർപ്പ് ഒന്നാം കക്ഷിക്ക് രണ്ടാം കക്ഷി 31-03-24 ന് കൈമാറേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഇപ്രകാരം കൈമാറിയ രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഹാളിലേക്ക് നാളിതുവരെ പഞ്ചായത്ത് വാങ്ങിയ സാധന സാമഗ്രികളുടെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലേല കാലാവധി അവസാനിച്ച 31-03-2024 ന് സാധന സാമഗ്രികൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങളും പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ തന്നെ ഹാൾ കൈമാറിയപ്പോൾ ഹാളിൽ ഉണ്ടായിരുന്ന മുഴുവൻ സാധനങ്ങളും തിരികെ ഏൽപ്പിച്ചിട്ടുണ്ടോ എന്നും നഷ്ടപ്പെട്ടവയുടെ വില ഈടാക്കിയിട്ടുണ്ടോ എന്നും ഉറപ്പാക്കാനായിട്ടില്ല.

4) ഹാളിലെ പരിപാടികൾക്ക് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ച് അംഗീകരിച്ച നിരക്കിൽ അധികരിച്ച ഫീസ് ഈടാക്കാൻ പാടില്ലാത്തതാണ് എന്ന് കരാറിൽ പറയുന്നു. എ.സി ആവശ്യാർത്ഥം ഡീസൽ തുക അല്ലെങ്കിൽ മണിക്കൂറിന് 25 ലിറ്റർ ഡീസൽ എന്ന നിരക്കിൽ ഡീസൽ കൈപ്പറ്റുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതാണ് എന്നും പറയുന്നു. എന്നാൽ അംഗീകരിച്ച നിരക്കുകൾ എത്ര എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കരാറെടുത്ത വ്യക്തി ഹാൾ വാടകയ്ക്ക് നൽകുന്ന നിരക്ക് എത്ര എന്നത് സംബന്ധിച്ച രേഖകളും ലഭ്യമല്ല. ഇതിനാൽ അംഗീകരിച്ച നിരക്കിലാണോ കരാറെടുത്ത വ്യക്തി ഹാൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ഓഡിറ്റോറിയത്തിലെ അജൈവ/ജൈവ മാലിന്യങ്ങൾ അതാത് സമയത്ത് നീക്കം ചെയ്ത് സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം സംസ്കരിക്കേണ്ട ചുമതല ലേലക്കാരനാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഹാളിലെ വേസ്റ്റ് ടാങ്ക് ക്ലീൻ ചെയ്ത വകയിൽ മെയ് 2023 ൽ 9500/- രൂപയും ജൂലൈ 2023 ൽ 25500/- രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

6) വി.വി.ദക്ഷിണാമൂർത്തി ടൗൺ ഹാൾ/കല്യാണ മണ്ഡപത്തിന്റെ കരട് ബൈലോ പഞ്ചായത്ത് 18-03-2020 ന് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവ് വരെ ഇതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/23-24 തീയതി-30-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല കരാറിന് വിരുദ്ധമായി പഞ്ചായത്ത് നൽകിയ ഇലക്ട്രിസിറ്റി ബിൽ തുകയായ 15,765/-രൂപ നിരാകരിക്കുന്നു. ഹാൾ ലേലത്തിലെടുത്ത ആളിൽ നിന്നും നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2023-24 | 23.10.2024, 30.10.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-പേരാമ്പ്ര | 2023-24 | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| | 2023-24 | 186700 | ഭിന്നശേഷി സ്കോളർഷിപ്പ് | 186700 | 0 |
| | 2023-24 | 50000 | അതിദരിദ്രർക്ക് വീട് നിർമ്മാണം | 50000 | 0 |
| | 2023-24 | 756093 | ലൈഫ് ഭവന പദ്ധതി എസ്.സി | 756093 | 0 |
| | 2023-24 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 | 0 |
| ആകെ | | 1392793 | | 1392793 | 0 |
| ജില്ലാ പഞ്ചായത്ത് കോഴിക്കോട് | 2023-24 | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| | 2023-24 | 100000 | ലൈഫ്- ജനറൽ | 100000 | 0 |
| | 2023-24 | 464758 | കലാസാംസ്കാരിക കേന്ദ്രം | 464758 | 0 |
| | 2023-24 | 99600 | മുട്ടഗ്രാമം | 99600 | 0 |
| | 2023-24 | 60000 | പോത്തുകുട്ടി വളർത്തൽ | 60000 | 0 |
| | 2023-24 | 90000 | അതി ദരിദ്രർക്ക് വീട് നിർമ്മാണം എസ്.സി | 90000 | 0 |
| | 2023-24 | 550000 | അതി ദരിദ്രർക്ക് വീട് നിർമ്മാണംലൈഫ്- | 550000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ | | |
| | 2023-24 | 159700 | ഭിന്നശേഷി സ്കോളർഷിപ്പ് | 159700 | 0 |
| | 2023-24 | 400000 | ലൈഫ് ഭവന പദ്ധതി എസ്.സി | 400000 | 0 |
| | 2023-24 | 77280 | കാലിത്തീറ്റ സബ്സിഡി | 77280 | 0 |
| ആകെ | | 2101338 | | 2101338 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ലിയൂ.ഡി ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്ക് കണക്ഷൻ | 59/ 22.06.2023 | 306900 | 0 | 306900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല -

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാർഷിക വിപണന കേന്ദ്രം നിർമ്മാണം | ജി.ഓ.(എം.എസ്) 2283/2015 തീ. 25-07-2015 | - | 16123077 | 3384077 | 1359793 | 12739000 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവനപദ്ധതി | ജി.ഒ. (എം.എസ്) 68/2018 തീ. 18-05-2018 | 4410000 (RP 31) | 22802374 | 2965085 | 0 | 24247289 |

കാർഷിക വിപണന കേന്ദ്രം നിർമ്മാണത്തിനായുള്ള ലോണിന്റെ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക വാർഷിക കണക്കിലും ലോൺ രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു. (ഖണ്ഡിക 1-22 കാണുക)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ<br>ഷെയർ നം-4888, തീ- 16-06-2001 | 10000 |
| ആകെ | 10000 |

പഞ്ചായത്തിൽ സ്ഥിര നിക്ഷേപ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല-

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | അവസ്ഥ |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകളിലെ മാലിന്യ കൂമ്പാരം | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി കൈമാറിയില്ല. | പരാമർശം നിലനിൽക്കുന്നു |
| | | | 5.1.5.13 | ആസ്തി സംരക്ഷണം കാര്യക്ഷമമല്ല | |
| | | 2013-14 | 5.1.5.17 | വെള്ളക്കരം കുടിശ്ശിക | പരാമർശം നിലനി |

| | | | | | |
|---|---|---|---|---|---|
| | | | | | ൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.7.13, 33 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).1.10 | ആശ്രയവീടിന് സ്ഥലം ആവശ്യമുള്ളവർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ)2.2 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).3.4 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(ബി) | ധനവിനിയോഗം സാധ്യമാകാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയ | അടവാക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | തീയതിയും | | തി) | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/സ്പെ. സെൽ സി. എസ്. സി/ ഡി2/2012 തിയതി. 21.02.2013 | 16392 | 6660 | 9732 | 9732 |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 9,52,53,805 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 6,98,74,051 |
| വരവിനത്തിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 99,705 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,21,216 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 64,985 | ശശികുമാർ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | --- | 3,717 | ശശികുമാർ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | --- | 15,238 | നിഷാന്ത്.ആർ, സെക്രട്ടറി |
| 3-4 | --- | 15,765 | ഷിജു.എൽ.എൻ സെക്രട്ടറി |
| ആകെ | - | 99,705 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 25,370 | നിഷാന്ത്.ആർ, സെക്രട്ടറി |
| 1-16 | 1,57,500 | നിഷാന്ത്.ആർ, സെക്രട്ടറി |
| 1-17 | 1,28,934 | രേഷ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 78,200 | ഡോ.ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ |
| 1-20 | 1,63,000 | ഡോ. വിജിത.സി, വെറ്ററിനറി സർജൻ |
| 1-28 | 2,68,212 | ശശികുമാർ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8,21,216 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിഷാന്ത്.ആർ, സെക്രട്ടറി | സെക്രട്ടറി, പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് | ഫ്ലോറിയേറ്റ്, കെ.കെ.വി.കെ.റോഡ്, കോവൂർ |

| | | |
|---|---|---|
| ഡോ. വിജിത.സി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പേരാമ്പ്ര | ആലോക്കൂട്ടത്തിൽ, പേരാമ്പ്ര, കോഴിക്കോട് |
| ശശികുമാർ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര | ഡാഫോഡിൽസ്, പെരുമാൾപുരം, തിക്കോടി പോസ്റ്റ്, കോഴിക്കോട് |
| രേഷ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പേരാമ്പ്ര | കണ്ണോത്ത്, കോട്ടൂർ പോസ്റ്റ്, നടുവണ്ണൂർ, കോഴിക്കോട് |
| ഡോ.ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പേരാമ്പ്ര | കോളോറത്ത്, മേപ്പയ്യൂർ |
| ഷിജു.എൽ.എൻ സെക്രട്ടറി | | പുതുക്കുടി, പനങ്ങാട് (പി.ഒ.) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2001-02 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(1), 05.02.2021 | 2 | 3-2, 3-5 |
| 2002-03 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(3) , 05.02.2021 | 8 | 2-2, 2-3, 3-1,3-2, 3-3, 3-5, 3-6, 3-8 |

| | | | |
|---|---|---|---|
| 2003-04 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(3), 05.02.2021 | 4 | 3-4, 3-5, 3-6, 3-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09 തീ. 05.01.2010 | 2 | 19, 21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11 തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി 7/2020/11 തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി5/1427/22 തീ. 10.04.2023 | 1 | 3-7 |
| 2009-10, | എൽ.എഫ്.കെ.കെ.ഡി. പി5/ 954/22 തീ. 10.04.2023 | 6 | 3-1, 3-2, 3-6, 3-10, 3-12, 3-13 |
| 2010-11 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1398/2022 തി.11.04.2023 | 12 | 3-1,3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-10,3-11,3-13, 3-15 |
| 2011-12 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1427/2022 തി.11.04.2023 | 8 | 2-2, 3-1, 3-3, 3-9, 3-10, (I, Ii)3-11 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി. പി5/1398/22 തീ. 11.04.2023 | 12 | 2-2,3-1,3-3,3-9, 3-10,(1,11), 3-11,1-7, 3-3, 3-5,3-6, 3-9, 3-11, 3-12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.5/1477/22 തീ.10.04.2023 | 2 | 3-2, 3-3 |
| 2015- 16 | കെ.എസ്.എ.കെ.കെ.ഡി.പി.5/1427/22 തീ. 10.04.23 | 6 | 2-6,3-2,3-3, 3-4,3-5,3-13 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1661/2022 , തീ 11.04.2023 | 4 | 3-2, 3-10, 3-16, 3-17 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/554/2022 തീ.11.04.2023 | 8 | 1-12(1,2,4),2-2, 2-6, 3-2, 3-10, 3-11 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/554/2022 തി.11.04.2023 | 24 | 1-11, 1-12,1-13, 1-15, 1-16, 1-17,1-21, 1-22, 1-23, 1-24,1-25,1-26, 1-27,1-28, 1-29,1-30, 1-32,1-33, 1-34,1-35, 1-36, 1-38, 1-39,1-41 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/357/2022 തി.04.03.2022 | 34 | 1-1 മുതൽ 1-34 വരെ |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/2090/2022 തി.15.05.2023 | 24 | 1-4(3,4,5,6,8,9), 1-5,1-6(3),1-7(2),1-8, 1-9,1-10, 1-12,1-14(2,3), 1-16, 1-17,1-20,1-24, 1-25,1-26,1-27, 1-28, 1-29, 1-30,1-31, 1-33 (1,4),1-32, 1-36,3-1 |

| | | | |
|---|---|---|---|
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/227/2023 തി. 19.07.2023 | 31 | 1-1, 1-2,1-8 മുതൽ 1-31 വരെ, 2-2,3-1, 3-2,3-3 , 4-11 |
| 2022-23 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1705/2023 തി.18.12.2023 | 43 | 1-1 മുതൽ1-32 വരെ, 4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 31-05-2024 and submitted on 22-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Perambra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Perambra Grama Panchayat as on 31-03-2024

Date: 28/11/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Perambra Grama Panchayat for the Year 2023-2024 .**

**1.Major Observations**

NIL

**2.Other Observations**

1.The following mandatory fincancial statements prescribed in accounting rules are not submitted 1) Basic Ratios 2) Note to Accounts

2.Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.
3.No time bound demand entries made in the ledger of Property Tax

4. Deposit received Closing balance figure differs in AFS and register.

5.Investment register not produced for verification
6.Cheque Deposited but not credited in the bank accounts
7.Cheques uncashed for more than 3 Months were not transferred to stale cheque account.
8.Grant liability amount shown as liability in balance sheet does not match with bank account opened for the CFC- grant account.

9.Expenditure not booked properly under concerned head.

10. E-Tender fee amount not credited in grama panchayath account

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്